
# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ




Vol. LXIX January 2019 No. 1





പാലാ സെന്റ് തോമസ് കോളേജ്
സ്പോർട്സ് കോംപ്ലക്സ്
ഓഡിറ്റോറിയത്തിൽ വച്ചുനടന്ന
പ്രസ്ബിത്തേരിയം



പാലാ രൂപതയിലെ എല്ലാകുടുംബങ്ങളിലേയ്ക്കുമുള്ള പാലാ ദൂതിന്റെ പ്രകാശന ചടങ്ങ്







"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**JANUARY 2019**
**Vol. LXIX No. 1**

# CONTENTS

മാർപാപ്പയുടെ സന്ദേശം ........................................ 3

സർക്കുലർ - 244 ................................................ 13

കളക്ഷൻ ലിസ്റ്റ് ................................................... 15

മിഷൻസൺഡേ കളക്ഷൻ ........................................ 21

അറിയിപ്പുകൾ ..................................................... 28

Prayer Day List ........................................... 30

വാർത്തകൾ.........................................................31

ആദരാഞ്ജലികൾ ..................................................71

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി........................... 76

Bishops' Engagements .................................. 84

Ref: 3166/K-5/KCBC/OL/DS
22.12.2018

# 52-ാം ലോകസമാധാനദിനാചരണം

## 1 ജനുവരി 2019

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

## നല്ല രാഷ്ട്രീയം സമാധാനസേവനത്തിനുള്ളത്

### 1. ഈ ഭവനത്തിനു സമാധാനം

ഈശോ തന്റെ ശിഷ്യന്മാരെ ദൗത്യവുമായി അയച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: “നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം. സമാധാനത്തിന്റെ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു തിരിച്ചുപോരും” (ലൂക്കാ 10:5).

ക്രിസ്തു ശിഷ്യന്മാരുടെ അതിപ്രധാനമായ ദൗത്യമാണ് സമാധാനം നല്കൽ. മനുഷ്യചരിത്രത്തെ അടയാളപ്പെടുത്തുന്ന ദുരന്തങ്ങൾക്കും അക്രമത്തിനുമിടയിൽ സമാധാനം കാംക്ഷിക്കുന്ന എല്ലാ മനുഷ്യർക്കുമാണ് ആ സമാധാനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്! യേശു പിറന്ന ‘വീട്’ നാനാത്വവും ചരിത്രവൈവിധ്യവുംപേറുന്ന ഓരോ കുടുംബവും സമൂഹവും രാജ്യവും ഭൂഖണ്ഡവുമാണ്. ഒന്നാമതായും സുപ്രധാനമായും അത് വ്യത്യാസമോ വേർതിരിവോ കൂടാതെ ഓരോ വ്യക്തിയുമാണ്. സംരക്ഷിക്കാനും പരിപോഷിപ്പിക്കാനുമായി ദൈവം നമ്മെ ഭരമേല്പിച്ചിട്ടുള്ള നമ്മുടെ ‘പൊതുഭവനമായ ലോകം കൂടിയാണത്.

അതിനാൽ പുതുവത്സരാരംഭത്തിൽ എന്റെ ആശംസ ഇതാണ്: “ഈ വീടിന് സമാധാനം!”

### 2. നല്ല രാഷ്ട്രീയം നേരിടുന്ന വെല്ലുവിളി

ചാൾസ് പെഗ്വി എന്ന കവി വർണിച്ച പ്രത്യാശപോലെയാണ് സമാധാനം.[2] അക്രമത്തിന്റെ കല്ലുനിറഞ്ഞ ഭൂമിയിൽ

വിടരാൻ കഷ്ടപ്പെടുന്ന മൃദുലമായ പുഷ്പം പോലെയാണ ത്. അധികാരത്തിനുവേണ്ടിയുള്ള ദാഹം ദുരുപയോഗത്തി ലേക്കും അനീതിയിലേക്കും നയിക്കുന്നു. രാഷ്ട്രീയമെന്നത് മനുഷ്യസമൂഹത്തെയും സ്ഥാപനങ്ങളെയും പണിതുയർത്താനുള്ള അടിസ്ഥാനപരമായ മാർഗമാണ്. എന്നാൽ മുഴുവൻ സമൂഹത്തിനുവേണ്ടിയുള്ള സേവനത്തിന്റെ ഒരു രൂപമായി രാഷ്ട്രീയത്തെ കാണാതിരിക്കുമ്പോൾ അത് മർദ്ദനത്തിന്റെയും പാർശ്വവത്കരണത്തിന്റെയും നശിപ്പിക്കലിന്റെയും ഒരു മാർഗമായിത്തീരാം.

യേശു നമ്മോട് ഇങ്ങനെ പറയുന്നു: "ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനും ആകണം" (മർക്കോ 9:35). പോൾ ആറാമൻ മാർപാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ "രാഷ്ട്രീയത്തെ അതിന്റെ എല്ലാതലങ്ങളിലും – പ്രാദേശികമായും, ദേശീയമായും, ലോകവ്യാപകമായും – ഗൗരവത്തോടെ പരിഗണിക്കുക എന്നത് ഓരോ വ്യക്തിക്കുമുള്ള ഒരു കടമ ഉറപ്പിച്ചു പറയുകയെന്നതാണ്. നഗരത്തിനും ദേശത്തിനും മുഴുവൻ മനുഷ്യവംശത്തിനുമുള്ള നന്മയ്ക്കായി ഒരേ സമയം പ്രവർത്തിക്കുവാൻ നല്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ യാഥാർത്ഥ്യവും മൂല്യവും അംഗീകരിക്കുക എന്നതാണ് ആ കടമ."[3] തന്റെ രാജ്യത്ത് ജീവിക്കുന്നവരെ സംരക്ഷിക്കാനും അവർക്ക് യോഗ്യവും നീതിപൂർവകവുമായ ഭാവിക്കുള്ള അന്തരീക്ഷം സൃഷ്ടിക്കാനും എല്ലാ പരിശ്രമവും ചെയ്യുക എന്ന വെല്ലുവിളിയാണ് രാഷ്ട്രീയ ധർമവും രാഷ്ട്രീയ ഉത്തരവാദിത്വവും ഒരു രാഷ്ട്രീയക്കാരന് നിരന്തരം വച്ചു നീട്ടുന്നത്. ജീവനോടും വ്യക്തികളുടെ സ്വാതന്ത്ര്യത്തോടും മഹത്ത്വത്തോടുമുള്ള മൗലികമായ ആദരവോടെ പ്രവർത്തിച്ചാൽ രാഷ്ട്രീയ ജീവിതം യഥാർത്ഥത്തിൽ പരസ്നേഹത്തിന്റെ ശ്രദ്ധേയമായ ഒരു രൂപമായി മാറും.

**3. പരസ്നേഹവും മാനുഷിക സദ്ഗുണങ്ങളും: രാഷ്ട്രീയത്തിന്റെ അടിസ്ഥാനം.**

ബെനഡിക്ട് പതിനാറാമൻ പാപ്പ എഴുതി: തന്റെ വിളിയനുസരിച്ചും നാട്ടിൽ ('പോളീസ്') തനിക്കുള്ള സ്വാധീനത്തിന്റെ തോതനുസരിച്ചും പരസ്നേഹം ആചരിക്കാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു... പരസ്നേഹത്താൽ സജീവമാക്കപ്പെടുമ്പോൾ പൊതുനന്മയ്ക്കുവേണ്ടിയുള്ള സമർപ്പണത്തിന് സെക്കുലറും രാഷ്ട്രീയവുമായ നിലപാടിനെക്കാൾ കൂടുതൽ മൂല്യമുണ്ടാകും. മനുഷ്യന്റെ ഭൗമികമായ പ്രവർത്തനം പരസ്നേഹത്താൽ പ്രചോദിതവും നിലനില്ക്കുന്നതുമാകുമ്പോൾ സാർവത്രികമായ ദൈവിക നഗരത്തിന്റെ നിർമാണത്തിന് അത് സഹായകമാകും. മനുഷ്യകുടംബത്തിന്റെ ചരിത്രത്തിനുള്ള ലക്ഷ്യം അതാണല്ലോ."[4] മനുഷ്യകുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ശരിയായ എല്ലാ രാഷ്ട്രീയ പ്രവർത്തനത്തെയും നിലനിറുത്തുന്ന നീതി, സമത്വം, പരസ്പരബഹുമാനം, ആത്മാർത്ഥത, സത്യസന്ധത, വിശ്വസ്തത എന്നീ മാനുഷികഗുണങ്ങൾ അഭ്യസിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എല്ലാ രാഷ്ട്രീയ പ്രവർത്തകർക്കും അവർ ഏതുസംസ്കാരവും മതവും ഉള്ളവരായാലും അംഗീകരിക്കാൻ കഴിയുന്ന ഒരു പ്രോഗ്രാമാണിത്.

ഇതിനെ സംബന്ധിച്ചിടത്തോളം വിയറ്റ്നാമിലെ കർദ്ദിനാളായ ഫ്രാൻസ്വാ സേവ്യർ നുഗൂയൻ വാൻ ത്വാൻ നിർദ്ദേശിച്ച 'രാഷ്ട്രീയ പ്രവർത്തകന്റെ സൗഭാഗ്യങ്ങൾ' ഓർമിക്കുന്നത് സഹായകരമായിരിക്കും. 2002-ൽ അന്തരിച്ച വിശ്വസ്തനായ സുവിശേഷസാക്ഷിയാണദ്ദേഹം. അദ്ദേഹത്തിന്റെ നിർദേശങ്ങൾ ഇങ്ങനെയാണ്:

- ✦ തന്റെ ധർമ്മത്തെപ്പറ്റി ഉന്നതമായ ബോധവും അഗാധമായ ധാരണയുമുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!

- വ്യക്തിപരമായി വിശ്വസ്തതയ്ക്ക് മാതൃകയായിരിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- സ്വന്തം താത്പര്യത്തിനല്ലാതെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- സ്ഥിരതയുള്ള രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- ഐക്യത്തിനുവേണ്ടി അധ്വാനിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- മൗലികമായ പരിവർത്തനം പൂർത്തിയാക്കാൻ അധ്വാനിക്കുന്ന രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- മറ്റുള്ളവരെ കേൾക്കാൻ കഴിവുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- ഭയമില്ലാത്ത രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ![5]

ഓരോ തിരഞ്ഞെടുപ്പും വീണ്ടും തിരഞ്ഞെടുപ്പും പൊതുജീവിതത്തിന്റെ ഓരോ ഘട്ടവും നീതിയെയും നിയമത്തെയും പ്രചോദിപ്പിക്കുന്ന ആദർശത്തിന്റെ പ്രാഗരൂപത്തിലേക്ക് തിരിച്ചുപോകാനുള്ള സന്ദർഭമാണ്. ഒരുകാര്യം തീർച്ചയാണ്: നല്ല രാഷ്ട്രീയം സമാധാനത്തിന്റെ സേവനത്തിലാണ്. അത് മൗലികമായ മനുഷ്യാവകാശങ്ങളെ ആദരിക്കുകയും വളർത്തുകയും ചെയ്യും. അതേസമയം, വർത്തമാന-ഭാവി തലമുറകൾക്കിടയിൽ ഉണ്ടാകേണ്ട വിശ്വാസത്തിന്റെയും കൃതജ്ഞതയുടെയും ഒരു ബന്ധം സാധ്യമാക്കുന്ന പരസ്പര കടമകളും കൂടിയാണവ.

### 4. രാഷ്ട്രീയമായ ദുർഗുണങ്ങൾ

രാഷ്ട്രീയത്തിന് സദ്ഗുണങ്ങളോടൊപ്പം ദുർഗുണങ്ങളും ഉണ്ടെന്ന് ദുഃഖപൂർവം പറയേണ്ടിയിരിക്കുന്നു. ദുർഗു

ണങ്ങൾ ഉണ്ടാകുന്നത് വ്യക്തിപരമായ കഴിവുകുറവുകൊണ്ടോ, വ്യവസ്ഥിതിയുടെയും അതിന്റെ സ്ഥാപനങ്ങളുടെയും വീഴ്ചകൾകൊണ്ടോ ആണ്. ഈ ദുർഗുണങ്ങൾ മുഴുവൻ രാഷ്ട്രീയജീവിതത്തിന്റെയും വിശ്വാസ്യതയെ തകർക്കുന്നു. അതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ തീരുമാനങ്ങളെയും പ്രവർത്തനങ്ങളെയും ദുഷിപ്പിക്കുന്നു. യഥാർത്ഥ ജനാധിപത്യത്തിന്റെ ആദർശത്തെ ഈ ദുർഗുണങ്ങൾ നശിപ്പിക്കുന്നു; പൊതുജീവിതത്തെ ദ്രോഹിക്കുന്നു; സാമൂഹികമായ ഐക്യത്തെ ഭീഷണിപ്പെടുത്തുന്നു. വിവിധ രൂപങ്ങളിലുള്ള അഴിമതിയെപ്പറ്റി നാം ഇവിടെ ചിന്തിക്കുന്നു: പൊതുവസ്തുക്കളുടെ കൈയടക്കൽ, വ്യക്തി ചൂഷണം, അവകാശ ലംഘനം, സമൂഹനിയമങ്ങളെ തകർക്കൽ, സത്യസന്ധതയില്ലാതെ ഉണ്ടാക്കുന്ന ലാഭം, ബലപ്രയോഗംകൊണ്ടോ ദേശീയതാത്പര്യം എന്ന പേരിലോ അധികാരത്തെ നീതീകരിക്കൽ, അധികാരം വിട്ടുകൊടുക്കാൻ വിസമ്മതിക്കൽ. ഇവയോട് വിദേശീഭയം,, വർഗീയവാദം, പരിസ്ഥിതി പരിഗണിക്കാതിരിക്കൽ, പെട്ടെന്ന് ലാഭം ഉണ്ടാക്കാൻവേണ്ടി പ്രകൃതി വിഭവങ്ങളെ കൊള്ളയടിക്കൽ, വിപ്രവാസത്തിന് നിർബന്ധിക്കപ്പെട്ടവരോടുള്ള അവജ്ഞ എന്നിവ കൂടി കൂട്ടിച്ചേർക്കണം.

**5. നല്ല രാഷ്ട്രീയം യുവജനപങ്കാളിത്തവും അപരരിലുള്ള വിശ്വാസവും വളർത്തുന്നു.**

രാഷ്ട്രീയ അധികാരം സവിശേഷാനുകൂല്യമുള്ള ചില വ്യക്തികളുടെ താത്പര്യങ്ങളെ മാത്രം സംരക്ഷിക്കാൻ ഉപയോഗിക്കുമ്പോൾ ഭാവി ഇരുളടയുന്നു. യുവജനങ്ങൾക്ക് ആത്മവിശ്വാസം ഇല്ലാതാകുന്നു. കാരണം, സമൂഹത്തിന്റെ അരികുകളിലാക്കപ്പെട്ടിരിക്കുന്നതിനാൽ ഭാവിയെ പടുത്തുയർത്താൻ സഹായിക്കാനുള്ള സാധ്യത അവർക്ക് അന്യമാകുന്നു. രാഷ്ട്രീയം യുവജനത്തിന്റെ കഴിവുകളെയും ആഗ്രഹങ്ങളെയും ശരിയായി സംരക്ഷിക്കുമ്പോൾ അവരുടെ വീക്ഷണത്തിലും അവരുടെ മുഖങ്ങളിലും സമാധാനം വളരുന്നു.

'നിന്നെ ഞാൻ വിശ്വാസത്തിലെടുക്കുന്നു, പൊതുനന്മയ്ക്കുവേണ്ടി നമുക്കേവർക്കും ഒന്നിച്ച് അധ്വാനിക്കാമെന്ന് നിന്നോടൊപ്പം ഞാനും വിശ്വസിക്കുന്നു' എന്ന ഒരു ഉറപ്പുനല്കലായി അതു പരിണമിക്കുന്നു. ഓരോ വ്യക്തിയുടെയും ദാനങ്ങളെയും കഴിവുകളെയും അംഗീകരിക്കുമ്പോൾ രാഷ്ട്രീയ പ്രവർത്തനം സമാധാനത്തിന്റെ സേവനത്തിലാകും. "നീട്ടിയ കരത്തെക്കാൾ മനോഹരമായി എന്താണുള്ളത്? നല്കാനും സ്വീകരിക്കാനും വേണ്ടി ദൈവം ഉദ്ദേശിച്ചിട്ടുള്ളതാണത്. അതു കൊല്ലുന്നതോ പീഡിപ്പിക്കുന്നതോ ദൈവം ആഗ്രഹിക്കുന്നില്ല. (cf ഉത്പ 4:1 ff) മറിച്ച്, അത് ജീവിതത്തിൽ സംരക്ഷണവും സഹായവും നല്കണമെന്നാണ് അവിടന്ന് ഉദ്ദേശിക്കുന്നത്. നമ്മുടെ ഹൃദയത്തോടും ബുദ്ധിശക്തിയോടുമൊപ്പം നമ്മുടെ കരങ്ങൾക്കും സംവാദത്തിനുള്ള മാർഗ്ഗമാകാൻ കഴിയും."[6]

പൊതുഭവനം പണിയുന്നതിന് തന്റെ വക കല്ലു ദാനം ചെയ്യാൻ ഓരോ വ്യക്തിക്കും കഴിയും. നിയമത്തിലും വ്യക്തികൾ തമ്മിലുള്ള സുതാര്യവും ശരിയായതുമായ ബന്ധങ്ങളിലും അടിയുറച്ച സംശുദ്ധമായ രാഷ്ട്രീയ ജീവിതം എപ്പോഴും നവീകരണത്തിന് വിധേയമായിരിക്കും. ഓരോ സ്ത്രീയും പുരുഷനും തലമുറയും ബന്ധസംബന്ധവും ബുദ്ധിപരവും സാംസ്കാരികവും ആധ്യാത്മികവുമായ പുത്തൻ ഊർജ്ജങ്ങൾ ഉൾക്കൊള്ളുന്നെന്ന് നമുക്ക് ബോധ്യപ്പെടുമ്പോളാണ് അത് സംഭവിക്കുന്നത്. ഇത്തരം ഒരു വിശ്വസ്തത നേടുക അത്ര എളുപ്പമല്ല. മാനുഷികബന്ധങ്ങൾ സങ്കീർണമാണ്, പ്രത്യേകിച്ച് നമ്മുടെ കാലഘട്ടത്തിൽ. മറ്റുള്ളവരോട് അല്ലെങ്കിൽ അപരിചിതരോട് ഉള്ള ഭയത്തിൽ സ്വന്തം സുരക്ഷിതത്വത്തെപ്പറ്റിയുള്ള ഉത്കണ്ഠയിൽ വേരുറച്ച വിശ്വാസമില്ലായ്മയുടെ കാലഘട്ടമാണിത്. ആഗോളവ്യാപകമായ സാഹോദര്യത്തെ ചോദ്യം ചെയ്യുന്ന ദേശീയതാവാദത്തിന്റെ രൂപങ്ങളിലും മനോഭാവങ്ങളിലും തള്ളിക്കളയലിന്റെ രാഷ്ട്രീയ തലത്തിൽ അതു കാണുന്നു എന്നത് സങ്കടകരമാണ്. ആഗോള വ്യാപകമായ

സാഹോദര്യം ഇന്ന് വളരെ അത്യാവശ്യമാണ്. നമ്മുടെ സമൂഹങ്ങൾക്ക് ഇന്ന് എന്നത്തെക്കാളുപരിയായി "സമാധാനശില്പികളെ" ആവശ്യമുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ നന്മയും സന്തോഷവും ആഗ്രഹിക്കുന്ന ദൈവപിതാവിന്റെ സന്ദേശവാഹകരും യഥാർത്ഥ സാക്ഷികളുമാണവർ.

**6. യുദ്ധവും ഭയപ്പെടുത്തൽ തന്ത്രവും പാടില്ല**

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചിട്ട് 100 വർഷം കഴിഞ്ഞു. ആ യുദ്ധങ്ങളിൽ കൊല്ലപ്പെട്ട യുവജനങ്ങളെയും വിഭക്തമായ സമൂഹങ്ങളെയും നാം ഓർക്കുമ്പോൾ സഹോദരങ്ങളെ കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നമ്മെ പഠിപ്പിക്കുന്ന ഭീകരമായ പാഠമാണ് നമുക്ക് ലഭിക്കുന്നത്. അധികാരവും ഭയവും തമ്മിലുള്ള സന്തുലിതാവസ്ഥയായിട്ടു മാത്രം സമാധാനത്തെ കരുതാൻ പാടില്ല. മറ്റുള്ളവരെ ഭീഷണിപ്പെടുത്തുകയെന്നത് അവരെ വസ്തുക്കളായി കരുതുകയും അവരുടെ മഹത്വം നിഷേധിക്കുകയും ചെയ്യുന്നതിന് തുല്യമാണ്. അതുകൊണ്ടാണ് ഭയപ്പെടുത്തലും അനിയന്ത്രിതമായ യുദ്ധോപകരണ ശേഖരണവും ധാർമ്മികതയ്ക്കും സമാധാനത്തിനുള്ള അന്വേഷണത്തിനും എതിരാണെന്ന് നാം ഒരിക്കൽ കൂടി പറയുന്നത്. ഏറ്റവും ദുർബലരായവരെ ഭീഷണിപ്പെടുത്തൽ, മുഴുവൻ ജനതകളുടെയും നാടുവിടലിന് കാരണമായിത്തീരും. അവർ സമാധാനമുള്ള സ്ഥാനം അന്വേഷിക്കും. എല്ലാ കുറ്റവും കുടിയേറ്റക്കാരുടെ മേൽ ആരോപിക്കുന്നതും ദരിദ്രർക്ക് പ്രത്യാശ ഇല്ലാതാക്കുന്നതുമായ രാഷ്ട്രീയപ്രഭാഷണങ്ങൾ ശരിയല്ല. മറിച്ച്, ഓരോ വ്യക്തിയോടുമുള്ള - അവരുടെ പശ്ചാത്തലം ഏതായാലും - ആദരത്തിലും നിയമത്തോടും പൊതുനന്മയോടുമുള്ള ആദരത്തിലും നമ്മുടെ സംരക്ഷണത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന പരിസ്ഥിതിയോടും മുൻതലമുറകളിൽ നിന്ന് കൈമാറിക്കിട്ടിയിട്ടുള്ള ധാർമിക പാരമ്പര്യ സമ്പന്നതയോടുമുള്ള ആദരത്തിലുമാണ് സമാധാനം സ്ഥാപിതമായിരിക്കുന്നതെന്ന് ഊന്നിപ്പറയേണ്ട ആവശ്യം ഇന്നുണ്ട്.

സംഘർഷ പ്രദേശങ്ങളിൽ ജീവിക്കുന്ന കുട്ടികളെയും ജീവൻ സംരക്ഷിക്കാനും അവകാശങ്ങൾ സംരക്ഷിക്കാനും വേണ്ടി അധ്വാനിക്കുന്നവരെയും ഞാൻ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ ലോകത്തിൽ ആറ് കുട്ടികളിലൊരാൾ വീതം യുദ്ധത്തിന്റെ അക്രമത്തിനും അതിന്റെ അനന്തരഫലങ്ങൾക്കും ഇരയായിരിക്കുന്നു. അവരെ പട്ടാളക്കാരായി ചേർത്തിട്ടില്ലെങ്കിലും പട്ടാളക്കാർ തടങ്കലിലാക്കിയിട്ടില്ലെങ്കിലും ഇതുതന്നെയാണ് അവസ്ഥ! അവരെയും അവരുടെ മഹത്ത്വത്തെയും പരിരക്ഷിക്കാൻ അധ്വാനിക്കുന്നവർ നല്കുന്ന സാക്ഷ്യം മനുഷ്യവംശത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം അമൂല്യമായിരിക്കും.

**7. മഹത്തായ ഒരു സമാധാന പദ്ധതി**

മനുഷ്യാവകാശത്തിന്റെ സാർവ്വത്രിക പ്രഖ്യാപനത്തിന്റെ എഴുപതാം വാർഷികം നാം ഈ ദിവസങ്ങളിൽ ആഘോഷിക്കുന്നു. രണ്ടാം ലോക മഹായുദ്ധാനന്തരമാണത് സംഭവിച്ചത്. ഈ സാഹചര്യത്തിൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായുടെ നിരീക്ഷണം നമുക്ക് ഓർമ്മിക്കാം: "സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ ബോധം സ്വന്തം കടമകളുടെ നവീകരണത്തിലേക്ക് അവനെ നയിക്കാതിരിക്കരുത്. അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നത് ആ അവകാശങ്ങളെ നിറവേറ്റുകയെന്ന കടമകൂടി ഉൾക്കൊള്ളുന്നുണ്ട്. എന്തെന്നാൽ അവ മനുഷ്യന്റെ വ്യക്തിപരമായ മഹത്വത്തിന്റേതാണ്. അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നതിൽ മറ്റുള്ളവർ അവ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുക എന്നത് ഉൾക്കൊള്ളുന്നുണ്ട്."[7]

ഫലത്തിൽ മനുഷ്യരുടെ പരസ്പര ഉത്തരവാദിത്വത്തിലും പരസ്പര ആശ്രയത്തിലും അധിഷ്ഠിതമായ മഹത്തായ രാഷ്ട്രീയ പദ്ധതിയുടെ ഫലമാണ് സമാധാനം. എന്നാൽ അതൊരു വെല്ലുവിളി കൂടിയാണ്. അതാകട്ടെ എന്നും പുതുതായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതിനു ഹൃദയത്തി

ന്റെയും ആത്മാവിന്റെയും മാനസാന്തരം ആവശ്യമാണ്. അത് ഒരേ സമയം ആന്തരികവും ബാഹ്യവുമാണ്. അതിന് വേർതിരിക്കാനാവാത്ത മൂന്നു വശങ്ങളുണ്ട്:

– മയമില്ലായ്മയെയും കോപത്തെയും ക്ഷമയില്ലായ്മയെയും തള്ളിക്കളഞ്ഞുകൊണ്ട് തന്നോടുതന്നെ സമാധാനത്തിലായിരിക്കൽ. വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ വാക്കുകളിൽ പറഞ്ഞാൽ "മറ്റുള്ളവർക്കു അല്പം മാധുര്യം നല്കുന്നതിന്" തന്നോടുതന്നെ "അല്പം മാധുര്യമുള്ളവനായിരിക്കുക"

– മറ്റുള്ളവരുമായി, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, അപരിചിതർ, ദരിദ്രരും പീഡിതരുമായവർ എന്നിവരുമായി, സമാധാനത്തിൽ കഴിയുക. അവരെ കണ്ടുമുട്ടുന്നതിൽ ഭയപ്പെടാതെയും അവർക്കു പറയാനുള്ളതു ശ്രവിച്ചും അങ്ങനെ ചെയ്യുക.

– എല്ലാ സൃഷ്ടികളുമായി സമാധാനത്തിൽ കഴിയുക. ദൈവികദാനത്തിന്റെ മഹത്ത്വം വീണ്ടും കണ്ടെത്തണം. ഈ ലോകത്തിലെ നിവാസികളും പൗരന്മാരും ഭാവിയുടെ നിർമ്മാതാക്കളുമെന്ന നിലയിൽ നമുക്കുള്ള വ്യക്തിപരവും പങ്കുവയ്ക്കപ്പെടുന്നതുമായ ഉത്തരവാദിത്വത്തെ വീണ്ടും കണ്ടെത്തണം.

മനുഷ്യനു മുറിവുണ്ടാക്കാവുന്ന ഓരോ സാഹചര്യത്തെയും കുറിച്ച് അവബോധമുള്ളതും ആഴത്തിൽ ആകുലതയുള്ളതുമായ സമാധാനത്തിന്റെ രാഷ്ട്രീയത്തിന് എപ്പോഴും പ്രചോദനം സ്വീകരിക്കാവുന്നത് മറിയത്തിന്റെ സ്തോത്രഗീതത്തിൽ നിന്നാണ്.. നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ അമ്മയുടെ, സമാധാനത്തിന്റെ രാജ്ഞിയുടെ കീർത്തനമാണത്. അത് മുഴുവൻ മനുഷ്യവംശത്തിന്റെയും നാമത്തിൽ ആലപിക്കപ്പെട്ടതാണ്. "അവിടത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജം

കൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവികാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽനിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി... നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചു തന്നെ" (ലൂക്ക 1: 50-55).

വത്തിക്കാനിൽ നിന്ന് 8 ഡിസംബർ 2018

**ഫ്രാൻസിസ് മാർപാപ്പ**

**Footnotes**

[1] Cf. Lk 2:14: "Glory to God in the highest, and on earth peace among men with whom he is pleased".

[2] Cf. Le Porche du mystère de la deuxième vertu, Paris, 1986.

[3] Apostolic Letter Octogesima Adveniens (14 May 1971), 46.

[4] Encyclical Letter Caritas in Veritate (29 June 2009), 7.

[5] Cf. Address at the "Civitas" Exhibition-Convention in Padua: "30 Giorni", no. 5, 2002.

[6] BENEDICT XVI, Address to the Authorities of Benin, Cotonou, 19 November 2011.

[7] Encyclical Letter Pacem in Terris (11 April 1963), ed. Carlen, 24.

സർക്കുലർ 244

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരങ്ങളേ

സൗഭാഗ്യപൂർണ്ണമായ കുടുംബം ഭൂമിയിലെ സ്വർഗ്ഗമാണ്. അത് സഭയുടെ സ്വപ്നവും ദൗത്യവുമാണ്. പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ പുതിയ തലമുറയെ ഒരുക്കേണ്ടത് നമ്മുടെ കടമയാണ്. വി. മദർതെരേസ ഒരിക്കൽ പറഞ്ഞു: "ഇന്നത്തെ ഏറ്റവും മാരകമായ രോഗം ക്യാൻസറോ ക്ഷയമോ എയ്ഡ്സോ അല്ല, എന്നെ ആർക്കും ആവശ്യമില്ലെന്നും എന്നെ ആരും നോക്കുന്നില്ലെന്നും ഞാൻ ഉപേക്ഷിക്കപ്പെട്ടവനുമാണെന്ന തോന്നലാണ്". നമ്മുടെ സമൂഹത്തിന്റെ നിലനിൽപിനും സുരക്ഷിതത്വത്തിനും സംതൃപ്തിക്കും, സ്രഷ്ടാവിലേക്കു തിരിക്കുന്നതിനും കുടുംബങ്ങളെയും വ്യക്തികളെയും ശക്തിപ്പെടുത്തുന്നതിനുമായി പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ കൗൺസിലിങ് കോഴ്സുകൾ ആരംഭിക്കുകയാണ്. **Calicut University** യുടെ **Christian Chair** - മായി അഫിലിയേറ്റ് ചെയ്താണ് കോഴ്സുകൾ നടത്തുന്നത്. രണ്ടു കോഴ്സുകളാണ് വാരാന്ത്യങ്ങളിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്.

**1. Diploma in Counselling**

**2. Certificate in Counselling**

ഡിപ്ലോമ കോഴ്സിന്റെ ദൈർഘ്യം ഒന്നരവർഷവും സർട്ടിഫിക്കറ്റ് കോഴ്സിന്റെ ദൈർഘ്യം ഒരു വർഷവുമായിരിക്കും. ഡിപ്ലോമ കോഴ്സിന്റെ അടിസ്ഥാന യോഗ്യത Degree യും സർട്ടിഫിക്കറ്റ് കോഴ്സിന് S.S.L.C ആയിരിക്കും. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പോസ്തലേറ്റ് ഓഫീസുമായി നേരിട്ടു ബന്ധപ്പെടുകയോ **04822 210049, 8547150049** എന്ന നമ്പരിൽ വിളിക്കുകയോ ചെയ്യുക.

നമ്മുടെ രൂപതയിലെ കുടുംബ അജപാലന പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഫാമിലി അപ്പോസ്തലേറ്റിന്റെ ഈ പുതിയ ശുശ്രൂഷയായ കൗൺസിലിങ് കോഴ്സിന്റെ വിജയത്തിനായി വിശ്വാസികളേവരുടെയും പ്രാർത്ഥനയും സഹകരണവും താല്പര്യപ്പെടുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 29. 12. 2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ 2019 ജനുവരി 6–ാംതീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും കുർബാന മധ്യേ വായിക്കേണ്ടതാണ്.

# ഇൻഫാം

## പാലാ രൂപത കർഷകദിനാചരണവും അവകാശപ്രഖ്യാപന കൺവൻഷനും

സമയം : **2019 ജനുവരി 15, ചൊവ്വാഴ്ച 2.30 pm ന്**

സ്ഥലം : **മാനത്തൂർ സെന്റ് മേരീസ് പാരിഷ് ഹാൾ**

*പങ്കെടുക്കുക...*

*കർഷകരെ പങ്കെടുപ്പിക്കുക... വിജയിപ്പിക്കുക...*

*അവകാശങ്ങൾക്കായ് അണിചേരുക...*

## GRAND TOTAL AND PERCAPITA OF THE COLLECTIONS IN THE YEAR 2018

| PARISH | Total Population | Total Collection | Per Capita |
|---|---|---|---|
| ADIVARAM | 860 | 25894 | 30.11 |
| ADUKKAM | 850 | 30910 | 36.36 |
| AIMCOMBU | 991 | 24700 | 24.92 |
| ALPHONSAGIRI | 511 | 20930 | 40.96 |
| ALPHONSAPURAM | 1140 | 17000 | 14.91 |
| AMPARANIRAPPEL | 1746 | 23255 | 13.32 |
| ANTHIALAM | 1070 | 73782 | 68.96 |
| ANTHINADU | 2000 | 64762 | 32.38 |
| ARAKULAM NEW | 2050 | 63436 | 30.94 |
| ARAKULAM OLD | 1330 | 26000 | 19.55 |
| ARUNAPURAM | 1375 | 53000 | 38.55 |
| ARUNOOTTIMANGALAM | 2259 | 79785 | 35.32 |
| ARUVITHURA FORANE | 7698 | 526158 | 68.35 |
| AYYAMPARA | 695 | 22495 | 32.37 |
| BHARANANGANAM FORANE | 5200 | 518300 | 99.67 |
| CHAKKAMPUZHA | 1654 | 48563 | 29.36 |
| CHEMMALAMATTAM | 4008 | 177247 | 44.22 |
| CHEMPILAVU | 1094 | 17450 | 15.95 |
| CHENNAD | 1420 | 48990 | 34.50 |
| CHERPUMKAL FORANE | 4890 | 553670 | 113.22 |
| CHETTUTHODU | 800 | 48414 | 60.52 |
| CHITTAR | 1198 | 34470 | 28.77 |
| CHOLATHADAM | 501 | 10099 | 20.16 |
| CHOONDACHERY | 546 | 19950 | 36.54 |
| EDADU | 306 | 3200 | 10.46 |
| EDAMARUKU | 1420 | 33000 | 23.24 |
| EDAPPADY | 1050 | 38045 | 36.23 |

| | | | |
|---|---|---|---|
| ELAMTHOTTAM | 1371 | 72100 | 52.59 |
| ELANJI FORANE | 4930 | 110202 | 22.35 |
| ELAPPALLY | 316 | 16999 | 53.79 |
| EZHACHERRY | 1100 | 34670 | 31.52 |
| FATHIMAPURAM | 1267 | 59800 | 47.20 |
| GAGULTHA | 940 | 22648 | 24.09 |
| GEOVALLY | 1395 | 48978 | 35.11 |
| IDAMATTAM | 1740 | 58788 | 33.79 |
| JAIGIRI | 1178 | 12200 | 10.36 |
| JOSE MOUNT | 365 | 19460 | 53.32 |
| JOSEGIRI | 924 | 18550 | 20.08 |
| KADANAD FORANE | 3150 | 51700 | 16.41 |
| KADAPLAMATTOM | 3419 | 70590 | 20.65 |
| KADUTHURUTHY FORANE | 4830 | 174543 | 36.14 |
| KAIPPALLY | 923 | 10350 | 11.21 |
| KAKKOOR | 1760 | 52350 | 29.74 |
| KAKOMBU | 850 | 14752 | 17.36 |
| KALATHOOKADAVU | 1355 | 57000 | 42.07 |
| KALATHOOR | 2810 | 59000 | 21.00 |
| KALIKAVU | 1905 | 56521 | 29.67 |
| KANJIRAMATTAM | 2547 | 61050 | 23.97 |
| KANJIRATHANAM | 3322 | 98611 | 29.68 |
| KARIMPANY | 1055 | 30350 | 28.77 |
| KAROOR | 1400 | 87680 | 62.63 |
| KATTAMPAK | 714 | 29500 | 41.32 |
| KAVALY | 310 | 2750 | 8.87 |
| KAVEEKUNNU | 1319 | 43712 | 33.14 |
| KAVUMKANDAM | 975 | 27255 | 27.95 |
| KAYYOOR | 980 | 13712 | 13.99 |
| KEEZHOOR | 1013 | 45600 | 45.01 |
| KIZHAPARAYAR | 750 | 39934 | 53.25 |

| | | | |
|---|---|---|---|
| KIZHATHADIYOOR | 1267 | 213460 | 168.48 |
| KONDAD | 1510 | 22510 | 14.91 |
| KOODALLOOR | 3200 | 74383 | 23.24 |
| KOOTHATTUKULAM | 1900 | 45957 | 24.19 |
| KOOTTIKAL FORANE | 2014 | 63590 | 31.57 |
| KOTHANALLOOR FORANE | 4121 | 122290 | 29.67 |
| KOZHUVANAL | 3598 | 146819 | 40.81 |
| KUDAKKACHIRA | 1700 | 98644 | 58.03 |
| KUDAYATHOOR | 2700 | 35400 | 13.11 |
| KULAMAVU | 950 | 18503 | 19.48 |
| KUNNONNI | 1338 | 17545 | 13.11 |
| KURAVILANGAD FORANE | 15183 | 453891 | 29.89 |
| KURICHITHANAM | 2012 | 73180 | 36.37 |
| KURINJI | 1086 | 32450 | 29.88 |
| KURUMANNU | 1109 | 43582 | 39.30 |
| KURUVINAL | 1291 | 27357 | 21.19 |
| LALAM NEW PALAI | 1590 | 152440 | 95.87 |
| LALAM OLD PALAI | 4520 | 260600 | 57.65 |
| LOURDES MOUNT | 234 | 5050 | 21.58 |
| MALAPURAM | 1265 | 15447 | 12.21 |
| MALAYINCHIPARA | 1853 | 8705 | 4.70 |
| MALLIKASSERY | 999 | 18330 | 18.35 |
| MANALUMKAL | 1530 | 35600 | 23.27 |
| MANATHOOR | 2008 | 24751 | 12.33 |
| MANGALAGIRI | 618 | 8140 | 13.17 |
| MANGALARAM | 960 | 11000 | 11.46 |
| MANIAMKULAM | 1017 | 12100 | 11.90 |
| MANIAMKUNNU | 1099 | 82525 | 75.09 |
| MANJAMATTAM | 1035 | 14550 | 14.06 |
| MANNACKANAD | 2047 | 29600 | 14.46 |
| MANNAR | 2250 | 28550 | 12.69 |

| | | | |
|---|---|---|---|
| MANNARAPPARA | 6500 | 128554 | 19.78 |
| MANVETTOM | 3950 | 167500 | 42.41 |
| MARANGATTUPILLY | 4460 | 76565 | 17.17 |
| MARANGOLY | 1820 | 21863 | 12.01 |
| MARYLAND | 1256 | 91730 | 73.03 |
| MATTAKKARA | 1312 | 60765 | 46.31 |
| MAVADY | 829 | 18020 | 21.74 |
| MEENACHIL | 1710 | 62989 | 36.84 |
| MELUKAVUMATTOM | 3075 | 47123 | 15.32 |
| MEVIDA | 1007 | 37584 | 37.32 |
| MONIPPALLY | 2800 | 43500 | 15.54 |
| MOOLAMATTOM FORANE | 3410 | 176453 | 51.75 |
| MOONNANI | 790 | 6600 | 8.35 |
| MOONNILAVU | 2124 | 19500 | 9.18 |
| MOOZHOOR | 2304 | 47785 | 20.74 |
| MULAKULAM | 1315 | 21561 | 16.40 |
| MUNDANKAL | 1529 | 65381 | 42.76 |
| MUTHOLAPURAM | 2807 | 110800 | 39.47 |
| MUTHOLY | 1568 | 8715 | 5.56 |
| MUTTUCHIRA FORANE | 7515 | 104564 | 13.91 |
| NAMBIAKULAM | 1610 | 75000 | 46.58 |
| NARIANGANAM | 965 | 32242 | 33.41 |
| NEELOOR | 3285 | 60200 | 18.33 |
| NEERANTHANAM | 1800 | 48770 | 27.09 |
| NELLAPPARA | 250 | 3500 | 14.00 |
| NELLIANI | 750 | 35333 | 47.11 |
| PADUVA | 1035 | 91241 | 88.16 |
| PAIKA | 2710 | 44290 | 16.34 |
| PAINGULAM | 1570 | 42505 | 27.07 |
| PALAI CATHEDRAL FORANE | 6470 | 197500 | 30.53 |
| PALAKAD | 948 | 39892 | 42.08 |

| | | | |
|---|---|---|---|
| PALAKATTUMALA | 830 | 37777 | 45.51 |
| PALAYAM | 1200 | 40183 | 33.49 |
| PARATHANAM | 1615 | 30870 | 19.11 |
| PAYYANITHOTTAM | 859 | 7600 | 8.85 |
| PERIAPURAM | 1366 | 50300 | 36.82 |
| PERINGULAM | 1996 | 97430 | 48.81 |
| PERUMTHURUTH | 709 | 7500 | 10.58 |
| PIRAVOM | 2512 | 41658 | 16.58 |
| PIUSMOUNT | 1100 | 41199 | 37.45 |
| PLASSANAL | 2404 | 119498 | 49.71 |
| POONJAR FORANE | 4286 | 96895 | 22.61 |
| POOVAKULAM | 750 | 16386 | 21.85 |
| POOVARANY | 4100 | 102780 | 25.07 |
| POOVATHODU | 1510 | 61166 | 40.51 |
| POOZHIKOL | 1190 | 63892 | 53.69 |
| PRAVITHANAM FORANE | 3457 | 140160 | 40.54 |
| RAMAPURAM FORANE | 10546 | 110000 | 10.43 |
| RATNAGIRI | 5100 | 112850 | 22.13 |
| SANTHIGIRI | 705 | 15991 | 22.68 |
| SANTHIPURAM | 1050 | 12300 | 11.71 |
| SIBIGIRI | 2220 | 47485 | 21.39 |
| SLIVAPURAM | 1700 | 18340 | 10.79 |
| TEEKOY FORANE | 3500 | 173420 | 49.55 |
| THAKADI | 108 | 5000 | 46.30 |
| THIDANAD | 3930 | 134775 | 34.29 |
| THIRUMARADY | 568 | 7000 | 12.32 |
| THODANAL | 1245 | 51496 | 41.36 |
| THUDANGANAD FORANE | 2198 | 115930 | 52.74 |
| THURUTHIPALLY | 2460 | 21100 | 8.58 |
| UDAYAGIRI | 970 | 24855 | 25.62 |
| ULLANAD | 1757 | 47858 | 27.24 |

| | | | |
|---|---|---|---|
| URULIKUNNAM | 1166 | 28892 | 24.78 |
| URUMPUKAVU | 1171 | 84700 | 72.33 |
| VADAKARA | 2715 | 44673 | 16.45 |
| VAGAMON | 578 | 28650 | 49.57 |
| VAKAKKAD | 1360 | 52882 | 38.88 |
| VAKKAD | 1284 | 2203 | 1.72 |
| VALACHIRA | 1210 | 34394 | 28.42 |
| VALAVOOR | 1465 | 62990 | 43.00 |
| VARIANIKKAD | 698 | 24156 | 34.61 |
| VAYALA | 1550 | 54918 | 35.43 |
| VEDAGIRI, | 1031 | 13936 | 13.52 |
| VELANILAM | 932 | 68942 | 73.97 |
| VELLIAMATTAM | 2378 | 18000 | 7.57 |
| VELLIKULAM | 1400 | 37231 | 26.59 |
| VEZHAGANAM | 540 | 20795 | 38.51 |
| VILAKUMADAM | 1700 | 54635 | 32.14 |
| VIMALAGIRI | 470 | 13555 | 28.84 |
| XAVIERPURAM | 1204 | 29301 | 24.34 |
| YENTHAYAR | 2664 | 23730 | 8.91 |

## PRIZE LIST OF TOTAL COLLECTION

**Highest Amount Collection**

1st Mar Sleeva Forane Church, Cherpunkal

2nd St.George's Forane Church, Aruvithura

**Highest Per Capita Collection**

1st St.Joseph's Church, Kizhathadiyoor

2nd Mar Sleeva Forane Church, Cherpunkal

# MISSION SUNDAY COLLECTION -2018

| PARISH | Collection | Per capita |
|---|---|---|
| ADIVARAM | | |
| ADUKAM | 4000.00 | 4.71 |
| AIMCOMBU | 7300.00 | 7.37 |
| ALPHONSAGIRI | 3200.00 | 6.26 |
| ALPHONSAPURAM | | |
| AMPARANIRAPPEL | 4810.00 | 2.75 |
| ANTHIALAM | 10580.00 | 9.89 |
| ANTHINADU | 11000.00 | 5.50 |
| ARAKULAM NEW | 14100.00 | 6.88 |
| ARAKULAM OLD | | |
| ARUNAPURAM | 5000.00 | 3.64 |
| ARUNOOTTIMANGALAM | 22400.00 | 9.92 |
| ARUVITHURA FORANE | 67330.00 | 8.75 |
| AYYAMPARA | 1236.00 | 1.78 |
| BHARANANGANAM FORANE | 92500.00 | 17.79 |
| CHAKKAMPUZHA | 6650.00 | 4.02 |
| CHEMMALAMATTAM | 31615.00 | 7.89 |
| CHEMPILAVU | | |
| CHENNAD | | |
| CHERPUMKAL FORANE | 70000.00 | 14.31 |
| CHETTUTHODU | 6519.00 | 8.15 |
| CHITTAR | 8220.00 | 6.86 |
| CHOLATHADAM | 300.00 | 0.60 |
| CHOONDACHERY | 3500.00 | 6.41 |
| EDADU | | |
| EDAMARUKU | 5000.00 | 3.52 |
| EDAPPADY | 10000.00 | 9.52 |
| ELAMTHOTTAM | 7800.00 | 5.69 |
| ELANJI FORANE | 16000.00 | 3.25 |

| | | |
|---|---|---|
| ELAPPALLY | 2339.00 | 7.40 |
| EZHACHERRY | 5000.00 | 4.55 |
| FATHIMAPURAM | 8000.00 | 6.31 |
| GAGULTHA | 1585.00 | 1.69 |
| GEOVALLY | 10000.00 | 7.17 |
| IDAMATTAM | 13015.00 | 7.48 |
| JAIGIRI | 1000.00 | 0.85 |
| JOSE MOUNT | 3600.00 | 9.86 |
| JOSEGIRI | 1900.00 | 2.06 |
| KADANAD FORANE | 8700.00 | 2.76 |
| KADAPLAMATTAM | | |
| KADUTHURUTHY FORANE | 45352.00 | 9.39 |
| KAIPPALLY | 1000.00 | 1.08 |
| KAKKOOR | 4250.00 | 2.41 |
| KAKOMBU | 4502.00 | 5.30 |
| KALATHOOKADAVU | 5500.00 | 4.06 |
| KALATHOOR | 9100.00 | 3.24 |
| KALIKAVU | 14184.00 | 7.45 |
| KANJIRAMATTAM | 13400.00 | 5.26 |
| KANJIRATHANAM | 4000.00 | 1.20 |
| KARIMPANY | 3000.00 | 2.84 |
| KAROOR | 15000.00 | 10.71 |
| KATTAMPAK | 2000.00 | 2.80 |
| KAVALY | | |
| KAVEEKUNNU | 6510.00 | 4.94 |
| KAVUMKANDAM | 2060.00 | 2.11 |
| KAYYOOR | | |
| KEEZHOOR | 4000.00 | 3.95 |
| KIZHAPARAYAR | 7000.00 | 9.33 |
| KIZHATHADIYOOR, | 52146.00 | 41.16 |
| KONDAD | 3500.00 | 2.32 |

| | | |
|---|---|---|
| KOODALLOOR | 10000.00 | 3.13 |
| KOOTHATTUKULAM | | |
| KOOTTIKAL FORANE | 6550.00 | 3.25 |
| KOTHANALLOOR FORANE | 7650.00 | 1.86 |
| KOZHUVANAL | 40004.00 | 11.12 |
| KUDAKKACHIRA | 13729.00 | 8.08 |
| KUDAYATHOOR | 9000.00 | 3.33 |
| KULAMAVU | 3310.00 | 3.48 |
| KUNNONNI | 2800.00 | 2.09 |
| KURAVILANGAD FORANE | 22038.00 | 1.45 |
| KURICHITHANAM | 10070.00 | 5.00 |
| KURINJI | 7520.00 | 6.92 |
| KURUMANNU | 7200.00 | 6.49 |
| KURUVINAL | 5700.00 | 4.42 |
| LALAM NEW PALAI | 10000.00 | 6.28 |
| LALAM OLD PALAI | | |
| LOURDES MOUNT | 750.00 | 3.21 |
| MALAPURAM | | |
| MALAYINCHIPARA | 800.00 | 0.43 |
| MALLIKASSERY | 1500.00 | 1.50 |
| MANALUMKAL | 3500.00 | 2.29 |
| MANATHOOR | | |
| MANGALAGIRI | 530.00 | 0.86 |
| MANGALARAM | | |
| MANIAMKULAM | 350.00 | 0.34 |
| MANIAMKUNNU | 13000.00 | 11.83 |
| MANJAMATTAM | | |
| MANNACKANAD | 4000.00 | 1.95 |
| MANNAR | | |
| MANNARAPPARA | 15000.00 | 2.31 |
| MANVETTOM | 23000.00 | 5.82 |

| | | |
|---|---|---|
| MARANGATTUPILLY | 8862.00 | 1.99 |
| MARANGOLY | 2643.00 | 1.45 |
| MARYLAND | 7923.00 | 6.31 |
| MATTAKKARA | 7065.00 | 5.38 |
| MAVADY | | |
| MEENACHIL | 3670.00 | 2.15 |
| MELUKAVUMATTOM | | |
| MEVIDA | 4210.00 | 4.18 |
| MONIPPALLY | | |
| MOOLAMATTAM FORANE | 25725.00 | 7.54 |
| MOONNANI | | |
| MOONNILAVU | 8000.00 | 3.77 |
| MOOZHOOR | 12000.00 | 5.21 |
| MULAKULAM | 2750.00 | 2.09 |
| MUNDANKAL | 5110.00 | 3.34 |
| MUTHOLAPURAM | 17000.00 | 6.06 |
| MUTHOLY | 4000.00 | 2.55 |
| MUTTUCHIRA FORANE | | |
| NAMBIAKULAM | 9000.00 | 5.59 |
| NARIANGANAM | 3000.00 | 3.11 |
| NEELOOR | 10000.00 | 3.04 |
| NEERANTHANAM | 7705.00 | 4.28 |
| NELLAPPARA | | |
| NELLIANI | 3540.00 | 4.72 |
| PADUVA | 10127.00 | 9.78 |
| PAIKA | | |
| PAINGULAM | 4613.00 | 2.94 |
| PALAI CATHEDRAL FORANE | 40000.00 | 6.18 |
| PALAKAD | | |
| PALAKATTUMALA | 4200.00 | 5.06 |
| PALAYAM | 4000.00 | 3.33 |

| | | |
|---|---|---|
| PARATHANAM | 2000.00 | 1.24 |
| PAYYANITHOTTAM | 1000.00 | 1.16 |
| PERIAPURAM | 9000.00 | 6.59 |
| PERINGULAM | 17020.00 | 8.53 |
| PERUMTHURUTH | | |
| PIRAVOM | 1750.00 | 0.70 |
| PIUSMOUNT | 7107.00 | 6.46 |
| PLASSANAL | 13120.00 | 5.46 |
| POONJAR FORANE | 24230.00 | 5.65 |
| POOVAKULAM | 2895.00 | 3.86 |
| POOVARANY | 20070.00 | 4.90 |
| POOVATHODU | 8200.00 | 5.43 |
| POOZHIKOL | 6200.00 | 5.21 |
| PRAVITHANAM FORANE | 21000.00 | 6.07 |
| RAMAPURAM FORANE | 5000.00 | 0.47 |
| RATNAGIRI | 20300.00 | 3.98 |
| SANTHIGIRI. | 1875.00 | 2.66 |
| SANTHIPURAM | 500.00 | 0.48 |
| SIBIGIRI | 10000.00 | 4.50 |
| SLIVAPURAM | | |
| TEEKOY FORANE | 20700.00 | 5.91 |
| THAKADI | | |
| THIDANAD | 16000.00 | 4.07 |
| THIRUMARADY | 500.00 | 0.88 |
| THODANAL | 7296.00 | 5.86 |
| THUDANGANAD FORANE | 26815.00 | 12.20 |
| THURUTHIPALLY | 5000.00 | 2.03 |
| UDAYAGIRI | 3000.00 | 3.09 |
| ULLANAD | 9950.00 | 5.66 |
| URULIKUNNAM | 3500.00 | 3.00 |
| URUMPUKAVU | 13000 | 11.10 |

| | | |
|---|---|---|
| VADAKARA | 10767.00 | 3.97 |
| VAGAMON | 2100.00 | 3.63 |
| VAKAKKAD | 7815.00 | 5.75 |
| VAKKAD | | |
| VALACHIRA | 6700.00 | 5.54 |
| VALAVOOR | | |
| VARIANIKKAD | | |
| VAYALA | | |
| VEDAGIRI | | |
| VELANILAM | 26000.00 | 27.90 |
| VELLIAMATTAM | | |
| VELLIKULAM | | |
| VEZHAGANAM | 6400.00 | 11.85 |
| VILAKUMADAM | 7100.00 | 4.18 |
| VIMALAGIRI | 2655.00 | 5.65 |
| XAVIERPURAM | 6940.00 | 5.76 |
| YENTHAYAR | | |

## INSTITUTIONS

**Hospitals**

| | |
|---|---|
| DEVAMATHA HOSPITAL KOOTHATTUKULAM | 40000.00 |
| HGM HOSPITAL MUTTUCHIRA | 30056.00 |
| MARIAN CENTREARUNAPURAM | 20001.00 |
| BISHOP VAYALIL MEDICAL CENTRE MOOLAMATTAM | 10000.00 |

**Hostels**

| | |
|---|---|
| ST.AUGUSTINE HOSTEL CHOONDACHERY | 34300.00 |
| SH HOSTEL ARUNAPURAM | 10000.00 |
| ST.PETER'S HOSTEL KUMMANNOOR | 2590.00 |

**Priest Homes**

| | |
|---|---|
| MAR APREM PRIEST HOME PALA | 4000.00 |
| VIANNAEY PREIST HOME MUTTUCHIRA | 3800.00 |

**Seminaries**

| | |
|---|---|
| MAR APREM FORMATION CENTRE | 19000.00 |
| GOOD SHEPHERED MINIOR SEMINARY | 7000.00 |

**SCHOOLS**

**Residential**

| | |
|---|---|
| ALPHONSA RESIDENTIAL SCHOOL BHARANANGANAM | 40000.00 |

**Higher Secondary Schools**

| | |
|---|---|
| HOLY CROSS HIGHER SECONDARY SCHOOL CHERPUMKAL | 30000.00 |
| ST.MARY'SH.S.S LALAM PALA | 18000.00 |

**High Schools**

| | |
|---|---|
| ST.MARYS GHS PALA | 14000.00 |

**Others**

| | |
|---|---|
| VALAKKATTUKUNNU | 1000.00 |
| KALLOORKULAM CONVENT CHAPEL | 1200.00 |

## PRIZE LIST OF MISSION SUNDAY COLLECTIONS

**Highest Collection**

1st St.Mary's Forane Church Bharananganam

2nd Mar Sleeva Forane Church Cherpunkal

**Highest Per Capita Collection**

1st St.Joseph's Church Kizhathadiyoor

2nd St.Mary's Forane Church Bharananganam

**Hospitals**

1st DEVAMATHA HOSPITAL KOOTHATTUKULAM

2nd HGM HOSPITAL MUTTUCHIRA

**Hostels**

1st ST.AUGUSTINE HOSTEL CHOONDACHERY

2nd SH HOSTEL ARUNAPURAM

**Priest Homes**

1st MAR.APREM PRIEST HOME PALA

2nd PREIST HOME MUTTUCHIRA

**Seminary**

1st MAR APREM FORMATION CENTRE

2nd GOOD SHEPHERED MINIOR SEMINARY

**Schools**

**Residential**

ALPHONSA RESIDENTIAL SCHOOL BHARANANGANAM

**HSS**

1st HOLY CROSS HIGHER SECONDARY SCHOOL CHERPUMKAL

2nd ST.MARY'SH.S.S LALAM PALA

**HS**

ST.MARYS GHS PALA

# അറിയിപ്പ്

പൊതു സംഭാവനാ ശേഖരണം, മിഷ്യൻ സംഭാവന ഇവയിൽ സമ്മാനാർഹരായവർക്കുള്ള സമ്മാനങ്ങൾ ജനുവരി 26–ന് 2.30 ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കുന്ന സമ്മേളനത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. സമ്മാനാർഹർ അന്നേദിവസം തന്നെ പ്രതിനിധികളെ അയച്ച് സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്.

## BANK DETAILS FOR SENDING THE FAMILY AID FUND COLLECTION

Bank: South Indian Bank, Pala

Account Name: Family Aid Fund

Account No:SIB;0062053000001907

IFSC CODE:SIBL:0000062

Please Inform after transfering the amount to this Phone No.04822202017.

To Sr. Alice CMC. Sister in charge.

സീറോ മലബാർ മിഷൻ വാരാചരണത്തോടനുബന്ധിച്ചുള്ള പിരിവ് മുൻകൂട്ടി അറിയിച്ചു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക രൂപതാ പ്രൊക്യൂറേറ്ററച്ചനെ 2018 ഫെബ്രുവരി 10–നു മുമ്പായി ഏൽപിക്കുകയും ചെയ്യേണ്ടതാണ്.

ഫാ. പ്രൊക്കുറേറ്റർ

# ബൈബിൾ കോഴ്സ് ആരംഭിക്കുന്നു

പാലാ രൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ആൽമായർക്കായി ഏകവർഷ ബൈബിൾ കോഴ്സ് ആരംഭിക്കുന്നു. അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കുന്ന ക്ലാസുകൾ രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30-ന് അവസാനിക്കുന്നു. രണ്ടാം ശനിയാഴ്ചകളിലാണ് ക്ലാസുകൾ നടത്തുന്നത്. 2019 ജനുവരി 12-ന് ആരംഭിക്കുന്ന കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2018 ഡിസംബർ 31-നു മുമ്പായി ഷലോമിലുള്ള ഓഫീസിൽ നിർദ്ദിഷ്ട ഫോം പൂരിപ്പിച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷാഫാറം വെബ്സൈറ്റിൽ ലഭ്യമാണ്.

പഠനവിഷയം :
ബൈബിളിലെ പ്രവാചകൻമാരും,
പ്രവാചക ഗ്രന്ഥങ്ങളും

ക്ലാസ് സമയം :
എല്ലാ ശനിയാഴ്ചകളിലും 10-3.30 വരെ

കോഴ്സ് ദിനങ്ങളിൽ ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

കോഴ്സ് ഫീസ്: 1250 രൂപ,

പഠന സ്ഥലം:
പാസ്റ്ററൽ ഇൻസ്റ്റിസ്റ്റ്യൂട്ട്, അരുണാപുരം, പാലാ

***വിശദവിവരങ്ങൾക്ക് 9447145934***

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Alencheril Joseph | January 8 |
| Ambattu Joseph | 9 |
| Ambattupadavil Joseph | 10 |
| Ambazhathinal George | 11 |
| Ammanathukunnel Joseph | 12 |
| Ammottukunnel Mathew | 13 |
| Ampazhathumkal George | 14 |
| Ancheril Jose | 15 |
| Anithanam Kurian | 16 |
| Anithottathil Gervasis | 17 |
| Arackal Joseph | 18 |
| Arackaparampil Mathew | 19 |
| Aranjani Puthenpura Augustine | 20 |
| Aranjani Puthenpura Joseph | 21 |
| Attappat Zacharias | 22 |
| Ayallukunnel Thomas | 23 |
| Brahmanavelil Thomas | 24 |
| Chakkalackal Joseph | 25 |
| Chandrankunnel Mathew | 26 |
| Chavelil John | 27 |
| Cheenothuparambil Joseph | 28 |
| Cheeramkuzhy Micheal | 29 |
| Chennattu Mathew | 30 |
| Cherukarakunnel Joseph | 31 |
| Cherukarakunnel Sebastian | February 1 |
| Chillackal Thomas | 2 |
| Chollanal George | 3 |
| Choorakkattu George | 4 |
| Edathinal Francis | 5 |
| Edathumparampil Joseph | 6 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടസന്ദർശനം**

മാർ ടോണി നീലങ്കാവിൽ
മാർ ജേക്കബ് മുരിക്കൻ
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
ശ്രീ. കെ.എം മാണി എം.എൽ.എ.
ശ്രീ. ജേക്കബ് പുന്നൂസ് മുൻ ഡി.ജി.പി.

**2. ജൂബിലി കുർബാന**

മാർ ടോണി നീലങ്കാവിൽ (തൃശ്ശൂർ രൂപതാ സഹായമെത്രാൻ) പൗരോഹിത്യ ജൂബിലി പ്രമാണിച്ച് ബാച്ചിലെ എട്ട് വൈദികരോടൊപ്പം വി. അൽഫോൻസായുടെ കബറിടം സന്ദർശിച്ച് വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

**3. അൽഫോൻസാതീർത്ഥാടനം**

ചെറുപുഷ്പമിഷൻലീഗ് കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ അൽഫോൻസാ തീർത്ഥാടനം 16-ാം തിയതി ഞായറാഴ്ച രൂപതാ ഡയറക്ടർ ഫാ.തോമസ് മേനാച്ചേരിയുടെ നേതൃത്വത്തിൽ നടന്നു. ഫാ. മാർട്ടിൻ കല്ലറയ്ക്കൽ സ്വാഗതം ആശംസിച്ച് സന്ദേശം നൽകി.

**4. ഇതര സംസ്ഥാനക്കാർക്കുവേണ്ടിയുള്ള കുർബാന**

ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഞായറാഴ്ചകളിൽ നടത്തുന്ന വി.കുർബാനയ്ക്ക് ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

**5. പ്രഥമാദ്ധ്യാപക സമ്മേളനം**

പാലാ കോർപ്പറേറ്റിലെ പ്രഥമാദ്ധ്യാപകരുടെ സമ്മേളനം ഭരണങ്ങാനം അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് കോർപ്പറേറ്റ് സെക്രട്ടറി

വെരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറത്തിന്റെ നേതൃത്വത്തിൽ നടന്നു. പാലാ രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് മത്സരവി ജയികൾക്ക് സമ്മാനം വിതരണം ചെയ്തു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ ആശം സകളർപ്പിച്ചു.

**6. കപ്പൂച്ചിൻ നവവൈദികർ**

കപ്പൂച്ചിൻ സഭയുടെ സെന്റ് ജോസഫ് കോട്ടയം, സെന്റ് തോമസ്സ് തൃശ്ശൂർ ,പാവനാത്മാ മലബാർ എന്നീ പ്രോവിൻസുകളിലെ ഏഴു നവവൈദികർ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ വി.കുർബാനയർപ്പിച്ചു.

**7. അൽഫോൻസാ കബറിടത്തിങ്കൽ കുട്ടികളുടെ തിരക്ക്**

അദ്ധ്യാപികയായിരുന്ന അൽഫോൻസാമ്മയുടെ പക്കൽ പരീക്ഷാ നിയോഗവുമായി കുട്ടികൾ ദിവസേന എത്തി പ്രാർത്ഥന നടത്തുന്നു.

**8. സൗഖ്യാരാധന നടത്തി.**

രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തുന്ന രോഗീസൗഖ്യ ആരാധനയ്ക്കും വി. കുർബാനയ്ക്കും ഫാ. ജോസഫ് മഠത്തികുന്നേൽ കാർമ്മികത്വം വഹിച്ചു.

**9. രാത്രി ആരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ നടക്കുന്ന രാത്രി ആരാധനയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി. വർഷാവസാന വർഷാരംഭ പ്രാർത്ഥനയോടെ പുതുവർഷത്തെ വരവേറ്റു.

**10. ജപമാലപ്രദക്ഷിണം**

ശനിയാഴ്ചകളിൽ നടക്കുന്ന ആഘോഷമായ വി.കുർബാനയ്ക്ക് ഫാ. അഗസ്റ്റിൻ കൂട്ടിയാനി, ഫാ. ഷിന്റോ കാഞ്ഞിരപ്പള്ളിൽ, ഫാ. ജോസഫ് പാമ്പാറ എന്നിവർകാർമ്മികത്വം വഹിച്ചു.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. പ്രഥമാദ്ധ്യാപകസമ്മേളനവും രൂപതാവാർഷികവും**

2019 ലെ പ്രഥമാദ്ധ്യാപകസമ്മേളനം ജനുവരി 26-ാം തീയതി ശനിയാഴ്ച അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കും. ചർച്ചകൾക്കുള്ള വിഷയാവതരണം പ്രൊഫ.ഡോ. സാബു ഡി. മാത്യു നടത്തുന്നതാണ്. ഈ സമ്മേളനത്തിൽ ഏവരും കൃത്യസമയത്തുതന്നെ എത്തിച്ചേർന്ന് ആദ്യന്തം പങ്കെടുക്കേണ്ടതാണ്.

വിശ്വാസപരിശീലന രൂപതാ വാർഷികം 2019 ജനുവരി 26-ാം തീയതി ശനിയാഴ്ച 2.00 pm ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും സമ്മാനങ്ങളും ക്യാഷ് അവാർഡുകളും വിതരണം ചെയ്യുന്നതുമാണ്. സമ്മാനാർഹരായ എല്ലാവരും പ്രസ്തുത സമ്മേളനത്തിൽ വന്ന് സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്. കുട്ടികളെ പഠിപ്പിച്ച അദ്ധ്യാപകർക്കും പ്രോത്സാഹനസമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**2. X,XI,XII ക്ലാസ്സുകളുടെ വാർഷികപരീക്ഷ**

മുതിർന്ന കുട്ടികളുടെ വാർഷികപരീക്ഷ മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം ഫെബ്രുവരി 3-ാം തീയതി ഞായറാഴ്ച 11 am മുതൽ 1 pm വരെ നടക്കും. പരീക്ഷയുടെ സമയക്രമത്തിൽ ആരും മാറ്റം വരുത്താൻ പാടുള്ളതല്ല. പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ ജനുവരി 26 ന് ഉച്ചകഴിഞ്ഞ് മുതൽ ഫെബ്രുവരി 2 ശനിയാഴ്ചവരെ രൂപതാ ഓഫീസിൽ വിതരണം ചെയ്യുന്നതാണ്. 26-ാം തീയതി കൂട്ടിക്കൽ, മൂലമറ്റം, തുടങ്ങനാട്, മുട്ടുചിറ, കോതനല്ലൂർ, ഇലഞ്ഞി എന്നീ ഫൊറോനാകളിലുള്ളവർക്ക് മാത്രമാണ് നൽകുന്നത്.

**3. 20, 40, 50 വർഷം സേവനം പൂർത്തിയാക്കിയ അദ്ധ്യാപകരെ ആദരിക്കൽ**

വിശ്വാസപരിശീലന രംഗത്ത് 20, 40, 50 വർഷം പൂർത്തിയാക്കിയ അധ്യാപകരെ രൂപതാ വിശ്വാസപരിശീലന കേന്ദ്രം പ്രശസ്തിപത്രം നൽകി ആദരിക്കും. നിർദ്ദിഷ്ട വർഷം ശുശ്രൂഷ പൂർത്തിയാക്കിയ അദ്ധ്യാപകരുടെ പേരും ഫോട്ടോയും 2019 ജനുവരി 7-ാം തീയതി തിങ്കളാഴ്ച 4 മണിക്ക് മുമ്പായി രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.

**4.സീറോ മലബാർ പ്രതിഭാസംഗമം**

വിശ്വാസപരിശീലനം 12-ാം ക്ലാസ്സ് പൂർത്തിയാക്കുന്നവർക്കായി ഡിസംബർ 27 മുതൽ 29 വരെ സഭാ അസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തിയ പ്രതിഭാസംഗമത്തിൽ താഴെ പറയുന്ന 6 കുട്ടികൾ രൂപതയെ പ്രതിനിധീകരിച്ചു പങ്കെടുത്തു.

1. ഡോൺ ജോർജ്, വടകര - ചെമ്മലമറ്റം
2. ഫെലിക്സ് ടോമി, വെങ്ങിണിക്കൽ - കാഞ്ഞിരത്താനം
3. ബെന്നറ്റ് സജി, പറത്തിണ്ണയിൽ - തീക്കോയി
4. ഐറിൻ ആനി പ്രകാശ്, വേഴമ്പശ്ശേരിൽ - മുത്തോലി
5. ഫ്ളാവിയ മരിയ സുനിൽ, ചക്കാലയിൽ - ഇലഞ്ഞി
6. അമലു അഗസ്റ്റിൻ, ഏരിമറ്റത്തിൽ - രാമപുരം

നമ്മുടെ രൂപതാ പ്രതിഭകൾക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും!

**5. പ്രൊമോട്ടേഴ്സ് ടീം മീറ്റിംഗ്**

പ്രൊമോട്ടേഴ്സ് ടീം മീറ്റിംഗ് ജനുവരി 12-ാംതീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. എല്ലാ പ്രൊമോട്ടേഴ്സ് ടീം അംഗങ്ങളും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**6. സ്കോളർഷിപ്പ് പരീക്ഷാഫലം**

2018 മെയ് 5-ാം തീയതി വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ട സ്കോളർഷിപ്പ് പരീക്ഷയിൽ ക്യാഷ് അവാർഡിനും പ്രോത്സാഹനസമ്മാനങ്ങൾക്കും അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. സമ്മാനാർഹരായ വിദ്യാർത്ഥികൾക്കും അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ. 2019 ജനുവരി 26-ാം തീയതി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്ന വാർഷികസമ്മേളനത്തിൽ പങ്കെടുത്ത് ക്യാഷ് അവാർഡുകളും പ്രോത്സാഹന സമ്മേളനങ്ങളും ഏറ്റുവാങ്ങണം.

**7. പഠനത്തിനുള്ള എവർറോളിംഗ് ട്രോഫികൾ**

| | | |
|---|---|---|
| A വിഭാഗം | I st | ഗാഗുൽത്താ |
| | II nd | പിറവം |
| B വിഭാഗം | I st | അറക്കുളം ന്യൂ |
| | II nd | മേലുകാവുമറ്റം |
| C വിഭാഗം | I st | തീക്കോയി |
| | II nd | കുറവിലങ്ങാട് |

**ഫാ. തോമസ് മേനാച്ചേരി** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. പാലാ മിഷന് വേമനപ്പള്ളി മണ്ഡലത്തിൽ പുതിയ മിഷൻ സ്ഥലം:**

ഏറെ നാളത്തെ പരിശ്രമങ്ങളുടെ ഫലമായി പുതിയ മിഷൻ കേന്ദ്രം തുടങ്ങാനാവശ്യമായ ഭൂമി വാങ്ങിച്ചു. ചെന്നൂർ - വേമനപ്പള്ളി വിശാല പാതയ്ക്ക് ഇടതു വശത്തായി വേമനപ്പള്ളി മണ്ഡല കേന്ദ്രത്തോട് ചേർന്ന് ഒരേക്കർ സ്ഥലം പാലാ മിഷൻ സ്വന്തമാക്കിയിരിക്കുന്നു. ഉടൻ തന്നെ മിഷൻ കേന്ദ്ര നിർമ്മാണം ആരംഭിക്കുന്നു. ( ഡോക്യുമെന്റ് നമ്പർ 13057/2018 registration completed on 11 th December 2018).

ഈ സംരംഭത്തിന് ശക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകിക്കൊണ്ടിരിക്കുന്ന, ഓരോ ചുവടുവയ്പ്പിലും സഹായിക്കുന്ന റവ.ഡോ.ജോസഫ് കുഴിഞ്ഞാലിൽ അച്ചന് പാലാ മിഷന്റെ നന്ദിയുടെ കൂപ്പുകൈകൾ.

**2. വേമനപ്പള്ളി മിഷന് സഹായം:**

വേമനപ്പള്ളി മണ്ഡലത്തിലെ മിഷൻ പ്രവർത്തനങ്ങൾക്കായി, പാലാ, സി.എം.സി. ജയ മാതാ പ്രോവിൻസിൽ നിന്നും രണ്ട് ലക്ഷം രൂപയും കാഞ്ഞിരമറ്റം ഇടവകയിൽ നിന്നും അറുപതിനായിരം രൂപയും നൽകി സഹായിച്ചിരിക്കുന്നു. പാലാ മിഷന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

**3) പാലാ മിഷനിൽ ക്രിസ്തുമസ് ആഘോഷങ്ങൾ:**

കുടുംബ നവീകരണ പ്രവർത്തനങ്ങൾക്ക് ഉന്നൽ കൊടുത്തു കൊണ്ടുള്ളതായിരുന്നു ഇത്തവണത്തെ ക്രിസ്തുമസ് ആഘോഷങ്ങൾ. വൈദികരും ശെമ്മാശമ്മാരും സന്ന്യാസിനീ സമൂഹങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി നൂറുകണക്കിനു ഗ്രാമവാസികൾ ഈശോയെ അനുഭവിക്കാൻ എല്ലായിടവകകളിലും ഒരുമിച്ചു കൂടി. വചനപ്രഘോഷണം, ക്രിസ്തുമസ് കരോൾ, കുടുംബ നവീകരണ ശുശ്രൂഷകൾ, ഒരുക്ക ശുശ്രൂഷകൾ, തിരുപ്പിറവി കർമ്മങ്ങൾ എന്നിവയ്ക്ക്, നെന്നൽ പ്രദേശങ്ങളിൽ ബഹു. ഐസക് കുറിച്ചിയേൽ, ആന്റണി ജോർജ് വാഴയിൽ എന്നിവരും കോനംപേട്ട പ്രദേശങ്ങളിൽ ബഹു. ജോസഫ് കല്ലാശ്ശേരി അച്ചനും ഗൊല്ലപ്പള്ളി പ്രദേശങ്ങളിൽ ജോർജ് വയലിപ്പറമ്പിൽ, ജോർജ് കൊട്ടാരത്തിൽ അച്ചന്മാരും വെങ്കിട്ടപുരത്ത്

ജോസഫ് പരിയാത്തച്ചനും നേതൃത്വം നൽകി. LAR, CMC, FDSHJ സന്യാസസമൂഹങ്ങളുടെ സേവനങ്ങൾ സ്തുത്യർഹമായിരുന്നു.

**4) മീഡിയ ഇവാഞ്ചലൈസേഷൻ പ്രവർത്തനങ്ങൾ തുടരുന്നു.**

ഈ മാസം കൊത്തഗുഡം, നെന്നല, ഗൊല്ലപ്പള്ളി, ജോഗാപുരം മൈലാരം എന്നീ ഗ്രാമങ്ങളിൽ സുവിശേഷവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വചന പ്രദർശനങ്ങൾ സംഘടിപ്പിച്ചു.

**5) ഭൂമി റീസർവ്വേ നടപടികൾ പൂർത്തിയായി.**

തെലുങ്കാന സംസ്ഥാനത്തെ ഭൂപരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി, പാലാ മിഷൻ നോക്കി വരുന്ന എല്ലാ സ്ഥലങ്ങടെയും ഭൂമി റീ സർവ്വേ നടപടികൾ വിജയകരമായി പൂർത്തിയായി.

**6) മന്ന ഗുഡം**

ഗ്രാമത്തിലെ ദേവാലയത്തിന്റെയും സന്യാസ ഭവനത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു.

**7) അഭിനന്ദനങ്ങൾ:**

മദർ തെരേസ ബോയ്സ് ഹോമിലെ വിദ്ധ്യാർത്ഥി മാസ്റ്റർ സന്തോഷ് തെലുങ്കാന സംസ്ഥാന തല ശാസ്ത്ര പ്രദർശനത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി നാഷ്ണൽ ലെവലിലേക്ക് യോഗ്യത നേടിയിരിക്കുന്നു. സന്തോഷിനും ഡയറക്ടർ ആന്റണി വാഴയിൽ അച്ചനും റീജന്റ് ജിനോ ആറ്റുചാലിക്കും അഭിനന്ദനങ്ങൾ.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. സാന്തോം മിഷൻ**

ഗുജറാത്ത് മിഷനിൽനിന്നും ആശംസകൾ. പാലാ രൂപത ഏറ്റെടുത്ത ഗുജറാത്ത് മിഷനിൽ പാലാ രൂപതയിൽ നിന്നും മൂന്ന് പേർ ശുശ്രൂഷ ചെയ്യുന്നു. നവംബർ മാസത്തിൽ അഹമ്മദാബാദിലെ സെന്റ് അൽഫോൻസ കുർബാന സെന്ററിലും ബാപ്പു നഗറിലും ആനന്ദിലെ ആനന്ദ്-കരംസന്ദ് കുർബാന സെന്ററിലും കുടുംബസന്ദർശനങ്ങളും വാർഡു കൂട്ടായ്മകളും നടത്തി.

**സെന്റ് അൽഫോൻസാ കുർബാന സെന്റർ കോളേജ് പാരിഷ്**

ഇവിടെയുള്ള 110 കുടുംബങ്ങളെ 8 വാർഡുകളായി തിരിച്ച് ഇടവക യോഗത്തിലേക്ക് 1 പ്രതിനിധിയെ വീതവും കുടുംബകൂട്ടായ്മയ്ക്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവരേയും തിരഞ്ഞെടുത്തുകൊണ്ടിരിക്കുന്നു. ഓരോ കുടുംബ കൂട്ടായ്മയിലും മാസത്തിൽ 1 ദിവസം ആ വാർഡിലെ ഒരു ഭവനത്തിൽ പരി. കുർബാന അർപ്പിക്കാൻ ആരംഭിച്ചു. രണ്ടു വാർഡിൽ കുർബാന അർപ്പിച്ചു. നവംബർ 25-ന് രാവിലെ 9.30 മുതൽ 5 മണിവരെ ഏകദിനധ്യാനവും നടത്തി. ലെയോളാ ഇടവകയിൽ വച്ചു നടന്ന ധ്യാനത്തിൽ ബഹു. ജേക്കബ് വെള്ളമരുതുങ്കൽ ധ്യാനം പ്രസംഗിച്ചു. ക്രിസ്തുമസ് ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ

വിവിധ വാർഡുകളിൽ ആരംഭിച്ചുകഴിഞ്ഞു.

**2. ബാപ്പുനഗർ**

ബാപ്പു നഗർ കുർബാന സെന്ററിന് ബഹു. ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തിൽ കുടുംബസന്ദർശനം നടത്തിവരുന്നു. ഇടവകയോഗത്തിലേയ്ക്ക് പൊതുയോഗത്തിൽ നിന്നും 8 പ്രതിനിധികളെ തെരഞ്ഞെടുത്തു. ഇടവക കൂട്ടായ്മകൾ എല്ലാ മാസവും നടന്നുവരുന്നു. സീറോ-മലബാർ സഭയുടെ ഉത്ഭവം വളർച്ച, ഷംഷാബാദ് രൂപതയുടെ പ്രസക്തി എന്നിവയെക്കുറിച്ച് പ്രബന്ധങ്ങൾ വഴിയും ക്ലാസുകൾ വഴിയും അച്ചൻ അറിവു നൽകിവരുന്നു. കുട്ടികളുടെ വിശ്വാസ പരിശീലനക്ലാസുകൾ രൂപീകരിച്ച് കുട്ടികളെ സഭാത്മകബോദ്ധ്യത്തിലേക്ക് പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്നു.

**3. ആനന്ദ്-കരംസന്ദ് കുർബാന സെന്റർ**

ബഹു. ജോർജ് കാവുംപുറത്തച്ചന്റെ നേതൃത്വത്തിൽ ഈ രണ്ട് സ്ഥലങ്ങളിലേയും ഭവനങ്ങൾ സന്ദർശിച്ചു വരുന്നു. നവംബർ 25-ന് ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. ക്രിസ്തുമസ്സിനായി ഒരുക്കങ്ങൾ നടത്തി. ഡിസംബർ 16 മുതൽ ബഹു. ജോർജച്ചൻ പുതിയ സ്ഥലത്തേയ്ക്ക് – ാറൂക് -അങ്കലേശ്വരിലേക്ക് സ്ഥലം മാറി. പാലാ രൂപതാംഗമായ ബഹു. സഖറിയാസ് തോട്ടുവേലിയച്ചൻ ആനന്ദിലെത്തി പുതിയ വികാരിയായി ചാർജ്ജെടുത്തു. ഡിസംബർ 3ന് ഗുജറാത്ത് മേഖലയിലെ അച്ചന്മാരുടെ മാസധ്യാനം സിൽവാഡായിൽ വച്ച് നടന്നു. 12 വൈദികർ വിവിധ സ്റ്റേഷനുകളിൽനിന്നും പങ്കെടുത്തു. ഈശോയുടെ തിരുപ്പിറവിയുടെ ആശംസകൾ നേരുന്നു.

**ഫാ. ജോസഫ് മലേപ്പറമ്പിൽ** (കോർഡിനേറ്റർ)

# മിഷൻലീഗ് വാർത്തകൾ

**1. ദൈവവിളി ക്യാമ്പ്**

പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കുമുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതിനായി **X,XI,XII** ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരു ദൈവവിളിക്യാമ്പ് ഡിസംബർ 26-27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. രൂപതയിലെ വൈദികവിദ്യാർത്ഥികൾക്കു പുറമേ റവ. ഡോ. ഇമ്മാനുവൽ പാറേക്കാട്ടിൽ, റവ. ഫാ. ജോസഫ് മണിയങ്ങാട്ട്, ശ്രീ. അലക്സ് കാവുകാട്ട്, ശ്രീ തോമസ് അടുപ്പുകല്ലുങ്കൽ തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

**2. സീറോമലബാർ പ്രേഷിതവാരാഘോഷം**

ദനഹാതിരുനാൾ ദിനമായ ജനുവരി 6 മുതൽ ഒരാഴ്ചക്കാലം സീറോമലബാർ പ്രേഷിതവാരമായി സിനഡ് പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രേഷിതവാരാചരണത്തിനുള്ള വിവിധകർമ്മപരിപാടികൾ സിനഡ് പിതാക്കന്മാർ ആവിഷ്കരിച്ചിട്ടുണ്ട്. അവ നമ്മുടെ എല്ലാ പള്ളികളിലും CML ന്റെ ആഭിമുഖ്യത്തിൽ ഏറെ കാര്യക്ഷമമായി നടത്താൻ ശ്രദ്ധിക്കുമല്ലോ. പ്രേഷിതവാരാചരണ പ്രതിജ്ഞ ഞായറാഴ്ച അസംബ്ലിയിൽ വച്ച് നടത്തണം. 7 ദിവസം കുടുംബപ്രാർത്ഥന

യോടൊപ്പം ചൊല്ലേണ്ട പ്രാർത്ഥനയും മറ്റും എല്ലാ ഭവനങ്ങളിലും എത്തിക്കുന്ന തിനായി വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും വിതരണം ചെയ്തു.

**3. CML നാൾവഴി ഓഡിറ്റിംഗ്**

മിഷൻലീഗിന്റെ നിയമാവലി പ്രകാരം എല്ലാ യൂണിറ്റുകളും മെയ് 31 ന് മുൻപായി നാൾ വഴി ഓഡിറ്റ് ചെയ്യുകയും രൂപതാ വിഹിതം നൽകുകയും ചെയ്യേണ്ടതാണ്. ഇനിമുതൽ CML പ്രവർത്തനവർഷമായ ജൂൺ-മെയ് ആയിരിക്കും CML സാമ്പത്തികവർഷമായി കണക്കാക്കുന്നത്. നാൾവഴി ഓഡിറ്റ് ചെയ്യാത്തവർക്ക് അടുത്തവർഷം രൂപതാ കലോത്സവത്തിൽ പങ്കെടുക്കാൻ കഴിയുന്നതല്ല. CML അംഗത്വഫീസ് 5 രൂപാ വച്ച് അടയ്ക്കാത്ത ഇടവകകൾ 2018 മെയ് മാസത്തിനകം തുക അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**4. CML ജൂണിയേഴ്സ് ക്യാമ്പ്**

5 മുതൽ 9 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായുള്ള ജൂണിയേഴ്സ് ക്യാമ്പ് ഡിസംബർ 26,27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. മിഷൻലീഗ് പ്രസിഡന്റ് ശ്രീ. തോമസ് അടുപ്പുകല്ലുങ്കൽ, ശ്രീ. മനു ചെറുകാട്ട്, ശ്രീ. ജോബി ആലയ്ക്കാപ്പറമ്പിൽ, Adv. ജോസ് ചന്ദ്രത്തിൽ, സി. സുദീപ C.M.C., പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സിജു കൈമനാൽ, ബെന്നി മുത്തനാട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

**5. മാനേജിംഗ് കമ്മിറ്റി**

CML മാനേജിംഗ് കമ്മിറ്റി 2019 ജനുവരി 12-ാം ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കും.

**6. റീജണൽ സംഗമം**

ചെറുപുഷ്പമിഷൻ ലീഗ് കുറവിലങ്ങാട് റീജണൽ സംഗമം 2018 ഡിസംബർ 16-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 pm ന് സ്ലീവാപുരം ശാഖയിൽ വച്ച് നടന്നു. റവ. ഫാ. ജോർജ് മടുക്കാവിൽ അദ്ധ്യാക്ഷത വഹിച്ച സമ്മേളനത്തിൽ കോതനല്ലൂർ ഫൊറോന വികാരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ക്ലാസ് നയിച്ചു. കടുത്തുരുത്തി, ഇലഞ്ഞി, മുട്ടുചിറ, കോതനല്ലൂർ, കുറവിലങ്ങാട് എന്നീ ഫൊറോനകളിലെ ശാഖാ,മേഖലാ ഭാരവാഹികൾ സംഗമത്തിൽ പങ്കെടുത്തു. റീജണൽ ഓർഗനൈസർ ശ്രീ. റോയി മലയിൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**7. മേഖലാ വാർത്തകൾ**

**a. പ്രവിത്താനം മേഖല മിഷൻ കായികമേള**

പ്രവിത്താനം മേഖലയുടെ ആഭിമുഖ്യത്തിൽ 2018 ഡിസംബർ 2-ാം തീയതി മിഷൻ കായികമേള നടത്തി. കൈയ്യൂർ, ഉള്ളനാട്, മുണ്ടാങ്കൽ ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**b. പ്രസംഗ പരിശീലനം**

പ്രവിത്താനം മേഖലയുടെ ആഭിമുഖ്യത്തിൽ 2018 ഡിസംബർ 9-ാം തീയതി പ്രസംഗപരിശീലനം നടത്തി. ശ്രീ. ബിജു അരീക്കാട്ട് ക്ലാസ് നയിച്ചു.

**c. കുറവിലങ്ങാട് മേഖല അൽഫോൻസാ തീർത്ഥാടനം**

കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലേക്ക് നടത്തിയ തീർത്ഥാടനത്തിൽ നൂറ് കണക്കിന് അംഗങ്ങൾ പങ്കെടുത്തു. മേഖലാ ഡയറക്ടർ റവ.ഫാ. തോമസ് കുറ്റിക്കാട്ടിൽ, സി. ജെൻസി C.M.C., ശ്രീ. ബിജോയി ജോർജ്, എലിസബത്ത് ജോണി, അമൽ സെബാസ്റ്റ്യൻ തുടങ്ങിയവർ നേതൃത്വം നൽകി.

**d. കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ കരോൾ ഗാനമത്സരം**

കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ കുട്ടികൾക്കായി ഡിസംബർ 23-ാം തീയതി കരോൾ ഗാനമത്സരം നടത്തി. വിജയികൾക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്തു.

**e. അരുവിത്തുറ മേഖലയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ആഘോഷം**

അരുവിത്തുറ മേഖലയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 22-ാം തീയതി ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി 'ഉണ്ണീശോയ്ക്ക് കത്തെഴുത്ത്' മത്സരവും 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരവും 8 മുതൽ 12 വരെ കുട്ടികൾക്ക് നക്ഷത്രനിർമ്മാണ മത്സരവും ശാഖകൾക്കായി കരോൾ ഗാനമത്സരവും സംഘടിപ്പിച്ചു.

f. അരുവിത്തുറ മേഖലയിലെ കുഞ്ഞുമിഷനറിമാർക്കായി ഡിസംബർ 28,29 തീയതികളിൽ ജൂണിയേഴ്സ് ക്യാമ്പ് സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് ബെന്നിസൺ മണ്ണാറാത്ത്, സെക്രട്ടറി ജോബിൻ കണിപറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

g. ഭരണങ്ങാനം മേഖലയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 2-ാം തീയതി വചന മത്സരം നടത്തി. സി. കാരലിൻ F.C.C., സ്നോബിൻ കാട്ടുങ്കൽ, സ്റ്റീന സഖറിയാസ്, മാനുവൽ പാലമറ്റത്തിൽ, സുസ്മി പനട്ടമാക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

h. ഭരണങ്ങാനം മേഖലയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 28-ാം തീയതി 9-ാമത് കുഞ്ഞേട്ടൻ ക്വിസ് മത്സരം നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**വിജ്ഞാനോത്സവ് - മെഗാക്വിസ്**

രൂപത വിദ്യാർത്ഥിപ്രസ്ഥാനമായ കെസിഎസ്എൽ ഡിസംബർ ഒന്നിന് പാലാ അൽഫോൻസാ കോളജിൽ 'വിജ്ഞാനോത്സവ് 2018' എന്ന പേരിൽ മെഗാക്വിസ് മത്സരം സംഘടിപ്പിച്ചു. പൊതുവിജ്ഞാനം ആസ്പദമാക്കി നടന്ന മത്സരത്തിൽ രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നായി അറുന്നൂറിലധികം

കുട്ടികൾ പങ്കെടുത്തു. മൂലമറ്റം സെന്റ് ജോസഫ്സ് കോളജിലെ കെമിസ്ട്രി വിഭാഗം അധ്യാപകൻ പ്രഫ. ജോസ് ജെയിംസ് ക്വിസ് മാസ്റ്ററായിരുന്നു. ക്വിസ് മത്സരത്തിൽ വിജയികളായവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

**മത്സരവിജയികൾ**

എച്ച്.എസ്.എസ്. വിഭാഗം ആദ്യത്തെ അഞ്ചുസ്ഥാനങ്ങൾക്ക് അർഹരായവർ: ഷോൺ ഡോമിനിക് & ജെഫ് പ്രകാശ് (സെന്റ് അഗസ്റ്റിൻസ്, രാമപുരം), നിരഞ്ജൻ സിബി & അർജുൻ അനിക്കുട്ടൻ (ഹോളിക്രോസ്, ചേർപ്പുങ്കൽ), ജിനോ ജോർജ് & സഞ്ജു റ്റോം (സെന്റ് ആന്റണീസ്, പ്ലാശനാൽ), അർജുൻ കെ. & ആരോൺ കുര്യാക്കോസ് (മേരിഗിരി പബ്ലിക് സ്കൂൾ, കൂത്താട്ടുകുളം), അനെക്സ് സിറിയക് & ദിലീഷ് ജോൺ (സെന്റ് ജോൺസ്, കൊഴുവനാൽ).

എച്ച്.എസ്. വിഭാഗം ആദ്യത്തെ അഞ്ചുസ്ഥാനങ്ങൾക്ക് അർഹരായവർ: സാനിയ ജെം മാത്യു & ശ്രേയ ജെം മാത്യു (കാർമ്മൽ പബ്ലിക് സ്കൂൾ, പാലാ), സാരംഗ് റ്റി. സുധീർ & ഗൗതം കുമാർ എം. (മേരി മൗണ്ട് പബ്ലിക് സ്കൂൾ, കട്ടച്ചിറ), അഭിജിത്ത് ജയൻ & റ്റോം എസ്. അരീക്കാട്ട് (സാൻജോസ് സീനിയർ സെക്കൻഡറി സ്കൂൾ, ചൂണ്ടച്ചേരി), അലീന ജോസഫ് & നന്ദന അനിൽകുമാർ (സെന്റ് മേരീസ്, പാലാ), എയ്ഞ്ചൽ മരിയ തങ്കച്ചൻ & നിമ്മി മാത്യു (സെന്റ് മേരീസ്, കുറവിലങ്ങാട്).

യു.പി. വിഭാഗം ആദ്യത്തെ അഞ്ചുസ്ഥാനങ്ങൾക്ക് അർഹരായവർ: ശ്രുതി നന്ദന എം.എസ് & അഭിജിത്ത് ബിജു (സെന്റ് ജോസഫ്സ്, വെള്ളിലാപ്പിള്ളി), അഭയ് റെജീഷ് & എൻ. ഹരിശങ്കർ (എസ്കെപിഎസ് കടുത്തുരുത്തി), എയ്ഞ്ചൽ റോസ് അലക്സ് & ആൽബി ബിനോയി (സെന്റ് മേരീസ്, തീക്കോയി), അലോണ സോണി & സോനാ ജെയിംസ് (സെന്റ് ജോൺസ്, കുറുമണ്ണ്), അലീന മാത്യു & ഡയാന ജോർജ് (സെന്റ് ജോർജ്, കൂട്ടിക്കൽ).

ഹയർസെക്കൻഡറി, ഹൈസ്കൂൾ, യു.പി. വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച സ്കൂളുകൾക്കും പ്രത്യേകം സമ്മാനമുണ്ട്. ഹയർ സെക്കൻഡറി വിഭാഗത്തിൽ രാമപുരം സെന്റ് അഗസ്റ്റിൻസും പാലാ സെന്റ് മേരീസും പങ്കാളിത്തത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിലും യു.പി. വിഭാഗത്തിലും പാലാ സെന്റ് മേരീസ് ഒന്നാമതെത്തി.

പാലാ രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ വിജയികളെ അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പങ്കാളിത്തത്തിൽ ഒന്നാമതെത്തിയ സ്കൂളുകൾക്കുള്ള പാരിതോഷികങ്ങൾ ജനുവരിയിൽ നടക്കുന്ന കെ.സി.എസ്.എൽ. രൂപത വാർഷികസമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.

കെസിഎസ്എൽ പ്രസിഡന്റ് സാലി കെ.ജെ, ജനറൽ ഓർഗനൈസർ സോജൻ കെ.ജെ, ബ്രദർ റീജന്റ് അനൂപ് വാഴേപ്പറമ്പിൽ, ചെയർമാൻ ആൽബിൻ ജിജോ, സെക്രട്ടറിമാരായ ജോൺ തോമസ്, ആൻമരിയ തോമസ് തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

**സ്കൂൾ സന്ദർശിച്ചു**

ഡിസംബർ 6 ന് ഡയറക്ടർ ഫാ. കുര്യൻ തടത്തിലും, വൈസ് പ്രസിഡന്റ് എബിസാറും, ബ്രദർ അനൂപ് വാഴേപ്പറമ്പിലും തീക്കോയി സെന്റ് മേരീസ് സ്കൂൾ സന്ദർശിക്കുകയും സന്ദേശം നല്കുകയും കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**കരോൾ ഗാനമത്സരം (ക്രിസ് കോറസ്)**

പാലാ രൂപത കെ.സി.എസ്.എൽ.ന്റെ ആഭിമുഖ്യത്തിൽ കെസിഎസ് എൽ ഫോർമർ മെമ്പേഴ്സ് ഫോറം (പൂർവ്വാംഗവേദി) സംഘടിപ്പിക്കുന്ന ക്രിസ്മസ് കരോൾഗാനമത്സരം ഡിസംബർ 26 ബുധനാഴ്ച രാവിലെ 9.30 മുതൽ പാലാ അൽഫോൻസാ കോളജ് ഓഡിറ്റോറിയത്തിൽ നടക്കുന്നു. മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന ടീമുകൾക്ക് യഥാക്രമം 10000, 7000, 5000 രൂപ സമ്മാനമായി നല്കും.

**കെ.സി.എസ്.എൽ. പൂർവ്വാംഗവേദി (KCSL FMF)**

കരോൾഗാന മത്സര(ക്രിസ് കോറസ്)ത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനുമായി ഫോർമർ മെമ്പേഴ്സ് ഫോറം അംഗങ്ങൾ യോഗം ചേരുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**കളരി വിതരണം ചെയ്തു**

കെ. സി. എസ്. എൽ പ്രസിദ്ധീകരണമായ 'കളരി' രണ്ടാം ലക്കം ബ്രദർ അനൂപ് വാഴേപ്പറമ്പിലിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ എത്തിച്ച് വിതരണം നടത്തി.

**ആശുപത്രി സന്ദർശനം**

കെ.സി.എസ്.എൽ സ്റ്റേറ്റ് പ്രസിഡന്റ് ശ്രീ. മാത്തുകുട്ടി കുത്തനാപ്പിള്ളിയെ പാലാ രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ കൂത്താട്ടുകുളം ആശുപത്രിയിൽ പോയി സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**സ്റ്റഡി സർക്കിൾ മത്സരം**

പ്രളയം2nd മൂലം ഈ വർഷം സംസ്ഥാനതലത്തിൽ കലോത്സവം നടക്കുന്നില്ലെങ്കിലും, കെ. സി. എസ്. എൽ ന്റെ മസ്തിഷ്കവും ഹൃദയവും എന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്റ്റഡി സർക്കി (പഠനക്കളരി) ളിന്റെ മത്സരം രൂപതാതലത്തിൽ സംഘടിപ്പിച്ചിരിക്കുന്നു. ജനുവരി 12-ാം തീയതി രണ്ടാംശനിയാഴ്ചയായിരിക്കും മത്സരം. കെ. സി. എസ്. എൽ അംഗങ്ങളായ കത്തോലിക്കാ കുട്ടികൾക്കുമാത്രമാണ് മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളത്. രജി. ഫീസ്: ഒരു ടീമിന് 210 രൂപ (7x 30). വിഷയം : നവമാധ്യമങ്ങൾ സ്വാതന്ത്ര്യമോ അടിമത്തമോ? (HSS, HS, UP)

സ്റ്റഡി സർക്കിൾ മത്സരനിബന്ധനകൾ PLAN OF ACTION പേജ് 21, 22 കാണുക. കെ. സി. എസ്. എൽ പാലാ രൂപതാകേന്ദ്രം തയ്യാറാക്കി അവതരിപ്പിച്ചിരിക്കുന്ന മാതൃകാ സ്റ്റഡി സർക്കിൾ (ഘടനയും രീതിയും മാത്രം

അറിയാൻ) യൂ ട്യൂബിൽ Study Circle Pala സേർച്ച് ചെയ്താൽ കാണാവുന്നതാണ്. (https://youtu.be/pIfdEqkBjiI)

**കെ. സി. എസ്. എൽ ആന്തം മത്സരം**

ജനുവരി 12 ന് നടക്കുന്ന സ്റ്റഡിസർക്കിൾ മത്സരത്തോടൊപ്പം കെ. സി. എസ്. എൽ ആന്തം മത്സരവും സംഘടിപ്പിച്ചിരിക്കുന്നു. ഒരു സ്കൂളിൽനിന്ന് എത്ര ടീമിന് വേണമെങ്കിലും പങ്കെടുക്കാം. ഒരു ടീമിൽ ഏഴു പേരുണ്ടായിരിക്കണം. 64 സെക്കന്റാണ് മത്സരസമയം. കെ. സി. എസ്. എൽ അംഗങ്ങളായ കത്തോലിക്കാ കുട്ടികൾക്കുമാത്രമാണ് മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളത്. ഹയർ സെക്കൻഡറി, ഹൈസ്കൂൾ, യു. പി വിഭാഗങ്ങൾക്ക് വെവ്വേറെയാണു മത്സരം. രജി. ഫീസ്: ഒരു ടീമിന് 210 രൂപ. (7x 30) കെ. സി. എസ്. എൽ പാലാ രൂപതാകേന്ദ്രം തയ്യാറാക്കി അവതരിപ്പിച്ചിരിക്കുന്ന മാതൃകാ കെ. സി. എസ്. എൽ ആന്തം യൂ ട്യൂബിൽ kcsl palai diocese സേർച്ച് ചെയ്താൽ കാണാവുന്നതാണ്. (https://youtu.be/7mlH7TmgE_U)

**സഹപാഠിക്ക് ഒരു ബൈബിൾ**

കേരളം നേരിട്ട മഹാപ്രളയത്തെ തുടർന്ന് ദുരിതം നേരിട്ട പ്രദേശങ്ങളിൽ 'സഹപാഠിക്ക് ഒരു ബൈബിൾ' എന്ന പേരിൽ കെ. സി. എസ്. എൽ സംസ്ഥാനതലത്തിൽ നടത്തിവരുന്ന പദ്ധതിയോട് പാലാ രൂപതയും സഹകരിക്കുന്നു. പ്രസ്തുത പദ്ധതിയിലേക്കുള്ള സംഭാവനകൾ ബൈബിളായോ തത്തുല്യമായ തുകയായോ കെ. സി. എസ്. എൽ രൂപത ഓഫീസിൽ ജനുവരി 12 ന് മുമ്പ് എത്തിക്കേണ്ടതാണ്.

**വചനമെഴുത്ത് മത്സരം**

ഡിസംബർ മാസം കെ.സി.ബി.സി വചനപാരായണമാസമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ കെ.സി.എസ്. എൽ കുട്ടികൾക്കായി വചനമെഴുത്തുമത്സരം സംഘടിപ്പിച്ചിരിക്കുന്നു. ജീവന്റെ തുടിപ്പുള്ള 250 ബൈബിൾവചനങ്ങൾ സമാഹരിച്ച് 'ജീവന്റെ വചസ്സുകൾ' എന്ന പേരിൽ കെ.സി.എസ്.എൽ പാലാ പുറത്തിറക്കിയ ഗ്രന്ഥമാണ് പഠനത്തിന് അവലംബം. പുസ്തകം 15 രൂപ നിരക്കിൽ ഓഫീസിൽ ലഭ്യമാണ്. മത്സരം ജനുവരി 12 ന് പാലാ സെന്റ് മേരീസ് സ്കൂളിൽ നടക്കും. രജി. ഫീസ്. 25 രൂപാ.

മത്സരരീതി : നിശ്ചിത സമയംകൊണ്ട് തിരുവചനങ്ങൾ (അദ്ധ്യായവും വാക്യവും ഉൾപ്പെടെ) തെറ്റില്ലാതെ വൃത്തിയുള്ള കൈപ്പടയിൽ മത്സരാർത്ഥി എഴുതുന്നു. ഹയർസെക്കൻഡറി, ഹൈസ്കൂൾ വിഭാഗങ്ങൾക്ക് ഒന്നിച്ചായിരിക്കും മത്സരം. യു. പി വിഭാഗത്തിനുള്ള മത്സരത്തിൽ നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്.

**അദ്ധ്യാപകർക്കുള്ള ലേഖനമത്സരം – വിജയികൾ**

സൈബർ ലോകവും യുവതലമുറയും എന്ന വിഷയത്തെ അധികരിച്ച് കെസിഎസ്എൽ പാലാ രൂപത സ്കൂൾ അദ്ധ്യാപകർക്കായി നടത്തിയ ലേഖന മത്സരത്തിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് അർഹരായവർ : മിനിമോൾ മാത്യു (സെന്റ് മേരീസ്, പാലാ), സിസ്റ്റർ റോമി ജോൺ എഫ്.സി.

സി. (സെന്റ് ജോസഫ്സ്, കുടക്കച്ചിറ), സിസ്റ്റർ ലിസ് മരിയ സി.എം.സി. (സെന്റ് ജോസഫ്സ്, മുത്തോലി).

**സെൻട്രൽ കമ്മിറ്റി – പി.ഒ.സി.**

ഡിസംബർ 22 ന് എറണാകുളം പി.ഒ.സി.യിൽ ചേർന്ന സ്റ്റേറ്റ് സെൻട്രൽ കമ്മിറ്റി യോഗത്തിൽ പാലാ രൂപതയിൽനിന്ന് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, പ്രസിഡന്റ് സാലി കെ.ജെ., വൈസ് പ്രസിഡന്റുമാരായ എബിസാർ, പ്രിറ്റി ടീച്ചർ, സ്റ്റേറ്റ് എക്സിക്യൂട്ടീവംഗം ആഷ്‌ലി ടെസ് ജോൺ, സ്റ്റുഡന്റ് പ്രതിനിധി നിക്കി ജോയി എന്നിവർ പങ്കെടുത്തു. ഉപരിപഠനത്തിനായി പോകുന്ന സ്റ്റേറ്റ് ഡയറക്ടർ ഫാ. തോംസണ് നൽകിയ യാത്രയയപ്പു മീറ്റിംഗിൽ പാലാ രൂപതപ്രസിഡന്റിന്റെ നേതൃത്വത്തിൽ മംഗളഗാനം ആലപിച്ചു.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ**

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# എസ്.എം.വൈ.എം.

**1. ഹോളിനൈറ്റ് നടത്തപ്പെട്ടു**

SMYM പാലാ രൂപത സംഘടിപ്പിച്ച 4-ാമത് ക്രിസ്തുമസ് കരോൾ മത്സരം 'ഹോളിനൈറ്റ്' 2018 ഡിസംബർ 15-ാം തീയതി ശനിയാഴ്ച പാലായിൽ നടത്തപ്പെട്ടു. പാലാ അരമനയിൽനിന്ന് ആരംഭിച്ച റാലിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകി. പാലാ DYSP ശ്രീ ഷാജിമോൻ ജോസഫ് റാലി ഫ്ളാഗോഫ് ചെയ്തു. ഈ വർഷം 21 ടീമുകളാണ് പങ്കെടുത്തത്. ക്രിസ്തുമസ് കരോൾ മത്സരത്തിന് ഒന്നാംസ്ഥാനം 10001 രൂപ ലഭിച്ചത് കുറവിലങ്ങാട് യൂണിറ്റിനും രണ്ടാം സ്ഥാനം 7001 രൂപ ലഭിച്ചത് ചെമ്മലമറ്റം യൂണിറ്റിനും മൂന്നാം സ്ഥാനം 5001 രൂപ ലഭിച്ചത് ഇലഞ്ഞി യൂണിറ്റിനും നാലാം സ്ഥാനം 3001 രൂപ ലഭിച്ചത് മൂളക്കുളം യൂണിറ്റിനുമാണ്. കൂടാതെ പങ്കെടുത്ത എല്ലാ ടീമുകൾക്കും 1000 രൂപ പ്രോത്സാഹന സമ്മാനവും നൽകി. മുൻസിപ്പൽ കോംപ്ലക്സിനു മുമ്പിൽ വച്ച് നടന്ന സമാപന സമ്മേളനത്തിൽ പാലാ നഗരസഭാധ്യക്ഷ ശ്രീമതി ബിജി ജോജോ സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപതാ ഡയറക്ടർ വെരി. റവ. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, രൂപതാ അസി. ഡയറക്ടർ റവ. ഫാ.ജെയിംസ് മടിക്കാങ്കൽ, ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി. എസ്. റ്റി. രൂപതാ പ്രസിഡന്റ് ആൽവിൻ ഞായർകുളം ജനറൽ സെക്രട്ടറി ബിബിൻ ചാമക്കാലയിൽ എന്നിവരുടെ മേൽനോട്ടത്തിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**2) YATP ക്യാമ്പ്**

SMYM ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന യൂത്ത് ആനിമേറ്റർ ട്രെയിനിംഗ് പ്രോഗ്രാം YATP 26-ാം ബാച്ചിന്റെ അവസാന സെക്ഷൻ ഡിസംബർ 7, 8 തീയതികളിൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ അസി. ഡയറക്ടർ റവ. ഫാ. ജെയിംസ് മടിക്കാങ്കൽ, ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.റ്റി. ക്യാമ്പ്

കോർഡിനേറ്റർ ശ്രീ സുരേഷ് മാത്യു എന്നിവർ നേതൃത്വം നൽകി. റവ. ഡോ. തോമസ് മേനാച്ചേരി, റവ. ഡോ. അബ്രാഹം പാലയ്ക്കത്തടത്തിൽ ശ്രീ ഷൈജു എന്നിവർ ക്ലാസുകൾ നയിച്ചു. ഈ വർഷത്തെ YATP ക്ലാസുകൾ ഏറേ ഗുണ കരമായിരുന്നു എന്ന് യുവജനങ്ങൾ അഭിപ്രായപ്പെട്ടു.

**3 എക്സിക്യൂട്ടിവ് മീറ്റിംഗ്**

ഡിസംബർ 8-ാം തീയതി പാലാ അൽഫോൻസാ കോളേജിൽവച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. മേഖല തെരഞ്ഞെടുപ്പ്, മറുപടി മാഗസിൻ, വാർഷിക സമ്മേളനം (ഗ്ലോറിയ 2018) എന്നിവയായിരുന്നു പ്രധാന ചർച്ചാവിഷ യങ്ങൾ രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ ഫാ. ജെയിംസ് മടിക്കാങ്കൽ, സി. ഷൈനി ഡി.എസ്.റ്റി, മറ്റ് ഭാരവാഹികളും സന്നിഹിതരായി രുന്നു. ഈ വർഷത്തെ വാർഷിക സമ്മേളനം (ഗ്ലോറിയ 2018) ഡിസംബർ 29-ാം തീയതി പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെ ടുന്നതാണ്. എക്സിക്യൂട്ടിവ് അംഗങ്ങൾക്ക് ഓരോ ചുമതലയും വിഭജിച്ച് കൊടു ത്തു.

**4 മേഖല ഇലക്ഷൻ**

ഡിസംബർ 4-ാം തിയതി മുതൽ വിവിധ ഫൊറോനകളിൽ മേഖല ഇലക്ഷൻ നടന്നുകൊണ്ടിരിക്കുന്നു. ഈ വർഷം അംഗത്വം പുതുക്കിയ യൂണി റ്റുകൾക്കു മാത്രമേ മേഖല ഇലക്ഷനിൽ മത്സരിക്കാൻ സാധിക്കുകയുള്ളു, രൂപതാ ഇലക്ഷൻ ഡിസംബർ 29-ാം തിയതി നടത്തപ്പെടുന്നതാണ്.

**5 യൂണിറ്റ് രൂപീകരിച്ചു**

ഡിസംബർ 16-ാം തീയതി പെരുന്തുരുത്ത് ഇടവകയിൽ SMYM ന്റെ യൂണിറ്റുകൾ രൂപീകരിച്ചു. രൂപതാ ഡയക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറ മ്പിൽ പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ചാവേലി പരിപാടി കൾക്ക് നേതൃത്വം നൽകി.

**6 മേഖല വാർഷികം**

കുറവിലങ്ങാട് മേഖല വാർഷികം ഡിസംബർ 8-ാം തീയതി കുറിച്ചി ത്താനം ഇടവകയിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, മേഖല രക്ഷാധികാരി, റവ. ഫാ.ജോസഫ് തടത്തിൽ, ഇടവ കവികാരി ഫാ. ജോർജ് അമ്പഴത്തുങ്കൽ, മേഖലഡയക്ടർ ഫാ. ജോർജ് നെല്ലി ക്കൽ മേഖല ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**

**ഫാ. ജെയിംസ് മടിക്കാങ്കൽ (അസി.ഡയറക്ടർ)**

# കുടുംബകൂട്ടായ്മ

1. 2-12-2018 ഞായറാഴ്ച രാവിലെ 7.00 മണിക്ക് തോടനാൽ പള്ളിയിൽ ബഹുമാ നപ്പെട്ട വിൻസെന്റച്ചൻ കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു.

അന്നേ ദിവസം ഉച്ചകഴിഞ്ഞ് 4 മണിക്ക് തോടനാൽ ഇടവകയുടെ 15 കുടുംബക്കൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീം ക്ലാസ്സെടുത്തു.

2. 5-12-2018

ബുധനാഴ്ച രാവിലെ 9.30 മുതൽ പുതിയ റിസോഴ്സ് ടീമിന്റെ പരിശീലനപരിപാടി. ശാലോം പാസ്റ്ററൽ സെന്ററിൽവച്ചു നടന്നു. കുടുംബക്കൂട്ടായ്മാ രൂപതാ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ജോസ് മേരി FCC എന്നവർ നേതൃത്വം നൽകി.

3. 9-12-2018

ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4.30 ന് മല്ലികശ്ശേരി ഇടവകയിലെ 12 കുടുംബക്കൂട്ടായ്മ രൂപതാ റിസോഴ്സ് ടീം കുടുംബക്കൂട്ടായ്മക്ക് ക്ലാസ്സെടുത്തു.

4. 15-12-2018

ശനിയാഴ്ച 3 മണിക്ക് മെത്രാനസമന്ദിരത്തിൽവച്ചുനടന്ന 'പാലാ ദൂത്' എന്ന പത്രം പ്രകാശനപരിപാടികളിൽ രൂപതയിലെ 170 ഇടവകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

പത്രത്തിന്റെ വിതരണോദ്ഘാടനം പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് രൂപത പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ.സിറിയക് തോമസിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു. രൂപതയിലെ മുഴുവൻ ഇടവകകളിലേക്കുമുള്ള പത്രക്കെട്ടുകൾ കുടുംബക്കൂട്ടായ്മാഭാരവാഹികൾ തങ്ങളുടെ ഇടവകകളിലേയ്ക്ക് എത്തിച്ചു വിതരണം നടത്തി.

5. 16-12-2018

ഞായറാഴ്ച രാവിലെ 7 മണിക്ക് സേവ്യർപുരം ഇടവകദേവാലയത്തിൽ വിശുദ്ധ കുർബാനഅർപ്പിച്ചു. ബഹു. വിൻസെന്റച്ചൻ കുടുംബക്കൂട്ടായ്മയെപ്പറ്റി പ്രസംഗിച്ചു.

അന്നേദിവസം തന്നെ ഉച്ചകഴിഞ്ഞ് 4 മണിക്ക് സേവ്യർപുരം ഇടവകയിലെ 17 കുടുംബക്കൂട്ടായ്മകളിലും രൂപത റിസോഴ്സ് ടീംമഗങ്ങൾ കുടുംബക്കൂട്ടായ്മയെക്കുറിച്ച് ക്ലാസ്സെടുത്തു.

6. 10-12-2018

തിങ്കളാഴ്ച രാവിലെ10 മണിമുതൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് കുടുംബക്കൂട്ടായ്മ രൂപതാ കൗൺസിലർ സമ്മേളിച്ചു. പ്രസ്തുത സമ്മേളനത്തിൽ രൂപതയിൽനിന്നു പ്രസിദ്ധീകരിക്കുവാൻ തുടങ്ങുന്ന പത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. എല്ലാ ഇടവകകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൽ വീതം 15-12-2018 -ൽ അരമനയിൽവെച്ച് നടക്കുന്ന പത്രപ്രകാശനത്തിലേയ്ക്ക് ക്ഷണിക്കുവാൻ ഫൊറോനാ കോർഡിനേറ്റർമാരെയും സെക്രട്ടറിമാരെയും ചുമതലപ്പെടുത്തി.

7. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ രൂപതയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പത്രത്തിന്റെ ഇടവകതിരിച്ചുള്ള കോപ്പികൾ എണ്ണിതിട്ടപ്പെടുത്തി കെട്ടു

കൾ ആക്കുന്നതിനും ഹർത്താൽ ദിനമായിട്ടുപോലും എല്ലാ ഫൊറോനാകളിൽ നിന്നും ഫൊറോനാകൗൺസിലർ അംഗങ്ങൾ പങ്കെടുത്തു.

8. 7-12-2018

വെള്ളിയാഴ്ച 10 മണിമുതൽ കാക്കനാട് മൗണ്ട് സെന്റ്.തോമസ് സീറോ മലബാർ സഭാ കാര്യാലയത്തിൽവെച്ച് നടന്നു. സീറോ മലബാർസഭ രൂപതകളുടെ കുടുംബക്കൂട്ടായ്മ വാർഷികസമ്മേളനത്തിൽ പാലാ രൂപതയിൽനിന്നും ഡയറക്ടർ ഫാ.വിൻസെന്റ് മൂങ്ങാമാക്കൽ, ആനിമേറ്റർ സി. ജെയ്സി സി.എം.സി. കോർഡിനേറ്റർ തോമസ് വടക്കേൽ, സെക്രട്ടറി ജോണി സിറിയക്ക് വേലംകുന്നേൽ തുടങ്ങിയ 7 പ്രതിനിധികൾ സംബന്ധിച്ചു. പ്രസ്തുത സമ്മേളനത്തിൽ പാലാരൂപതയുടെ പ്രവർത്തനങ്ങൾ മുക്തകണ്ഠമായി പ്രശംസിച്ചു.

9. 12-12-2018

ബുധനാഴ്ച 9.30 മുതൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽവെച്ച് കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീമിലേയ്ക്കുള്ള തുടർപരിശീലനപരിപാടി നടന്നു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ജോസ് മേരി. എഫ്.സി.സി. തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. Making Families Holy

2019 ജനുവരി മുതൽ Making Families Holy എന്ന പേരിൽ ഒരു കുടുംബ നവീകരണ പ്രോഗ്രാം ആരംഭിക്കുന്നു. 50 വയസ്സിൽ താഴെയുള്ള ദമ്പതികൾക്കായിട്ടാണ് ഈ പരിപാടി ക്രമീകരിച്ചിരിക്കുന്നത്. ആദ്യബാച്ച് 4,5,6 തീയതികളിൽ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തപ്പെടുന്നു. 4-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 5.30 ന് ആരംഭിച്ച് 6-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്.

## B. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ഡിസംബർ 10-12, 31-2** തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 314 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജനുവരി 14-16, 28-30** തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ തുടരുന്നു. **ഫെബ്രുവരി 18-20** തിയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ഡിസംബർ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 510 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## C. വിശുദ്ധനാട് തീർത്ഥാടനം

2019 ഫെബ്രുവരി മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ വിശുദ്ധനാട് തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നു. വിശുദ്ധനാട് സന്ദർശനത്തിന് താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് 04822 210049, 8547150049 എന്നീ നമ്പരിൽ വിളിക്കുക.

## D. മാതൃ-പിതൃവേദി സംയുക്തപരിപാടികൾ

### 1. ജൂബിലി ആഘോഷം - പാലാ

ഡിസംബർ 4 ന് രൂപത മാതൃ-പിതൃവേദികളുടെ ഭാരവാഹികൾ സംയുക്തമായി സമ്മേളിച്ച് രൂപത വികാരി ജനറാൾ റവ. ഫാ. ജോസഫ് കുഴിഞ്ഞാലിയുടെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിച്ചു. ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ സ്വാഗതമാശംസിച്ചു സംസാരിച്ചു. ശ്രീമതി വേറോനിക്ക ജോസഫ്, ശ്രീ. ജോസ് കീലത്ത്, സി. കുസുമം എസ്.എച്ച് എന്നിവർ ആശംസകൾ നേർന്നു. പിതൃവേദി രൂപത സെക്രട്ടറി ശ്രീ. ബെന്നി കോച്ചേരി നന്ദി രേഖപ്പെടുത്തി.

### 2. ക്രിസ്തുമസ്സ് ആശംസ

മാതൃപിതൃവേദി ഭാരവാഹികൾ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന് ക്രിസ്തുമസ്സ് ആശംസകൾ നേർന്നു.

## E. പിതൃവേദി

### 1. പുതിയ ഭാരവാഹികളുടെ ലിസ്റ്റ്

പിതൃവേദിയുടെ 2019-20 വർഷത്തെക്കുള്ള രൂപത, മേഖല, യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ് ഓഫീസിൽ വന്നുകൊണ്ടിരിക്കുന്നു.

## F. മാതൃവേദി

### 1. രൂപതാതലം

**പാലാ:** ഡിസംബർ 3 ന് ശാലോം സെന്ററിൽ വച്ച് രൂപതയുടെ മാതൃവേദി ജോയിന്റ് ഡയറക്ടേഴ്സിന്റെ സംഗമം നടത്തി. അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നല്കി. റവ. ഫാ. ജോൺ മറ്റമുണ്ടയിൽ ജോയിന്റ് ഡയറക്ടേഴ്സിന് ക്ലാസ്സെടുത്തു. ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ സ്വാഗതവും ജോ.ഡയറക്ടർ സി. കുസുമം എസ്.എച്ച് നന്ദിയും രേഖപ്പെടുത്തി. രൂപതാഭാരവാഹികൾ സമ്മേളനത്തിന് നേതൃത്വം നല്കി.

### 2. കരോൾഗാനമത്സരം

ഡിസംബർ 11ന് രൂപതാതല കരോൾഗാനമത്സരം ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. ഒന്നാംസ്ഥാനം ഭരണങ്ങാനം യൂണിറ്റും 2-ാം സ്ഥാനം കൂത്താട്ടുകുളം യൂണിറ്റും 3-ാം സ്ഥാനം മുട്ടം സിബിഗിരി യൂണിറ്റും കരസ്ഥമാക്കി. വിജയികളെ ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ അഭിനന്ദനം അറിയിച്ചു.

**3. മേഖലാപ്രവർത്തനങ്ങൾ**

പാലാ, രാമപുരം, കടനാട്, തുടങ്ങനാട്, അരുവിത്തുറ മേഖലകളിൽ യൂണിറ്റ് ഭാരവാഹികളുടെ സമ്മേളനം നടത്തി. ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ ക്ലാസ്സ് നടത്തുകയും ചർച്ചകൾ നയിക്കുകയും ചെയ്തു. സമ്മേളനങ്ങൾക്ക് രൂപത ഭാരവാഹികൾ നേതൃത്വം നല്കി.

**4. ക്രിസ്തുമസ് ആഘോഷം**

മാതൃവേദി രൂപതാസമിതി ഡിസംബർ 4-ാം തീയതി ഷലോമിൽ വച്ചും കുറവിലങ്ങാട് മാതൃവേദി അംഗങ്ങൾ കുറവിലങ്ങാട് മേഖലയിൽ വച്ചും ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിലിന്റെ സാന്നിധ്യത്തിൽ വിപുലമായ ക്രിസ്തുമസ്സ് ആഘോഷം നടത്തി.

**4. മേഖലഡയറക്ടേഴ്സ് മീറ്റ് - പാലാ**

ഡിസംബർ 6-ാം തീയതി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി മേഖല ഡയറക്ടേഴ്സ് മീറ്റ് വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. 17 ഫെറോനയിലെ മേഖല ഡയറക്ടഴേസ് പരിപാടിയിൽ പങ്കെടുത്തു.

**5. സെമിനാർ- മൂന്നിലവ്**

മൂന്നിലവ് യൂണിറ്റിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഇടവകയിലെ അമ്മമാർക്കുവേണ്ടി സെമിനാർ സംഘടിപ്പിച്ചു. രൂപത ജോ. ഡയറക്ടർ സി. കുസുമം 'പേരന്റിംഗ്' എന്ന വിഷയത്തിൽ സെമിനാർ നയിച്ചു. ഇടവകവികാരി റവ. ഫാ. ജോർജ് ചൊള്ളനാലിന്റെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികൾ സമ്മേളനം വിജയപ്രദമാക്കി.

**6. കേക്ക് നിർമ്മാണപരിശീലനക്ലാസ്സ് - പാലാ**

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് മാതൃവേദി അംഗങ്ങൾക്കായി കേക്ക് നിർമ്മാണപരിശീലനക്ലാസ്സ് നടത്തപ്പെട്ടു.

**7. അറിയിപ്പ് (സെമിനാർ- ജനുവരി 11)**

മാതൃവേദി ജനുവരി 11 ന് ഇലഞ്ഞി മേഖലയിൽ കൗമാരജീവിതത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കുന്നതാണ്.

**8. പുതിയ യൂണിറ്റ്**

കീഴൂർ ഇടവകയിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ് രൂപീകരിച്ചു.

## G. ഹോംമിഷൻ

**1. ലൂർദ്മൗണ്ട്**

ഡിസംബർ 4 മുതൽ ആരംഭിച്ച ലൂർദ്മൗണ്ട് ഇടവകയിലെ ഹോംമിഷൻ പൂർത്തിയായി.

**2. ചോറ്റുതോട്**

ജനുവരി മുതൽ ചോറ്റുതോട് ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നതാണ്.

## I. പ്രോലൈഫ്

**1. പാവങ്ങളുടെ ദിനം**

പാലാ രൂപത തിടനാട് ക്ലാരാനഗർ മഠത്തിലെ സിസ്റ്റേഴ്സും അതിനോടനുബന്ധിച്ചുള്ള മേഴ്സി ഹോം, Colbe Hospies and Palliative Care Centre എന്നിവിടങ്ങളിലെ അന്തേവാസികളും ചാപ്പലിൽ ഒരുമിച്ചുകൂടി. പ്രോലൈഫ് സമിതി ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ സന്ദേശം നല്കി എല്ലാവർക്കും വേണ്ടി പ്രാർത്ഥന നടത്തി. അന്തേവാസികളിൽ പ്രായം കൂടിയ സഹോദരി (94 വയസ്സ്) യെ ഷാൾ പുതപ്പിച്ച് ആദരിച്ചു. എല്ലാവർക്കും സ്നേഹ വിരുന്നു നല്കി. കിടപ്പിലായ രോഗികളുടെ അടുക്കൽ പോയി പ്രാർത്ഥിച്ച് അനുഗ്രഹിച്ചു.

**2. ഫാമിലി സന്ദർശനം**

പ്രോലൈഫ് റ്റീം അംഗങ്ങൾ പൂഞ്ഞാർ, വെള്ളികുളം ഇടവകകളിലെ 4 ഉം അതിലധികം മക്കൾ ഉള്ള ഭവനങ്ങളിൽ പോയി ക്രിസ്തുമസ്സ് കേക്കും സമ്മാനങ്ങളും നല്കി ക്രിസ്തുമസ്സ് ആഘോഷിച്ചു.

## J. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഡിസംബർ മാസത്തെ മാഗസിൻ വിതരണം ചെയ്തുവരുന്നു.

## K. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

**11. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ –9496571321

## L. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം രാമപുരം(2), കുറുമണ്ണ്, പ്ലാശനാൽ, തോടനാൽ (2), മോനിപ്പള്ളി, മാൻവെട്ടം, ആശാനിലയം, തിടനാട്, മംഗ

ളാംരം, കടത്തുരുത്തി, മോലുകാവുമറ്റം, കീഴൂർ, ഇലഞ്ഞി (2), കൊണ്ടാട്, പൊടിമറ്റം(കാഞ്ഞിരപ്പള്ളി), മൂഴൂർ, ജീയോവാലി, അടുക്കം എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായമായി **1,01,000** രൂപാ നൽകി.

**ഫാ. അബ്രഹാം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**1. റബർ കർഷക കൺവൻഷൻ**

കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 16-ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് റബർ കർഷക കൺവെൻഷൻ സംഘടിപ്പിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുടെ കർഷക ദ്രോഹ നടപടികൾ അവസാനിപ്പിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. രാജ്യാന്തര കോർപ്പറേഷനുകൾക്ക് ഇന്ത്യയിലെ കർഷകരെ ചൂഷണം ചെയ്യാൻ അവസരമൊരുക്കുന്ന ആർ.സി.ഇ.പി. കരാർ റദ്ദാക്കണമെന്നും പൊതു തെരഞ്ഞെടുപ്പ് അടുത്ത വേളയിൽ രാഷ്ട്രീയ പാർട്ടികൾ നിലപാട് വ്യക്തമാക്കണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു. ആർ.സി.ഇ.പി. കരാറിനെക്കുറിച്ച് ഡോ. റെജി മേക്കാടൻ സെമിനാർ നയിച്ചു. പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ച സമ്മേളനം പാലാ രൂപത വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, ഇമ്മാനുവൽ നിധീരി, സാബു പൂണ്ടികുളം എന്നിവർ പ്രസംഗിച്ചു.

**2. നവോത്ഥാന അവകാശവാദത്തിനെതിരെ**

കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ ക്രൈസ്തവസഭയുടെ നേതൃത്വത്തെയും പ്രവർത്തനങ്ങളെയും തള്ളി പറഞ്ഞ വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവനയ്ക്കെതിരെ കത്തോലിക്ക കോൺഗ്രസ് പ്രതിഷേധ യോഗം ചേർന്നു. രൂപതാ എ.കെ.സി.സി ഓഫീസിൽ ചേർന്ന മീറ്റിംഗിൽ ഈ പ്രസ്താവന തിരുത്തണമെന്നും വർഗീയ വിദ്വേഷം കുത്തിവെയ്ക്കുന്ന നടപടികൾ അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. വിദ്യാഭ്യാസ, ആതുരശുശ്രൂഷ, ദാരിദ്ര്യനിർമ്മാർജ്ജന രംഗത്ത് സഭ നൽകിയ നേതൃത്വം അതുല്യമാണെന്നും മലയാളി മെമ്മോറിയൽ, പൗരസമത്വവാദപ്രക്ഷോഭം, ഉത്തരവാദത്വപ്രക്ഷോഭം തുടങ്ങിയവയിലൂടെ അടിച്ചമർത്തപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് നടത്തിയതിൽ ആർക്കും സാധിക്കില്ല എന്ന് യോഗം ഓർമ്മിപ്പിച്ചു. ഗുണഫലം അനുഭവിച്ചവർ തള്ളി പറയുന്നത് ചരിത്രത്തോടുള്ള നീതികേടാണെന്ന് കത്തോലിക്കാ കോൺഗ്രസ് പ്രസ്താവിച്ചു. പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു.

**3. സൈബർ ആക്ഷൻ ഫോറം ട്രെയിനിംഗ്**

രൂപതാ സമിതി ആരംഭിച്ച സൈബർ ആക്ഷൻ ഫോറത്തിന്റെ ട്രെയിനിംഗ് പ്രോഗ്രാം 16-ന് പാലായിൽ വച്ച് നടത്തപ്പെട്ടു. ഇടവക സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ ആരംഭിക്കാനും രൂപതാതല ഫോറത്തിൽ ലിങ്ക് ചെയ്യാനും വേണ്ട വാർത്തകൾ ഏകോപിപ്പിക്കാനും വേണ്ട പദ്ധതികൾ ആവിഷ്കരിച്ചു. പോൾസൺ ഫിലിപ്പ്, സോബി തോമസ്, ജോയി ജോസ് എന്നിവർ ട്രെയിനിംഗ് നേതൃത്വം നൽകി.

**4. ക്രിസ്തുമസ് വെബ് സർവ്വീസിന് നിവേദനം**

ക്രിസ്മസ് പ്രമാണിച്ച് പ്രൈവറ്റ് ബസുകൾക്ക് സ്പെഷ്യൽ പെർമിറ്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്കും ഗതാഗതവകുപ്പ് മന്ത്രിക്കും നിവേദനം നൽകി. എം. പാനൽ കൂട്ടപിരിച്ചുവിടലും പുനർക്രമീകരണത്തിന്റെ താമസം മൂലം അവശ്യ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ റദ്ദാക്കപ്പെട്ടതുമൂലമുണ്ടാകുന്ന യാത്രാ ക്ലേശം പരിഹരിക്കാൻ പ്രൈവറ്റ് ബസ് സർവ്വീസുകൾക്ക് സ്പെഷ്യൽ പെർമിറ്റ് നൽകണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടു.

**5. ഇടമറുക് പള്ളി അക്രമണത്തിൽ പ്രതിഷേധം**

ഇടമറുക് കുരിശടി സാമൂഹിക വിരുദ്ധർ തകർത്തതിൽ കത്തോലിക്ക കോൺഗ്രസ് പ്രതിഷേധം രേഖപ്പെടുത്തി. കുറ്റക്കാർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കണമെന്ന് രൂപതാ സമിതിയും അരുവിത്തുറ ഫൊറോന സമിതിയും ആവശ്യപ്പെട്ടു.

**6. ഫൊറോന കൺവെൻഷനുകൾ**

റബർ ഉൾപ്പെടെയുള്ള കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതി ഫൊറോനാതല കൺവെൻഷനുകൾ സംഘടിപ്പിക്കുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിലായി എല്ലാ ഫൊറോനകളിലും കർഷക കൂട്ടായ്മകൾ നടത്തുന്നു. കൂടാതെ അതാത് കേന്ദ്രങ്ങളിൽ വിവിധ സമരപരിപാടികളും നടത്തുന്നതാണ്.

**ഇമ്മാനുവേൽ നിധീരി** (ജന. സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. ജീവ ഡ്രിങ്ക്സ് വാട്ടർ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കോതമംഗലം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ച് ജീവ ഡ്രിങ്ക്സ് വാട്ടർ വിപണനം ചെയ്തുവരുന്നു. ശുദ്ധമായ കുടിവെള്ളം ഗുണമേന്മയുള്ള കുപ്പികളിൽ കുറഞ്ഞ വിലയ്ക്കാണ് ലഭ്യമാക്കിയിരിക്കുന്നതാണ് ഈ മിനറൽ വാട്ടറിന്റെ ഏറ്റവും വലിയ പ്രത്യേകത. 300 മി, 500 മി, 1,2 ലിറ്റർ കുപ്പി, 20 ലിറ്റർ ബോട്ടിൽ എന്നീ അളവുകളിൽ ലഭ്യമാണ്. വ്യാപാര-വാണിജ്യ സ്റ്റാളുകൾ, കാറ്റ

റിംഗ് യൂണിറ്റുകൾ, ആശുപത്രികൾ, ഓഫീസുകൾ തുടങ്ങിയവയിലൂടെ വിപണനം ചെയ്യുന്നു. കൂടാതെ ദേവാലയങ്ങളോടനുബന്ധിച്ചുള്ള സ്റ്റാളുകൾ, തിരുനാൾ, സ്റ്റാളുകൾ, സ്കൂൾ യുവജനോത്സവം, തിരുപ്പട്ടം, വിവാഹം തുടങ്ങിയ ആഘോഷങ്ങൾ എന്നിവയ്ക്കും ഡ്രിങ്കിംഗ് വാട്ടർ ഹോൾസെയിൽ നിരക്കിൽ നൽകുന്നതാണ്. ഓർഡറുകൾക്കും, കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക 9074556724, 8547450924.

**2. ഭിന്നശേഷി ക്ഷേമപദ്ധതി ഫണ്ട് വിതരണം ആരംഭിക്കുന്നു.**

ഭിന്നശേഷിയുള്ള കുട്ടികൾക്കായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നടപ്പിലാക്കിവരുന്ന എസ്.എൽ.എഫ്. പദ്ധതി പ്രകാരമുള്ള ഫണ്ട് വിതരണം ആരംഭിക്കുന്നു. 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് ഫണ്ട് വിതരണം നടക്കുക.

ഫണ്ട് വിതരണത്തിന് മുന്നോടിയായിട്ടുള്ള സെമിനാർ ജനുവരി 18-ന് രാവിലെ 10.30 ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും. അന്നേദിവസം സെമിനാറിൽ പങ്കെടുത്ത് താഴെപറയുന്ന രേഖകൾ മുൻകൂട്ടി സമർപ്പിക്കുന്നവർക്കാണ് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഫണ്ട് നൽകുക.

**3. ഹരിതഭവനം അടുക്കളത്തോട്ടം മത്സരം**

സൊസൈറ്റിയുടെ വിവിധ സോണുകളുടെ ആഭിമുഖ്യത്തിൽ 'ഹരിതഭവനം' അടുക്കളത്തോട്ട മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**4. ബെഡ്മാ വായ്പാ പദ്ധതി**

കേരളാ സംസ്ഥാന പിന്നോക്ക ന്യൂനപക്ഷ വികസന കോർപ്പറേഷനുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന ബെഡ്മാ ലോണിന്റെ രണ്ടാംഘട്ട വിതരണം അപേക്ഷകൾ സ്വീകരിച്ചുവരുന്നു. നവ സംരംഭങ്ങൾ തുടങ്ങുവാൻ ഒരു ഗ്രൂപ്പിന് 5% പലിശ നിരക്കിൽ ഒരു ലക്ഷം രൂപാവരെ ലോൺ ലഭിക്കുന്നു.

**5. പച്ചക്കറി തൈവിതരണം**

മുട്ടുചിറ റീജിയണിന്റെ ആഭിമുഖ്യത്തിൽ മുട്ടുചിറ സീയോൻ ഭവനിൽ വച്ച് ശീതകാല പച്ചക്കറി തൈകളുടെ വിതരണം സംഘടിപ്പിച്ച കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാത്യു ജി മുരിക്കൻ ഉദ്ഘാടനം ചെയ്തു.

**6. കോഴി വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് ഗ്രാമപ്രിയ, B,V 380 എന്നീ ഇനത്തിൽപെട്ട മുട്ടക്കോഴികളെ വിതരണം ചെയ്യുന്നു.

**7. ഗജ ദുരിതാശ്വാസ സഹായം**

തമിഴ്നാട്ടിൽ നാശം വിതച്ച ഗജ ചുഴലിക്കാറ്റിൽ അകപ്പെട്ടവർക്ക് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി, വിവിധ സ്വാശ്രയസംഘങ്ങൾ, കർഷക ദളം എന്നിവയിലൂടെ ധനസഹായം സമാഹരിച്ച് നൽകി.

**8. ഖാദി ബോർഡ് പദ്ധതികൾ സെമിനാർ നടത്തി.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മൂലമറ്റം സോണിന്റെ ആഭിമുഖ്യത്തിൽ ഖാദി ബോർഡിന്റെ വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് ക്ലാസ്

സംഘടിപ്പിച്ചു. സോൺ രക്ഷാധികാരി ഫാ. ജോർജ് മണ്ഡപത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. സോൺ ഡയറക്ടർ ഫാ. ജോസഫ് കീരാംതടത്തിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. ഖാദി ബോർഡ് ഇടുക്കി ജില്ലാ സീനിയർ ഓഡിറ്റർ സാബു എബ്രാഹം ക്ലാസ് നയിച്ചു. റീജിയൺ കോർഡിനേറ്റർ ജോയി വട്ടക്കുന്നേൽ, സോൺ കോർഡിനേറ്റർ ജിഷാ സാബു, ലീനാ സിബി, മേരി പോൾ, ചിന്നമ്മ ജോർജ്, ജോമോൻ മൈലാടൂർ, തോമസ് വെള്ളിയാമറ്റം എന്നിവർ നേതൃത്വം നൽകി.

**9. കേക്ക് നിർമ്മാണ പരിശീലനം**

PSWS അരുവിത്തുറ റീജിയണിന്റെ ആഭിമുഖ്യത്തിൽ അരുവിത്തുറ, ഭരണങ്ങാനം എന്നീ സ്ഥലങ്ങളിൽ വച്ചും പാലാ റീജിയണിന്റെ ആഭിമുഖ്യത്തിൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു തുടങ്ങനാട് സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ചു കേക്ക് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു.

**10. ഹൈടെക് കോഴിക്കൂടുകൾ**

കോഴിയെ അഴിച്ചുവിടാതെ കൂട്ടിനുള്ളിൽ തന്നെ വളർത്താവുന്ന ഹൈടെക് കോഴിക്കൂടുകൾ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് വഴി വിതരണം ചെയ്തുവരുന്നു.

**10. കുടുംബോദ്ധാരണ പദ്ധതി**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതി പ്രകാരം വരുമാന വർദ്ധന പദ്ധതികൾക്കായ് കഴിഞ്ഞമാസം 131670 രൂപ 9 ഇടവകളിലായ് വിതരണം ചെയ്തു.

**12. കാർഷിക സെമിനാറുകൾ**

മല്ലികശ്ശേരി സ്വാശ്രയ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ജൈവകൃഷി സെമിനാർ, കാളികാവ് സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ കൂൺകൃഷി സെമിനാർ അറുനൂറ്റിമംഗലം കർഷക ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ക്ഷീരോല്പാദക സെമിനാർ, ജയ്ഗിരി ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ കാർഷിക കീടനിയന്ത്രണ സെമിനാർ എന്നിവ നടത്തി.

**13. സ്വാശ്രയസംഘം വാർഷികങ്ങൾ**

കാട്ടാമ്പാക്ക്, ചെമ്മലമറ്റം, ഭരണങ്ങാനം, വിളക്കുമാടം എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ നടത്തി.

**14. കാർഷിക മേളകൾ**

മണ്ണയ്ക്കനാട് : മണ്ണയ്ക്കനാട് കർഷകദള ഫെഡറേഷന്റെയും ഫാർമേഴ്സ് ക്ലബിന്റേയും ആഭിമുഖ്യത്തിൽ മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻ പാരീഷ് ഹാളിൽ വച്ച് ഡിസംബർ 9-ന് കാർഷികമേള നടത്തി. കാർഷിക വിള പ്രദർശനമത്സരം, മത്സ്യകൃഷി, തേനീച്ച വളർത്തൽ പരിശീലനം, വളർത്തുമൃഗങ്ങൾ, മുട്ടക്കോഴി ഹൈടെക് കോഴിക്കൂട് പ്രദർശനം, ഔഷധസസ്യപ്രദർശനം, കർഷകരെ ആദരിക്കൽ തുടങ്ങിയ പരിപാടികൾ നടത്തി. ഫെഡറേഷൻ ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് മോൻസ് ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്.

ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് എം.എ. തോമസ് മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആൻസമ്മ സാബു തുടങ്ങിയവർ പ്രസംഗിച്ചു.

മൂഴൂർ : മൂഴൂർ കർഷകദള ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ മൂന്നാമത് കാർഷികമേള നവംബർ 30, ഡിസംബർ 1,2 തീയതികളിൽ മൂഴൂർപള്ളി മൈതാനത്ത് വച്ച് നടന്നു. കാർഷിക വിള പ്രദർശനമത്സരം, വ്യവസായിക വിപണന സ്റ്റാളുകൾ, മെഡിക്കൽ ക്യാമ്പ്, ഭക്ഷ്യമേള, പൗരാണിക കാർഷിക ഉപകരണങ്ങളുടെ പ്രദർശനം തുടങ്ങിയ പരിപാടികൾ കാർഷികമേളയോടനുബന്ധിച്ച് നടന്നു.

**15. നബാർഡ് സെമിനാർ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സ്വയംസഹായസംഘങ്ങളിലൂടെ നടപ്പിലാക്കിവരുന്ന ഈ ശക്തി റിവ്യു മീറ്റിംഗ് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് നബാർഡ് ജില്ലാ മാനേജർ കെ.വി. ദിവ്യ സെമിനാറിന് നേതൃത്വം നൽകി.

**16. ധനസഹായങ്ങൾ**

സൊസൈറ്റിയുടെ വിവിധ സംഘങ്ങൾ കഴിഞ്ഞമാസം 85000/- രൂപയുടെ ചികിത്സാസഹായം വിതരണം ചെയ്തു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

**ദലിത് കത്തോലിക്കാ മഹാജനസഭ സംസ്ഥാന മഹാസമ്മേളനവും അവകാശപ്രഖ്യാപനറാലിയും**

ദലിത് കത്തോലിക്കാ മഹാജനസഭ സംസ്ഥാനകമ്മറ്റിയുടെ നേതൃത്വത്തിൽ ദലിത് ക്രൈസ്തവരോടുള്ള മതവിവേചനം അവസാനിപ്പിക്കുക. 1950 -ലെ പ്രസിഡൻഷ്യൽ ഓർഡർ പിൻവലിക്കുക സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസിന് കേന്ദ്രസർക്കാർ നിലപാടു വ്യക്തമാക്കുക പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യാവുന്ന ആനുകൂല്യങ്ങൾ നൽകുക. ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടു നടപ്പാക്കുക. വർദ്ധിച്ചു വരുന്ന ദലിത് അതിക്രമങ്ങൾ അവസാനിപ്പിക്കുക. എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2018 ഡിസംബർ 7-ാം തീയതി കോട്ടയത്തു പ്രതിഷേധഖാലിയും മഹാസമ്മേളനവും നടന്നു.

ദലിത് ക്രൈസ്ത പ്രശ്നം സംബന്ധിച്ച് കേസിൽ കേന്ദ്രഗവൺമെന്റിനോട് നിലപാട് വ്യക്തമാക്കണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടിട്ട് മറുപടി കൊടുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. അതിന് കേന്ദ്രഗവൺമെന്റ് തയ്യാറാകണമെന്ന് ദേശീയ ദലിത് നേതാവ് ശ്രീപ്രകാശ് അംബേദ്കർ Ex.MP മുഖ്യപ്രഭാഷണത്തിലൂടെ ആവശ്യപ്പെട്ടു.

DCMS സംസ്ഥാന പ്രസിഡന്റ് ശ്രീ ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. സംഘാടക സമിതി ചെയർമാൻ ഫാ. ജോസ് വടക്കേക്കുറ്റ് വിഷയാവതരണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി എൻ. ദേവദാസ് പ്രമേയം അവതരിപ്പിച്ചു. കോട്ടയം ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട് വിജയപുരം രൂപതാ ബിഷപ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ KCBC SC/ST/BC കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ ,വൈസ് ചെയർമാരായ റൈറ്റ് റവ.ഡോ. സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. DCMS സംസ്ഥാന ഡയറക്ടർ ഫാ. ഡി ഷാജ് കുമാർ സ്വാഗതവും സംസ്ഥാന വൈസ്പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ് കൃതജ്ഞതയും പറഞ്ഞു. ആയിരക്കണക്കിന് അംഗങ്ങൾ റാലിയിലും സമ്മേളനത്തിലും പങ്കെടുത്തു.

**പ്രാർത്ഥനാ ദിനം**

പാലാ സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് 2018 ഡിസംബർ 2-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ദലിത് ക്രൈസ്തവ പ്രശ്നപരിഹാരത്തിനായും 2018 ഡിസംബർ 7-ന് കോട്ടയത്തുനടക്കുന്ന മഹാസമ്മേളനത്തിന്റെയും റാലിയുടെയും വിജയത്തിനുവേണ്ടിയും ഡി.സി.എം.എസ് പാലാ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെയും ഡി.സി.എം.എസ് പാലാ രൂപത കമ്മറ്റിയുടെയും നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തപ്പെട്ടു. രൂപത,മേഖല,യൂണിറ്റ് കമ്മററിയംഗങ്ങൾ എല്ലാവരും പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്തു. മേഖല ഡയറക്ടർ ഫാ. തോമസ് ഓലായത്തിൽ സന്ദേശം നൽകി.

**രൂപതാ കമ്മറ്റി**

2018 ഡിസംബർ 16-ാം തിയതി ഞായറാഴ്ച 10.30 ന് ഷാലോമിൽ വച്ച് രൂപതാപ്രസിഡന്റ് ശ്രീ ജസ്റ്റിൻ കുന്നുപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ കമ്മറ്റി നടത്തപ്പെട്ടു. രൂപതാ സെക്രട്ടറി ശ്രീ ജോണി പരമല റിപ്പോർട്ടവതരിപ്പിച്ചു. രൂപതാ ഡയറക്ടർ സന്ദേശം നൽകി.

**യൂണിറ്റ്രൂപീകരണം വാകക്കാട്**

2018 ഡിസംബർ 16-ാം തീയതി ഞായറാഴ്ച 2 pm ന് സെന്റ് പോൾസ് ചർച്ച് പാരീഷ് ഹാളിൽ വച്ച് റവ. ഫാ. ജയിംസ് കൂടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ഡയറക്ടർ യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ കുന്നുംപുറം, ശ്രീ ജോയി മാത്യു എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു.

**ലീഡേഴ്സ് ക്യാമ്പ്**

2018 ഡിസംബർ 15,16 തിയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ലീഡേഴ്സ് ക്യാമ്പ് നടത്തപ്പെട്ടു. പാലാ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ക്യാമ്പിൽ,

ജോൺ മാത്യു, പി. ഒ. പീറ്റർ, അലക്സ് കാവുകാട്ട്, ഫാ. ജോസ് വടക്കേക്കുറ്റ്, ഡന്റീസ് കൂനാനിയ്ക്കൽ എന്നിവർ ക്ലാസെടുത്തു. ക്യാമ്പിൽ 23 പേർ പങ്കെടുത്തു.

**DCMS രൂപത ക്യാമ്പും കെ. സി. ബി. സി സ്കോളർഷിപ്പുവിതരണവും**

DCMS പാലാ രൂപത കമ്മറ്റിയുടെ നേതൃത്വത്തിൽ എസ് എസ് എൽ സി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പരീക്ഷ ഒരുക്കക്യാമ്പ് ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഡിസംബർ 26 രാവിലെ 11 മണിക്ക് ആരംഭിച്ച് 27ന് 27-ന് വൈകുന്നേരം 4 മണിക്ക് നടത്തുന്നതാണ്.

2016, 2017,2018 വർഷങ്ങളിലെ SSLC, +2. ഡിഗ്രി, പി.ജി ക്ലാസുകളിൽ ഫസ്റ്റ് ക്ലാസ് വാങ്ങിയ ദലിത് കത്തോലിക്കാ കുട്ടികൾക്കുള്ള കെ.സി ബിസി സ്കോളർഷിപ് വിതരണവും ക്യാമ്പും 28,29,30 തിയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്നതാണ്.

28-ന് രാവിലെ 9-ന് സെന്റ് തോമസ് ബി എഡ് കോളേജിൽ ആരംഭിക്കുന്ന ക്യാമ്പിൽ 3 മണിക്ക് കെ.സി. ബി.സി/ എസ്.സി/ എസ്.റ്റി/ ബി.സി. കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ സ്കോളർഷിപ് വിതരണം ചെയ്യും ക്യാമ്പ് 30-ന് രാവിലെ സമാപിക്കും.

**കുടുംബസർവെ**

പാലാ രൂപതയിലെ ദളിത് കത്തോലിക്കാ കുടുംബങ്ങളുടെ സർവ്വെ നടത്തുവാനുള്ള ഫാറം തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള ഫാറം ഓഫീസിൽ നിന്നും DCMS യൂണിറ്റു ഭാരവാഹികൾ വാങ്ങി ഭവനസന്ദർശനവും കുടുംബസർവ്വെയും നടത്തി 2018 മാർച്ച് 1-നകം റിപ്പോർട്ട് DCM S രൂപതാ ഓഫീസിൽ ഏർപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

---

# കെയർ ഹോംസ്

---

**1. ലോഗോസ് മത്സരപരീക്ഷയിൽ മണ്ണയ്ക്കനാട് ഒ.എൽ.സി സ്കൂളിന് മികച്ച വിജയം.**

ലോഗോസ് മത്സരപരീക്ഷയിൽ മണ്ണയ്ക്കനാട് ഒ.എൽ.സി. ബധിരസ്കൂളിലെ വിദ്യാർത്ഥികൾ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി ഉന്നതവിജയം കൈവരിച്ചു. മത്സരത്തിൽ ഉന്നതവിജയം നേടിയവരെ കെയർഹോംസ് പാലാ രൂപത നേതൃസമിതി അബിനന്ദിച്ചു.

2. കെയർഹോംസ് സംസ്ഥാന എക്സിക്യൂട്ടീവ് യോഗം തിരുവല്ലയിൽ

കെയർഹോംസ് സംസ്ഥാന എക്സിക്യൂട്ടീവ് യോഗം തിരുവല്ല പാസ്റ്ററൽ സെന്ററിൽവച്ചു നടത്തി. ബിഷപ്പ് തോമസ് മാർ കൂറിലോസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ ഫാ. റോയി വടക്കേൽ റിപ്പോർട്ട്, വാർഷിക കണക്ക് എന്നിവ അവതരിപ്പിച്ചു. പാലാ രൂപതയിൽ നിന്ന് കെയർഹോംസ് പ്രതിനിധികൾ പങ്കെടുത്തു.

3.സന്മനസ്സ് കൂട്ടായ്മ

പാലാ സന്മനസ്സ് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നഗരസഭയുടെ പുതിയ ചെയർപേഴ്സൺ ബിജി ജോജോ കുടക്കച്ചിറയ്ക്ക് സ്വീകരണം നൽകി. എം.വി. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

4. അരുവിത്തുറ ആനന്ദഭവൻ സന്ദർശിച്ചു.

അരുവിത്തുറ ആനന്ദഭവനിലെ വിദ്യാർത്ഥികളെ സന്ദർശിച്ചു. ഫാ.സ്കറിയ വേകത്താനം, സി.ആൻസി വള്ളിലാംതടത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

5. തരുവിള ശാന്തിഭവൻ സന്ദർശിച്ചു.

ശാന്തിഭവൻ ബാലികഭവനത്തിലെ കുട്ടികളെ സന്ദർശിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ഫാ.സ്കറിയ വേകത്താനം, മദർ സുപ്പീരിയർ സി.സ്മിത എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

6. അരുവിത്തുറ ആവേമരിഭവൻ സന്ദർശിച്ചു.

എസ്.എ.ബി.എസ് കോൺഗ്രിഗേഷന്റെ മാനസികരോഗിപരിപാലനസ്ഥാപനമായ ആവേമരിയാഭവൻ സന്ദർശിച്ച് എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ നേർന്നു.

7. സ്പെഷ്യൽ സ്കൂൾ ജീവനക്കാർ മാർച്ച് നടത്തി.

സ്പെഷ്യൽ സ്കൂൾ ജീവനക്കാർ തിരുവനന്തപുരം നിയമസഭാമന്ദിരത്തിലേയ്ക്ക് മാർച്ച് നടത്തി. ഉമ്മൻചാണ്ടി മാർച്ച് ഉത്ഘാടനം ചെയ്തു. എം.എൽ.എ.മാരായ റോഷി അഗസ്റ്റ്യൻ, പി.സി. ജോർജ്ജ്, ഫാ.റോയി വടക്കേൽ, നാരായണൻ തുടങ്ങിയവർ പ്രസംഗിച്ചു. രൂപതയിലെ സ്പെഷ്യൽ സകൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷാകർത്താക്കളും മാർച്ചിൽ പങ്കെടുത്തു.

8. ശാലോം ഡി.സി.എം.ആർ ക്രിസ്തുമസ്സ് ആഘോഷം

പുലിയന്നൂർ ശാലോം ഡി.സി.എം.ആർ. സ്പെഷ്യൽ സകൂളിന്റെ ക്രിസ്തുമസ് ആഘോഷവും, ഹോം ഡേയും സ്കൂൾ ഓഡിറ്റോറിയത്തിൽവച്ചു നടത്തി. സി.ഷാലറ്റ് ജോസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. മോൺ.സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ഫാ.ജോസഫ് മണ്ണനാൽ, ഫാ.സ്കറിയ വേകത്താനം, പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ഗ്രേസ് മുണ്ടപ്ലാക്കൽ, പ്രിൻസിപ്പൽ സി. റീബാ വേത്താനത്ത് തുടങ്ങിയവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

9. കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിൽ ക്രിസ്തുമസ്സ് ആഘോഷം നടത്തി.

കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിൽ ക്രിസ്തുമസ്സ് ആഘോഷം നടത്തി. റവ.ഫാ.ഫിലിപ്പ് ഞരളക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

10. സന്മനസ്സ് കൂട്ടായ്മാ വാർഷികവും ക്രിസ്തുമസ്സ് ആഘോഷവും

സന്മനസ്സ് കൂട്ടായ്മയുടെ 9-ാം വാർഷികവും ക്രിസ്തുമസ്സ് ആഘോഷവും പാലാ ജെ.പി.എസ്. ഹാളിൽവച്ചു നടത്തി. ഫാ.സ്കറിയ വേകത്താനം അദ്ധ്യക്ഷതവഹിച്ച മീറ്റിംഗിൽ മോൺ ജോസഫ് കൊല്ലംപറമ്പിൽ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. പാലാ ഡി.വൈ.എസ്.പി. ഷാജിമോൻ ജോസഫ്, പോലീസ് പി.ആർ.ഒ. ഷാജി സെബാസ്റ്റ്യൻ, അനീഷ് സാർ, സിബി ചെരുവിൽപുരയിടം ജനമൈത്രി സി.ആർ.ഒ. ബിനോയ് തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. നിർധനരായ കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു.

11. ക്രിസ്തുമസ് ആശംസകൾ നേർന്നു.

കെയർ ഹോംസിന്റെ നേതൃത്വത്തിൽ പാലാ അരമനയിലെ എല്ലാ മെത്രാൻമാർക്കും വികാരി ജനറാളച്ചൻമാർക്കും വൈദികർക്കും ക്രിസ്തുമസ് ആശംസകൾ നേർന്നു.

12. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസവായ്പ

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഡിഗ്രിമുതൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പരമാവധി 20ലക്ഷം രൂപാവരെ 4% പലിശനിരക്കിൽ വായ്പ നൽകുന്നു. വിശദവിവരങ്ങൾക്ക് 04712374768 അഥവ www.hpwc.kerala.gov.in

13. ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് ചക്രകസേര

ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽചെയർ നൽകാൻ ശുഭയാത്രാപദ്ധതി. 2019 ജനുവരി 5-നുമുമ്പ് അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്04712347768, 7510729871.

14. മാനേജുമെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റി കോഴ്സ് അപേക്ഷ ക്ഷണിച്ചു.

സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.ബി. കമ്യൂണിറ്റി കോളേജ് സർട്ടിഫിക്കേറ്റ് ഇൻ മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു ആണ് യോഗ്യത. വിശദവിവരങ്ങൾക്ക് www.rc.kerala.gov.in, www.recc.in സന്ദർശിക്കുക.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.)**

1. തൊഴിൽ ഓറിയന്റേഷൻ സെമിനാർ

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് തൊഴിൽ ഓറിയന്റേഷൻ സെമിനാർ നടത്തി. പ്രസിഡന്റ് ജോസ് കണി

യാരകം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ മോൺ. ജോസഫ് കൊല്ലംപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം ആമുഖപ്രഭാഷണം നടത്തി. കളമശ്ശേരി ലിറ്റിൽഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ജോബി അസീത്തുപറമ്പിൽ സെമിനാർ നയിച്ചു.

2. ഒമാനിൽ നേഴ്സിംഗ് ജോലി

ഒമാനിലെ കിംസ് ഹോസ്പിറ്റലിലെ കുറഞ്ഞതു മൂന്നോ അതിൽ കൂടുതലോ വർഷം പ്രവൃത്തിപരിയമുള്ള ബി.എസ്.സി/ ഡിപ്ലോമ നേഴ്സുമാരെ (സ്ത്രീ/ പുരുഷൻ) നിയമിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് odepcprivate@gmail.com ലേക്ക് അപേക്ഷിക്കുക.

3. സൗദിയിൽ നേഴ്സുമാർക്ക് ജോലി

സൗദി അറേബ്യൻ സർക്കാരാരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ റിയാദിലുള്ള കിംഗ് ഫഹദ് മെഡിക്കൽ സിറ്റി ആശുപത്രിയിലേക്ക് മൂന്നുവർഷത്തിൽ കുറയാത്ത സേവനപരിചയമുള്ള ബിഎസി നേഴ്സുമാരെ തിരഞ്ഞെടുക്കുന്നു. വിശദവിവരങ്ങൾക്ക് gcc@odepc.in

സൗദിയിലെ അൽ - മൗവ്വസാത്ത് ഹെൽത്ത് സെന്ററിലേക്ക് ബിഎസ്സി/ ഡിപ്ലോമ നേഴ്സുമാരെ നിയമിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.odepc.kerala.gov.in

4. സൗദിയിൽ ഡോക്ടർമാർക്കു ജോലി

സൗദി ആരോഗ്യമന്ത്രാലയത്തിൻ കീഴിൽ വിവിധ ആശുപത്രികളിലേക്ക് കൺസൾട്ടന്റ് സ്പെഷിലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നു. വിശദവിവരങ്ങൾക്ക് rquery.norka@kerala.gov.in.or.www.norka roots.net സന്ദർശിക്കുക.

5. കുവൈറ്റിൽ നേഴ്സ്മാർക്കു ജോലി

കുവൈറ്റിലെ റോയൽ ഹയാത്ത് ആശുപത്രിയിലേക്ക് ബിഎസ്സി/ ജി.എൻ.എം. യോഗ്യതയും മൂന്നുവർഷത്തെ പ്രവൃത്തിപരിചയമുള്ള വനിതകളെ തിരഞ്ഞെടുക്കുന്നു. വിശദവിവരങ്ങൾക്ക് www.norkarokse.nte

6. സെയിലിൽ 30 ജൂനിയർ സ്റ്റാഫ് നേഴ്സ് ട്രെയിനി

സ്റ്റീൽ അതോറിട്ടി ഓഫ് ഇന്ത്യയുടെ ബൊക്കാറോ സ്റ്റീൽ പ്ലാന്റിന് അനുബന്ധമായി പ്രവർത്തിക്കുന്ന ജനറൽ ആശുപത്രിയിലേക്ക് ജൂനിയർ സ്റ്റാഫ് നേഴ്സ് ട്രെയിനി നിയമനത്തിന് അപക്ഷേ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് www.sail.co.in

7. സൗത്ത് ഇന്ത്യൻ ബാങ്ക് സ്കോളർഷിപ്പ്

സൗത്ത് ഇന്ത്യൻ ബാങ്ക് ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ് പദ്ധതിയാണ് എസ്ഐബി സ്കോളർ. ഒരു ലക്ഷത്തിൽ താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ 85 ശതമാനമോ അതിലധികമോ മാർക്ക് നേടി ഗവൺമെന്റ് സ്കൂളുകളിൽനിന്നു പ്ലസ്ടു പാസായ കുട്ടികൾക്കാണ് അപേക്ഷിക്കാനാവുക. കോഴ്സ് തീരുംവരെ ട്യൂഷൻ, പരീക്ഷാഫീസുകൾക്കു പുറമേ പ്രതിമാസം 4000 രൂപ അലവൻസായി നൽകും. വിശദവിവരങ്ങൾക്ക് www.southindianbank.com

8. നേവിയിൽ സെയിലർ

നേവിയിൽ സെയിലേഴ്സിൽ 3400 ഒഴിവുകളുണ്ട്. അവിവാഹിതരായ പുരുഷന്മാർക്കാണ് അവസരം. വിശദവിവരങ്ങൾക്ക് www.joinindianavy.gov.in

9. നെഹ്റു യുവകേന്ദ്രയിൽ 228 ഒഴിവ്

കേന്ദ്രയുവജനകായികമന്ത്രാലയത്തിനു കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ നെഹ്റുയുവജനകേന്ദ്രത്തിൽ 228 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 101 ജില്ലാ കോർഡിനേറ്റർ, 75 ക്ലാർക്ക് കം ടൈപ്പിസ്റ്റ്, 52 മൾട്ടി ടാസ്കിംഗ് സ്റ്റാഫ് എന്നിങ്ങനെയാണ് ഒഴിവുകൾ. കൂടുതൽ വിവരങ്ങൾക്ക് http://nyks.nic.in

10. എൻ എച്ച് എമ്മിൽ 10160 ഒഴിവ്

നാഷണൽ ഹെൽത്ത് മിഷൻ യുപിയിൽ 10160 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്റ്റാഫ് നേഴ്സ് നേഴ്സ് മെന്റൽ, ഐടി ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ തസ്തികകളിലാണ് ഒഴിവ്. വിവരങ്ങൾക്ക് www.upnrhm.gov.in, www.sams.co.in

11. ആർബിഐയിൽ ഓഫീസർ

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഓഫീസർ ഗ്രേഡ് 61 ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ജനുവരി 8 വരെ അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് www.rbi.org.in

12. ബാങ്ക് ഓഫ് ബറോഡയിൽ സ്പെഷിലിസ്റ്റ് ഓഫീസർ

ബാങ്ക് ഓഫ് ബറോഡയിൽ 913 സ്പെഷിലിസ്റ്റ് ഓഫീസർ ഒഴിവുകൾ. വിശദവിവരങ്ങൾക്ക് wwwbankofbaroda.co.in

13. ന്യൂ ഇന്ത്യാ അഷ്വറൻസിൽ 312 അഡ്മിസ്ട്രേറ്റീവ് ഓഫീസർ

ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയിൽ 312 അഡ്മിസ്ട്രേറ്റീവ് ഓഫീസർ ഒഴിവുകൾ. വിശദവിവരങ്ങൾക്ക് www.newindia.co.in

14. സ്റ്റീൽ അതോറിറ്റി

സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ബേൺപൂരിലെ ഐഐഎസ്സിഒ സ്റ്റീൽ പ്ലാന്റിൽ ഓപ്പറേറ്റർ കം ടെക്നീഷ്യൻ ട്രെയിനി 156 ഒഴിവ്. വിവരങ്ങൾക്ക് www.sail.co.in

15. കൊച്ചിൻ ഷിപ്‌യാർഡിൽ 320 ടെക്നീഷ്യൻ, ഗ്രാജ്വേറ്റ്, ട്രേഡ് അപ്രീന്റിസ്ഷിപ് ഒഴിവുകൾ. വിവരങ്ങൾക്ക് www.cochinshipyard.com

16. കോൾ ഫീൽഡ്സിൽ 370 ഒഴിവുകൾ

കോൾ ഇന്ത്യാ ലിമിറ്റഡിന്റെ സബ്സിഡിയറിയായ കോൾ ഫീഡ്സ് ലിമിറ്റഡിൽ വിവിധ തസ്തികകളിലെ 370 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. www.manandicoal.in

17. റെയിൽവേയിൽ 8915 അപ്രന്റീസ്

മുംബൈ ആസ്ഥാനമായുള്ള വെസ്റ്റേൺ റെയിൽവേ പാറ്റ്ന ആസ്ഥാനമായുള്ള ഈസ്റ്റ് സെൻട്രൽ റെയിൽവേ, ഹൂബ്ലി ആസ്ഥാനമായുള്ള സൗത്ത് വെസ്റ്റേൺ റെയിൽവേ വിവിധ ട്രേഡുകളിൽ അപ്രീന്റീസ് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിവരങ്ങൾക്ക് www.rrc.wr.com സന്ദർശിക്കുക.

18. ഓയിൽ പാം ഇന്ത്യയിൽ 50 വർക്കർ

കോട്ടയത്ത ഓയിൽപാം ഇന്ത്യലിമിറ്റഡിൽ വർക്കർ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായം 18-36 വയസ്സ്. www.oilpalmindia.com

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവത്ക്കരണ ക്ലാസുകൾ**

ഷാലോം പാസ്റ്ററൽ സെന്റർ (നവം. 30), പ്രത്യാശ ഭവൻ, തൊടുപുഴ (ഡിസംബർ 9), ഡേവിസ് നഗർ, കരൂർ (ഡിസംബർ 11) തമ്പലക്കാട് (ഡിസംബർ 13,14) സെന്റ് മേരീസ് എച്ച്.എസ്.എസ്., പാലാ (ഡിസംബർ 15). സാൽജോ സദൻ, ആനന്ദപുരം, ഇരിങ്ങാലക്കുട (ഡിസംബർ 16) മുതലക്കോടം (ഡിസംബർ 17) (കുഞ്ഞച്ചൻ മിഷൻ ഭവൻ) രാമപുരം (ഡിസംബർ 16).

**2. ഗാന്ധിദർശൻ ക്വിസ് മത്സരം**

സംസ്ഥാന തലത്തിൽ നടത്തുന്ന ഗാന്ധിദർശൻ ക്വിസ് മത്സരത്തിന്റെ ആദ്യ റൗണ്ട് അതാത് സ്കൂളുകളിൽ നവംബ. 27-ാം തീയതി നടത്തി. ഫൈനൽ മത്സരങ്ങൾ ജനുവരി 11-ാം തീയതി അഡാർട്ടിൽ വച്ച് നടത്തുന്നതിരിക്കും.

**3. 2019 ലെ കലണ്ടർ**

അഡാർട്ട് പുറത്തിറക്കിയ 2019-ലെ കലണ്ടറിന്റെ പ്രകാശനവും വിതരണോദ്ഘാടനവും ഡിസംബർ 9-ാം തീയതി അഡാർട്ടിൽ ഫാ. മാത്യു പുതിയിടത്ത് നിർവ്വഹിച്ചു.

**4. പ്രതീക്ഷാതീരം**

അഡാർട്ട് പ്രസിദ്ധീകരണമായ പ്രതീക്ഷാതീരം മാസികയുടെ 2018 ലെ അവസാന ലക്കത്തിന്റെ പ്രകാശനകർമ്മം ആദ്യപ്രതി മുനിസിപ്പൽ ചെയർപേഴ്സൺ ശീമതി ബിജി ജോജോ കുടക്കച്ചിറ നൽകികൊണ്ട് ഫാ. മാത്യു പുതിയിടത്ത് നിർവ്വഹിച്ചു.

**5. ക്രിസ്തുമസ് ആഘോഷം**

എം.എ, അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങളെ ഉൾപ്പെടുത്തി ഡിസംബർ 23-ാം തീയതി അഡാർട്ടിൽ വച്ച് ക്രിസ്തുമസ് ആഘോഷം നടത്തി. പാലാ മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ബിജി ജോജോ ക്രിസ്തുമസ് സന്ദേശം നൽകി. ഫാ. മാത്യു പുതിയിടത്ത് അദ്ധ്യക്ഷത വഹിച്ചു.

**6. ജയിൽ മിനിസ്ട്രി**

ഡിസംബർ 8-ാം തീയതി പാലാ സബ് ജയിൽ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തകർ ഫാ. മാത്യു പുതിയിടത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാശുശ്രൂഷ നടത്തി.

ജീസസ് ഫ്രട്ടേണിറ്റി പാലാ രൂപതയുടെ 18-ാമത് വാർഷികം അഡാർട്ട് ഓഡിറ്റോറിയത്തിൽ വച്ച് ഡിസംബർ 15-ാം തീയതി നടത്തി. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ഷാജി സ്റ്റീഫൻ, ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം വഹിച്ചു. പാലാ സബ് ജയിൽ ഡപ്യൂട്ടി സൂപ്രണ്ട് ശ്രീ. വി.എസ്. സജീഷ്, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. ഫാ. മാത്യു പുതിയിടത്ത് സ്വാഗതവും ശ്രീ. ബേബി ഉപ്പുടുപാറയിൽ നന്ദിയും പറഞ്ഞു. അന്നേദിവസം ഉച്ചകഴിഞ്ഞ് ഇടുക്കി ജില്ലയിൽ മുട്ടത്ത്

പുതിയതായി ആരംഭിച്ച ജില്ലാ ജയിലിൽ ഫാ. ഷാജി സ്റ്റീഫൻ, ഫാ. മാത്യു പുതിയിടത്ത്, സി. ലിസ്സാമരിയ എന്നിവർ സന്ദർശിച്ച് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ഡിസംബർ 20-ാം തീയതി ഇടുക്കി ജില്ലാ ജയിലിൽ (മുട്ടം) ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തകർ ക്രിസ്തുമസ് ആഘോഷം നടത്തി. ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ സന്ദേശം നൽകി. വാർഡ് മെമ്പർ സുമോൾ ആശംസ നേർന്നു. ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാ ശുശ്രൂഷ നടത്തി. തൊടുപുഴ പ്രതീക്ഷാ സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. അന്തേവാസികൾക്ക് ക്രിസ്തുമസ് കേക്ക് വിതരണം ചെയ്തു.

**6. സാരഥി**

സാരഥി യൂണിറ്റ് മീറ്റിംഗുകൾ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്നു. അരുണാപുരം യൂണിറ്റിന്റെ കുടുംബസംഗമവും വാർഷികവും ഡിസംബർ 26-ാം തീയതി അരുണാപുരം അൽഫോൻസാ ഹോസ്റ്റലിൽ നടത്തി. രൂപതാ ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് സന്ദേശം നൽകി.

ഡിസംബർ 25 രാവിലെ 11 മണിക്ക് മാർ ജോസഫ് കല്ലറങ്ങാട്ട് പാലാ സബ് ജെയിൽ സന്ദർശിച്ച് ക്രിസ്തുമസ് സന്ദേശം നൽകി. ഫാ. മാത്യു പുതിയിടത്ത് ജയിലിൽ വി. കുർബാന അർപ്പിച്ചു. അഭിവന്ദ്യ പിതാവ് അന്തേവാസികൾക്ക് ക്രിസ്തുമസ് സമ്മാനങ്ങളും ക്രിസ്തുമസ് കേക്കും വിതരണം ചെയ്തു. 40 ശുശ്രൂഷകർ പങ്കെടുത്തു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2018**

ലോഗോസ് ക്വിസ് 2018 ന്റെ സമ്മാനങ്ങൾ 2019 ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്യുന്നതാണ്.

**ലോഗോസ് ക്വിസ് 2018 വിജയികൾ**

ലോഗോസ് ക്വിസ് സംസ്ഥാനമത്സരത്തിൽ 'B' വിഭാഗത്തിൽ മുണ്ടാങ്കൽ ഇടവകാംഗം അനു മാത്യൂസ് കല്ലറയ്ക്കലും 'F' വിഭാഗത്തിൽ മുത്തോലപുരം ഇടവകാംഗം മേരി പോൾ പൂവത്തിങ്കലും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**ലോഗോസ് ക്വിസ് പഠനസഹായി 2019**

ലോഗോസ് ക്വിസ് 2019 ന്റെ പഠനസഹായി തയ്യാറായി. കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**പുതിയ ബൈബിൾ കോഴ്സ് ആരംഭിക്കുന്നു.**

പാലാ രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കായി ഒരു ഏകവർഷ ബൈബിൾ കോഴ്സ് ആരംഭിക്കുന്നു. 2019 ജനുവരി

12-ന് ആരംഭിക്കുന്ന കോഴ്സിൽ ബൈബിളിലെ പ്രവാചകന്മാരും പ്രവാചകഗ്രന്ഥങ്ങളും ആണ് പഠനവിഷയമാക്കുന്നത്. അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടക്കുന്ന ഈ കോഴ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഷാലോമിലുള്ള ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കോഴ്സ് ഫീ. 1250/.

**വിശുദ്ധനാട് തീർത്ഥാടനം**

പാലാ രൂപത/ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധനാട് തീർത്ഥാടനം സംഘടിപ്പിക്കുന്നു. 2019 മെയ് 15-ാം തീയതി ആരംഭിക്കുന്ന തീർത്ഥാടനത്തിൽ പങ്കുചേരാൻ താല്പര്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

1. സേവന സമിതി മീറ്റിംഗ്

സോണൽ സേവനസമിതി മീറ്റിംഗ് ഡിസംബർ 4-ാം തീയതി ചൊവ്വാഴ്ച 2.00 മണിമുതൽ 5.00 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ.വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു.

2. വചനദീപ്തി തുടർ ധ്യാനം

പാലാക്കാട് ചെറുപുഷ്പം ദേവാലയത്തിൽ വചനദീപ്തി തുടർധ്യാനം ഡിസംബർ 6-ാം തീയതി വ്യാഴാഴ്ച നടത്തി. ഫാ.ജോസഫ് മയിലപ്പറമ്പിൽ ശുശ്രൂഷ നയിച്ചു.

3. ജെറീക്കോ പ്രാർത്ഥന

പാലാ രൂപത ബൈബിൾ കൺവൻഷന്റെ ഒരുക്കമായി സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ ഡിസംബർ 1-ാം തീയതി മുതൽ 18-ാം തീയതിവരെ ജറീക്കോ പ്രാർത്ഥന നടത്തി.

17 ഫൊറോനകളിലെ 18 സബ്സോൺ സേവന സമിതി അംഗങ്ങൾ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

4. വചനദീപ്തി തുടർധ്യാനം

മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലത്തിൽ വചനദീപ്തി തുടർധ്യാനം ഡിസംബർ 14-ാം തീയതി വെള്ളിയാഴ്ച നടത്തി. ഫാ.സണ്ണി പുൽപ്പറമ്പിൽ സി.എം.ഐ. ശുശ്രൂഷ നയിച്ചു.

5. രാത്രി ആരാധന

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽവച്ചു നടന്നുവരുന്ന രാത്രിആരാധന ഡിസംബർ 29-ാം തീയതി ശനിയാഴ്ച

7 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി അവസാനിച്ചു. ഗ്രേറ്റ് ബ്രിട്ടൺ സീറോമലബാർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യമെത്രാൻ ജോസഫ് സ്രാമ്പിക്കൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

സി.ആൻ മരിയ എസ്.എച്ച്. (അസി.പ്രൊഫ.നിർമ്മല കോളേജ് മൂവാറ്റുപുഴ) വചനശുശ്രൂഷ നയിച്ചു. ഫാ.മാത്യു ചന്ദ്രൻകുന്നേൽ, ഫാ.വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

നവംബർ ഇരുപത്തിനാലാം തീയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവ ശുശ്രൂഷ നടത്തപ്പെട്ടു. ഡിസംബർ ഒൻപതാം തീയതി മുതൽ പതിനഞ്ചാം തീയതിവരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിന് ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM cap, ഫാ. മാത്യു പിണക്കാട്ട് ഫാ. മാത്യു തുരുത്തിപ്പള്ളി, ഫാ. തോമസ് പട്ടേരി, ഫാ. റിന്റു മണ്ണൂർ OFM cap, ഫാ. ജോസഫ് മേച്ചേരിൽ ഫാ. കുര്യാക്കോസ് വട്ടമുകളേൽ, ഫാ. ജോസഫ് തെരുവിൽ, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഡിസംബർ പത്തൊൻപത് മുതൽ ഇരുപത്തിമൂന്ന് വരെ കോതമംഗലം രൂപതയിലെ കലൂർ ഇടവകയിൽ ധ്യാനം നടത്തി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനം ജനുവരി ആറ് മുതൽ പന്ത്രണ്ട് വരെ. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**മേഖലാ സമ്മേളനങ്ങൾ**

ഫ്രാൻസിസ്കൻ അല്മായസഭ പാലാ രൂപതയിൽ മേഖല സമ്മേളനങ്ങൾ നടത്തി, കുറവിലങ്ങാട് മേഖലാ സമ്മേളനം മുട്ടുചിറ ഫൊറോനാപ്പള്ളി പാരീഷ് ഹാളിൽ വികാരി വെരി. റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാ

ടനം ചെയ്തു. മേഖലാ പ്രസിഡന്റ് പോൾ വെച്ചൂകെട്ടിയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ആന്റണി വെച്ചൂർ OFM Cap മുഖ്യപ്രഭാഷണവും, ഫാ. ജോസഫ് ഇല്ലത്തുംപറമ്പിൽ അനുഗ്രഹപ്രഭാഷണവും നടത്തി. ജോ സെബാസ്റ്റ്യൻ, കെ.എ. അഗസ്റ്റിൻ, ഷാന്റി മാത്യു, റോസമ്മ വല്ലനാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

ഭരണങ്ങാനം മേഖല സമ്മേളനം പ്രവിത്താനം ഫൊറോനപള്ളി പാരീഷ് ഹാളിൽ വികാരി വെരി. റവ.ഫാ. സെബാസ്റ്റ്യൻ പടിയ്ക്കകുഴുപ്പിൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് റ്റോമി കളപ്പുര അദ്ധ്യക്ഷത വഹിച്ചു. ഫാ. ആന്റണി വെച്ചൂർ OFM Cap മുഖ്യപ്രഭാഷണം നടത്തി. ജോ സെബാസ്റ്റ്യൻ, റ്റിസി രാജു, ഏലിക്കുട്ടി തോമസ്, സണ്ണി ഉപ്പുമാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

തുടങ്ങനാട് മേഖലാ സമ്മേളനം കുടയത്തൂർ പള്ളി പാരീഷ് ഹാളിൽ വികാരി റവ.ഫാ. തോമസ് ബ്രാഹ്മണവേലിൽ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ജോസ് മണ്ണൂർ അദ്ധ്യക്ഷത വഹിച്ചു. ഫാ. ആന്റണി വെച്ചൂർ OFM Cap മുഖ്യപ്രഭാഷണം നടത്തി. ജോ സെബാസ്റ്റ്യൻ, തോമസ് കട്ടയ്ക്കൽ, റാണി പിണക്കാട്ട്, തോമസ് കിഴക്കേപ്പറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

പാലാ മേഖലാ സമ്മേളനം ചേർപ്പുങ്കൽ ഫൊറോനാ പള്ളി പാരീഷ് ഹാളിൽ വികാരി വെരി. റവ.ഫാ. ജോസ് അഞ്ചേരിൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് സോജൻ കോയിക്കസ് വാരാപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ആന്റണി വെച്ചൂർ OFM Cap മുഖ്യപ്രഭാഷണവും, ഫാ. കുര്യാക്കോസ് പുളിന്താനത്ത് അനുഗ്രഹപ്രഭാഷണവും നടത്തി. ജോ സെബാസ്റ്റ്യൻ, രാജു മഞ്ഞനായിൽ, സാലി ജോസ്, തോമസ് മൊളോപ്പറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

അരുവിത്തുറ മേഖലാ സമ്മേളനം അരുവിത്തുറ ഫൊറോനാ പള്ളി പാരീഷ് ഹാളിൽ റവ.ഫാ. ആന്റണി വെച്ചൂർ OFM Cap ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് തോമസ് മടിയ്ക്കാങ്കൽ അദ്ധ്യക്ഷത വഹിച്ചു. ജോ സെബാസ്റ്റ്യൻ, ജോസ് വെട്ടുകാട്ടിൽ, ലിസറ്റ് മാത്യു, സോണി കാപ്പിലിപ്പറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**പാലാക്കാട് ഇടവകയിൽ യൂണിറ്റ്**

പാലാക്കാട് ചെറുപുഷ്പം ഇടവകയിൽ എസ്.എഫ്.ഒ. യുടെ യൂണിറ്റിന് തുടക്കം കുറിച്ചു. ഫാ. ആന്റണി വെച്ചൂർ വി. കുർബാന, അർപ്പിച്ച് അല്മായ സഭയേക്കുറിച്ചും, ഫ്രാൻസിസ്കൻ പ്രസക്തിയേക്കുറിച്ചും സംസാരിച്ചു.

**യൂണിറ്റ് ഭാരവാഹികൾ**

ഫാ.തോമസ് വെട്ടുകാട്ടിൽ (ലോക്കൽ സ്പിരിചൽ അസിസ്റ്റന്റ്), എൻ.സി. സെബാസ്റ്റ്യൻ നടുക്കുന്നേൽ (പ്രസിഡന്റ്), ബേബി തോമസ് പന്തലാനിക്കൽ (വൈസ് പ്രസിഡന്റ്), ജോസ് ജെ. ഇടയാടിയിൽ (സെക്രട്ടറി), എം.റ്റി. ജോസ് മംഗലത്ത് (ഫോർമേറ്റർ), പി.വി. ജോസഫ് പന്തലാനിക്കൽ (ട്രഷറർ), തങ്കച്ചൻ ചിറക്കുഴിയിൽ, ബേബി കൊച്ചെട്ടൊന്നിൽ (കമ്മറ്റിയംഗങ്ങൾ). ജോ. സെബാസ്റ്റ്യൻ, റ്റോമി കളപ്പുര തുടങ്ങിയവർ യോഗത്തിന് നേതൃത്വം നൽകി.

**കാനോനിക സന്ദർശനം**

അടിവാരം യൂണിറ്റിൽ ഫാ. ആന്റണി വെച്ചൂർ OFM Cap വി. കുർബാന അർപ്പിച്ച് കാനോനിക സന്ദർശനം നടത്തി. മേഖലാ പ്രസിഡന്റ് തോമസ് മടി

യ്ക്കാങ്കലിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു.

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജനുവരി, ഫെബ്രുവരി മാസങ്ങളിൽ രൂപത പ്രതിനിധികൾ യൂണിറ്റുകൾ സന്ദർശിക്കുന്നു.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

1. ചങ്ങനാശേരിയിൽ സെമിനാർ

ദീപികപത്രത്തിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽവച്ച് മാധ്യമസെമിനാർ നടത്തി. ചങ്ങനാശേരി ആർച്ചുബിഷപ് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ. ഡോ. മാണി പുതിയിടം മുഖ്യ പ്രഭാഷണം നടത്തി. ഫാ. റോയി കണ്ണഞ്ചിറ വിഷയാവതരണം നടത്തി. പാലാ രൂപതയിൽനിന്ന് അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻപിതാവിനോടൊപ്പം 35 ഓളം പ്രതിനിധികൾ പങ്കെടുത്തു.

2. അന്തീനാട് ഇടവകയിൽ ദീപിക പത്രപ്രചാരണപരിപാടി

അന്തീനാട് ഇടവകയിലെ കുടുംബകൂട്ടായ്മാവാർഡുകളിൽ പത്രപ്രചാരണപരിപാടി നടത്തി. ഫാ. കുര്യൻ വെള്ളരിങ്ങാട്ട്, ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സക്കറിയ, ടോമി തുരുത്തിക്കര തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

3. കോതനല്ലൂർ ഫൊറോന ഡിഎഫ്സി മീറ്റിംഗ്

ഡിഎഫ്സി കോതനല്ലൂർ ഫൊറോന മീറ്റിംഗ് പാരീഷ്ഹാളിൽ വച്ചു നടത്തി. പ്രസിഡന്റ് റോയി മലയിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. സ്കറിയ വേകത്താനം, ഫാ. മാത്യു കോലത്ത് തുടങ്ങിയവർ പ്രസംഗിച്ചു. കൺവൻഷനുവേണ്ടി വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

4. കോതനല്ലൂർ ഫൊറോനയിലെ യൂണിറ്റുകൾ സന്ദർശിച്ചു

കോതനല്ലൂർ ഫൊറോനയിലെ യൂണിറ്റുകൾ സന്ദർശിച്ച് ഫൊറോനാസമ്മേളന പരിപാടികൾ ആസൂത്രണം ചെയ്തു.

5. വേദഗിരിയിൽ ഡിഎഫ്സി യൂണിറ്റ് രൂപീകരണം

വേദഗിരി ഇടവകയിൽ ദീപികപത്രപ്രചാരണപരിപാടി നടത്തി. ഡിഎഫ്സിയുടെ പുതിയ പുരുഷ-വനിതാ യൂണിറ്റുകൾ രൂപീകരിച്ചു. ഡിഎഫ്സി അംഗങ്ങൾ ഭവനങ്ങൾ സന്ദർശിച്ച് ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി. വികാരി ഫാ. തോമസ് തോട്ടുങ്കൽ, ഫാ. സ്കറിയ വേകത്താനം, ഡിഎഫ്സി ഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

6. മണ്ണാറപ്പാറയിൽ ഡിഎഫ്സി മീറ്റിംഗ്

മണ്ണാറപ്പാറ ഇടവകയിൽ ഡിഎഫ്സി മീറ്റിംഗ് നടത്തി. പ്രസിഡന്റ് സിബി പുളിക്കപ്പറമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ഡോ. സണ്ണി വി. സക്കറിയ തുടങ്ങിയവർ പ്രസംഗിച്ചു.

7. നമ്പ്യാകുളം ഇടവകയിൽ ഡിഎഫ്സി മീറ്റിംഗ്

നമ്പ്യാകുളം ഇടവകയിൽ ഡിഎഫ്സിയുടെ മീറ്റിംഗ് നടത്തി. പ്രസിഡന്റ് അഡ്വ. ജോൺ വരകുകാലായിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, വികാരി ഫാ. മാത്യു പാറത്തൊട്ടി, ഡോ. സണ്ണി വി. സക്കറിയ തുടങ്ങിയവർ പ്രസംഗിച്ചു.

8. ഡിഎഫ്സി കോതനല്ലൂർ ഫൊറോന കൺവൻഷൻ

ഡിഎഫ്സി കോതനല്ലൂർ ഫൊറോനയിൽ കൺവൻഷനും മാധ്യമജാഗ്രതസെമിനാറും പാരീഷ് ഹാളിൽവച്ച് നടത്തി. പ്രസിഡന്റ് റോയി തോമസ് മലയിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫൊറോന ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. റവ. ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സക്കറിയ, ഫാ. മാത്യു കോലോത്ത്, ടോമി തുരുത്തിക്കര, സി. മെറിൻ പയ്യപ്പിള്ളിൽ, ലീലാമ്മ മാത്യു കീച്ചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു.

9. മരങ്ങോലിയിൽ മാധ്യമസെമിനാർ നടത്തി.

ദീപികഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ മരങ്ങോലി ഇടവകയിൽ മാധ്യമസെമിനാർ നടത്തി. വികാരി ഫാ. ജോർജ് പുതിയാപറമ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. റവ. ഡോ. മാണി പുതിയിടം ക്ലാസ് നയിച്ചു.

10. ഡിഎഫ്സി സംസ്ഥാനക്യാമ്പ് മൂവാറ്റുപുഴയിൽ

ഡിഎഫ്സി സംസ്ഥാനനേതൃസംഗമം മൂവാറ്റുപുഴ വച്ച് നടത്തി. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഡോ. മാണി പുതിയിടം ആമുഖപ്രഭാഷണം നടത്തി. മോൺ. ഡോ. ജോർജ് ഓലിയപ്പുറം , ഫാ. ബോബി അലക്സ് മണ്ണപ്ലാക്കൽ, ഫാ. മാത്യു കിലുക്കൻ, പോളി അഗസ്റ്റിൻ തുടങ്ങിയവർ പ്രസംഗിച്ചു. ഡിഎഫ്സി സംസ്ഥാനപ്രസിഡന്റായി ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറയ്ക്കൽ തുടങ്ങിയവർ തിരഞ്ഞെടുക്കപ്പെട്ടു. സമ്മേളനത്തിൽ പാലാ രൂപതയിൽനിന്ന് 43 പേർ പങ്കെടുത്തു.

11. അനുശോചിച്ചു

ചക്കാമ്പുഴ ഇടവകയിലെ ഡിഎഫ്സി ട്രഷറർ റാണി എബ്രാഹം ആലുങ്കലിന്റെ നിര്യാണത്തിൽ ഡിഎഫ്സി രൂപതാനേതൃത്വം അനുശോചിച്ചു.

തീക്കോയി മേഖലാ പ്രസിഡന്റ് ജോജോ പുന്നപ്ലാക്കലിന്റെ പിതാവ് ജോസഫ് (പാപ്പച്ചൻചേട്ടൻ) ന്റെ നിര്യാണത്തിൽ ഡിഎഫ്സി അനുശോചനം രേഖപ്പെടുത്തി.

കൊണ്ടാട് ഇടവകയിലെ ഡിഎഫ്സി ഭാരവാഹി മോളി കല്ലുപുരയ്ക്കലിന്റെ ഭർത്താവ് കെ.എം. ജോസഫ് (പാപ്പച്ചൻ ചേട്ടൻ) ന്റെ നിര്യാണത്തിൽ ദീപിക ഫ്രണ്ട്സ് ക്ലബ് അനുശോചനം രേഖപ്പെടുത്തി.

12. പഠന ടൂർ നടത്തി

ഡിഎഫ്സി പാലാ രൂപത നേതൃസമിതി കോർഡിനേറ്റർ സ്കറിയ വേകത്താനത്തിന്റെ നേതൃത്വത്തിൽ കളമശേരി ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പഠനയാത്ര നടത്തി.

13. ഡിഎഫ്സി സംസ്ഥാനഎക്സിക്യൂട്ടീവ് യോഗം

ഡിഎഫ്സി സംസ്ഥാനഎക്സിക്യൂട്ടീവ് യോഗം കോട്ടയം ദീപിക ഓഫീസിൽ നടത്തി. പ്രസിഡന്റ് ടോമി തുരുത്തിക്കര മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. മോൺ മാണി പുതിയിടം മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഫാ. റോയി കണ്ണഞ്ചിറ, ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, സജി പുല്ലുകാലായിൽ , ജോസഫ് ഓലിക്കൽ ജയിംസ് തുടങ്ങിയവർ പ്രസംഗിച്ചു.

14. മാനത്തൂരിൽ മാധ്യമസെമിനാർ

മാനത്തൂരിൽ മാധ്യമസെമിനാർ നടത്തി. വികാരി ഫാ. തോമസ് പുല്ലാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. റവ. ഡോ. മാണി പുതിയിടം സെമിനാർ നയിച്ചു. തുടർന്ന് ഡിഎഫ്സിയുടെ പുതിയ പുരുഷ/വനിതാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

15. ഡിഎഫ്സി എക്സിക്യൂട്ടീവ് യോഗം

ഡിഎഫ്സി പാലാ രൂപത എക്സിക്യൂട്ടീവ് യോഗം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തി. പ്രസിഡന്റ് ഡോ.സണ്ണി വി. സക്കറിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനത്തിന്റെ നേതൃത്വത്തിൽ വിവിധ കർമ്മപരിപാടികൾ ചർച്ച ചെയ്തു.

16. ഡിഎഫ്സി രാമപുരം ഫൊറോനാ സമ്മേളനം

ഡിഎഫ്സി രാമപുരം ഫൊറോന സമ്മേളനം പാരീഷ് ഹാളിൽവച്ച് നടത്തി. പ്രസിഡന്റ് അഡ്വ. ജോസഫ് കണ്ടത്തിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഫാ. മൈക്കിൾ കിഴക്കേപറമ്പിൽ, ടോമി തുരുത്തിക്കര, ബേബി തൈരംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു.

17. ഡിഎഫ്സി പിഴക് യൂണിറ്റ് മീറ്റിംഗ്

ഡിഎഫ്സി പിഴക് യൂണിറ്റ് യോഗം പാരീഷ് ഹാളിൽ വച്ചു നടത്തി. പ്രസിഡന്റ് ജോസ് മലയിൽ മീറ്റിംഗിൽഅധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

അരുവിത്തുറ യൂണിറ്റ് സന്ദർശിച്ചു

18. ഡിഎഫ്സി പാലാ രൂപത നേതൃസമിതി അരുവിത്തുറ യൂണിറ്റ് സന്ദർശിച്ചു. ഫാ. അബ്രാഹം തകിടിയേൽ, ജോർജ് വടക്കേൽ, സിസ്റ്റർ ആൻസിറ്റ് ആനക്കല്ലുങ്കൽ, സാലമ്മ ജോളി അറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

19. മണിയംകുളം യൂണിറ്റ് സന്ദർശിച്ചു

മണിയംകുളം യൂണിറ്റ് ഡിഎഫ്സി ഭാരവാഹികൾ സന്ദർശിച്ചു. പ്രസിഡന്റ് ബിജു ജോസഫ് വടക്കേൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് പുരയിടം, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

20. തിടനാട് യൂണിറ്റ് സന്ദർശിച്ചു

തിടനാട് യൂണിറ്റ് സന്ദർശിച്ച് ദീപിക പ്രസ് ക്ലബിന്റെ കർമ്മപദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. വികാരി ഫാ. മൈക്കിൾ നരികാട്ട്, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

21. ചേറ്റുതോട് യൂണിറ്റ് സന്ദർശിച്ചു

യൂണിറ്റ് പ്രസിഡന്റ് ജോയിച്ചൻ കാവുങ്കൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. വികാരി ഫാ. ജോസഫ് കാപ്പിൽ, ഫാ. സ്കറിയ വേകത്താനം എന്നിവർ പരിപാടിക്കു നേതൃത്വം നൽകി.

22. പാസ്റ്ററൽ പ്രസ്ബിറ്ററൽ കൗൺസിൽ

പാലാ രൂപതയുടെ പാസ്റ്ററൽ പ്രസ്ബിറ്ററൽ കൗൺസിലിന്റെ സുവർണ്ണജൂബിലി സമാപനസമ്മേളനത്തിൽ ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സക്കറിയ, ടോമി തുരുത്തിക്കര തുടങ്ങിയവർ പങ്കെടുത്തു.

23. ഇടമറുക് യൂണിറ്റ് സന്ദർശിച്ചു

ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് ജോസ് ജോർജ് കാവുംപുറം അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. സെബാസ്റ്റ്യൻ പുത്തൂർ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

24. മൂന്നിലവ് യൂണിറ്റ് സന്ദർശിച്ചു

ഡിഎഫ്സി രൂപതാ ടീം മൂന്നിലവ് യൂണിറ്റ് സന്ദർശിച്ചു. യൂണിറ്റ് പ്രസിഡന്റ് ഔസേപ്പച്ചൻ വാഴയിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. ജോർജ് ചൊള്ളനാൽ, ഫാ. സ്കറിയ വേകത്താനം എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

25. നെല്ലാപ്പാറ യൂണിറ്റ് സന്ദർശിച്ചു

വികാരി ഫാ. അലക്സ് പൈകട, ഫാ. സ്കറിയ വേകത്താനം എന്നിവർ ഡിഎഫ്സിയുടെ പുതിയ കർമ്മപദ്ധതികളെക്കുറിച്ചുള്ള ചർച്ചയ്ക്ക് നേതൃത്വം നൽകി.

26. പയസ്മൗണ്ട് യൂണിറ്റ് സന്ദർശിച്ചു

പയസ്മൗണ്ട് യൂണിറ്റ് സന്ദർശിച്ച് ദീപികയുടെ പുതിയ കർമ്മപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു. വികാരി ഫാ. ജോസഫ് പുതുമന, ഫാ. സ്കറിയ വേകത്താനം എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

27. കളത്തൂക്കടവ് യൂണിറ്റ് സന്ദർശിച്ചു

യൂണിറ്റ് പ്രസിഡന്റ് റോയി മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. ജോസഫ് പരവുമ്മേൽ ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

28. ഡ്രീംലൈൻ പ്രൊജക്ട്

മരങ്ങോലി, വാക്കാട്, മുത്തോലി, മാനത്തൂർ, അമ്പാറനിരപ്പേൽ എന്നീ ഇടവകകളിൽ ഡ്രീംലൈൻ പ്രോജക്ട് നടത്തി. റവ. ഡോ. മാണി പുതിയിടം, ഫാ. റോയി കണ്ണഞ്ചിറ, ഫാ. ജിനോ പുന്നമറ്റത്തിൽ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

29. ക്രിസ്തുമസ് ആശംസകൾ നേർന്നു

ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ ബിഷപ്സ് ഹൗസിലെ എല്ലാവർക്കും ക്രിസ്തുമസ് മംഗളങ്ങൾ ആശംസിച്ചു.

30. ദീപിക സ്റ്റാൾ

പാലാ സെന്റ് തോമസ് കോളജിലെ ബൈബിൾ കൺവെൻഷൻ ഗ്രൗണ്ടിൽ ദീപികയുടെ സ്റ്റാൾ അഞ്ചുദിവസം പ്രവർത്തിച്ചു.

31. ഡിഎഫ്സി സംസ്ഥാനമീറ്റിംഗ് കോട്ടയത്ത്

ഡിഎഫ്സിയുടെയും സംസ്ഥാനമീറ്റിംഗും ക്രിസ്തുമസ് ആഘോഷവും കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. റവ. ഡോ. മാണി പുതിയിടം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. റോയി കണ്ണഞ്ചിറ ക്ലാസ് നയിച്ചു. പാലാ രൂപതയിലെ ഡിഎഫ്സി റിപ്പോർട്ട് പ്രസിഡന്റ് ഡോ. സജി വി. സക്കറിയ അവതരിപ്പിച്ചു. പാലാ രൂപതയിലെ നിന്നുള്ള സംസ്ഥാന എക്സിക്യൂട്ടീവംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

32. ഡിഎഫ്സി ഗ്ലോറിയ 2018

ഡിഎഫ്സി പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ അൽഫോൻസാ കോളജിൽവച്ചു കരോൾഗാനം, പാപ്പാമത്സരം എന്നിവ നടത്തി. രൂപതാ പ്രസിഡന്റ് ഡോ. സജി വി. സക്കറിയ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ പാലാ ഡിവൈഎസ്പി ഷാജിമോൻ ജോസഫ് ഗ്ലോറിയ 2018 ഉദ്ഘാടനം ചെയ്തു. അൽഫോൻസാ കോളജ് പ്രിൻസിപ്പൽ സിസ്റ്റർ തെരേസ് മടുക്കക്കുഴി കേക്കുമുറിച്ചു. മത്സരത്തിൽ വിജയികളായവർ

I. കരോൾഗാനമത്സരം

1. സെന്റ് മേരീസ് ചർച്ച് കടുത്തുരുത്തി Ist
2. മാർ അപ്രേം മൈനർ സെമിനാരി, പാലാ IInd
3. സെന്റ് മേരീസ് ചർച്ച് ഭരണങ്ങാനം IIIrd

II. ക്രിസ്തുമസ് പപ്പ മത്സരം

1. സിനി ബെന്നി പുരയിടത്തുകുന്നേൽ Ist
2. ജോസ് കുളത്തിനാൽ & ടീം, ജിയോവാലി IInd
3. ആകാശ് ടോമി തെങ്ങുംപള്ളിൽ, വേഴങ്ങാനം IIIrd

മത്സരത്തിൽ വിജയികളായവർക്ക് അഭിനന്ദനങ്ങൾ!!

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# ഇൻഫാം

**ഇൻഫാം സംസ്ഥാനസമിതി കാഞ്ഞിരപ്പള്ളിയിൽ**

20-12-2018 ന് ഇൻഫാം സംസ്ഥാന സമിതി കാഞ്ഞിരപ്പള്ളി എം.ഡി. എസ്.ൽ ചേർന്നു. കർഷകർ നേരിടുന്ന പ്രതിസന്ധിയെപ്പറ്റി സംസ്ഥാന സമിതി വീശദമായി ചർച്ച ചെയ്തു. ജനുവരി 15-ന് സംസ്ഥാന വ്യാപകമായി പതിവു പോലെ കർഷകദിനം ആചരിക്കുവാൻ തീരുമാനിച്ചു. എല്ലാ യൂണിറ്റ് തലത്തിലും വിപുലമായ രീതിയിൽ പതാക ഉയർത്തലും സെമിനാറുകളും നടത്തണമെന്ന് തീരുമാനിച്ചു. പാലാ രൂപതാ സമതിയുടെ നേതൃത്വത്തിൽ മാനത്തൂർ സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് വിപുലമായ രീതിയിൽ കർഷകദിനവും അവ കാശ കൺവെൻഷനും നടത്തുന്നതിന് തീരുമാനിച്ചു.

പാലാ രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ.ഫാ. ജോ തറപ്പേൽ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പിള്ളി സണ്ണി മുത്തോ ലപുരം എന്നിവർ സംബന്ധിച്ചു.

**ഇൻഫാം രൂപതാ കർഷകദിനവും അവകാശപ്രഖ്യാപന കൺവെൻഷനും മാനത്തൂരിൽ**

രൂപതാസമിതിചേർന്ന് ഇൻഫാം കർഷകദിനം വിപുലമായ രീതിയിൽ മാനത്തൂർ സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു. കർഷകരുടെ അവകാശങ്ങൾ ഭരണകർത്താക്കളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന തിനായി വിപുലമായ പ്രചാരണപരിപാടികൾ നടത്തുന്നതിനും തീരുമാനിച്ചു.

പാലാ ശാലോമിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. ജോസ് തറ പ്പേൽ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പള്ളി, ബെന്നി തുളുവനാനി, ജോസി വയലിൽ കളപ്പുര, സണ്ണി മുത്തോലപുരം തുടങ്ങിയവർ സംസാരിച്ചു.

ഇൻഫാം മേഖലാസമതിയുടെ ആഭിമുഖ്യത്തിൽ കർഷകദിനാചരണ ത്തിന്റെ ഭാഗമായി മാനത്തൂരിൽ വിപുലമായ കമ്മറ്റി ചേർന്നു. ജനുവരി 15-ന് മാനത്തൂർ സെന്റ് മേരീസ് പാരിഷ് ഹാളിൽ നടത്തപ്പെടുന്ന യോഗത്തിൽ പര മാവധി ആളുകളെ പങ്കെടുപ്പിക്കണമെന്ന് തീരുമാനിച്ചു. ഇതിന്റെ നടത്തിപ്പിലേ ക്കായി വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

മാനത്തൂർ പള്ളി വികാരി റവ. ഫാ. തോമസ് പുല്ലാട്ട്, ഡയറക്ടർ റവ. ഫാ. ജോസ് തറപ്പേൽ, കടനാട് ഫൊറോന വികാരി റവ.ഡോ. അഗസ്റ്റിൻ കൂട്ടിയാനി എന്നിവർ നേതൃത്വം നൽകി. മാത്യു മാമ്പറമ്പിൽ, ബേബി പന്തപ്പള്ളി, തോമസ് കാവുംപുറം, ജോൺസൺ പുതിയകുന്നേൽ, തോമസ് മണിമല തുട ങ്ങിയവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകും.


**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)

**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

*Received Heavenly Reward*



# ആദരാഞ്ജലികൾ



## ഫാ. ജോർജ് വടക്കേൽ

1932 ജൂൺ 23-ന് കടുത്തുരുത്തി ഇടവകയിൽ വടക്കേൽ തറവാട്ടിൽ തോമസ്-ത്രേസ്യാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. നാലു സഹോദരന്മാരും മൂന്നു പെങ്ങന്മാരുമുള്ള അച്ചന്റെ ഒരു സഹോദരി സന്യാസിനിയാണ്. 29.06.1932 ൽ മാമ്മോദീസ സ്വീകരിച്ച അച്ചൻ തൈലാഭിഷേകം സ്വീകരിച്ചത് 30.11.1942-ൽ അഭി. മാർ ജെയിംസ് കാളാശ്ശേരി പിതാവിൽനിന്നാണ്. സെന്റ് ആഗ്നസ് കോൺവെന്റ് സ്കൂൾ മുട്ടുചിറ, സെന്റ് ജോർജ് പ്രൈമറി സ്കൂൾ കടുത്തുരുത്തി, ഗവൺമെന്റ് എം. എം. സ്കൂൾ മുട്ടുചിറ, സെന്റ് മൈക്കിൾ സ്കൂൾ കടുത്തുരുത്തി എന്നിവിടങ്ങളിലായി വിദ്യാഭ്യാസം നടത്തിയ അച്ചൻ ചങ്ങനാശ്ശേരി പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരി, പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, സിലോണിലെ കാണ്ടി പേപ്പൽ സെമിനാരി, പൂന പേപ്പൽസെമിനാരി എന്നിവിടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കി.

1959 ഒക്ടോബർ 3-ന് പൂന പേപ്പൽ സെമിനാരിയിൽ വച്ച് പൂന ബിഷപ്പ് ആൻഡ്രൂസ് ഡിസൂസയിൽനിന്ന് പുരോഹിതപട്ടം സ്വീകരിച്ച അച്ചൻ രാമപുരം പള്ളിയിൽ അസി. വികാരിയായി വൈദിക ശുശ്രൂഷ ആരംഭിച്ചു. കയ്യൂർ പള്ളിയിൽ വികാരിയായി നിയമിതനായ അച്ചൻ തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഉപരിപഠനത്തിനായി പോയി. അതിനെത്തുടർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ അധ്യാപകനായി നിയമിതനായി. തുടർന്ന് കാലികറ്റ് ദേവഗിരി കോളേജിൽ ഉപരിപഠനം നടത്തിയ അച്ചൻ 1970 ൽ കുറവിലങ്ങാട് ദേവമാതാ കോളേജിൽ അധ്യാപകനായി. തുടർന്ന് ന്യൂയോർക്കിലുള്ള ഫോർദാൻ യൂണിവേഴ്സിറ്റി, ബ്രോൺസിൽ പഠനവും അതോടനുബന്ധിച്ച് Church of Brendan ൽ അസി. പാസ്റ്റർ ആയി സേവനവും ചെയ്തു. തുടർന്ന് വീണ്ടും നാട്ടിലെത്തി കുറവിലങ്ങാട് ദേവമാതാ കോളേജിൽ ലെക്ചററായി സേവനം ചെയ്തു. തുടർന്ന് ന്യൂയോർക്കിലെ ചർച്ച് ഓഫ് ഇമ്മാക്കു

ലേറ്റ് കൺസെപ്ഷനിൽ അസ്സോസിയേറ്റ് പാസ്റ്റർ ആയി സേവനം ചെയ്തു. 1984-ൽ സെന്റ് ജോൺസ് യൂണിവേഴ്സിറ്റി Brooklyn ൽ സേവനം ചെയ്ത അച്ചൻ 1986-ൽ നാട്ടിലെ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടറായി നിയമിതനായി. 1987 മുതൽ സി.ബി.സി.റ്റി. യുടെ കത്തോലിക് ഹോസ്പിറ്റൽ അസ്സോസിയേഷൻ ഓഫ് ഇൻഡ്യയുടെ ഡയറക്ടറായി ശുശ്രൂഷ ചെയ്തു. 1990-ൽ വീണ്ടും പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി നിയമിതനായ അച്ചൻ 1994 മുതൽ ന്യൂയോർക്കിൽ സെന്റ് അഗസ്റ്റിൻസ് ചർച്ച് ന്യൂസിറ്റിയിൽ അസ്സോസിയേറ്റ് പാസ്റ്റർ ആയി ശുശ്രൂഷ ചെയ്തു. 2001 മുതൽ മുണ്ടാങ്കൽ പള്ളിയിൽ വികാരിയായി നിയമിതനായ അച്ചൻ 2006 മുതൽ മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിന്റെ ഡയറക്ടറായി ശുശ്രൂഷ ചെയ്തു. 2008 മുതൽ വിശ്രമജീവിതം നയിച്ച അച്ചൻ 2018 ഡിസംബർ 9ന് നിര്യാതനായി.

ഡിസംബർ 13-ാം തീയതി ഉച്ചകഴിഞ്ഞ് ഭവനത്തിൽ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ച് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കടുത്തുരുത്തി താഴത്തുപള്ളിയിൽ അനസാനിച്ചു.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ജോർജ് വടക്കേലച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ നമുക്കു ശിരസ്സു നമിക്കാം. ബഹു. അച്ചൻ തിരുസഭയ്ക്കും സമൂഹത്തിനും നല്കിയ ശുശ്രൂഷകൾക്ക് ദൈവതിരുമുമ്പാകെ നന്ദി അർപ്പിക്കുകയും പിതാവായ ദൈവം തന്റെ വലതുഭാഗത്ത് അച്ചനെ നിർത്തട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യാം. കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും ആത്മാർത്ഥമായ അനുശോചനം അറിയിക്കുന്നു.

എ.ഡി.സി.പി അംഗങ്ങൾ എല്ലാവരും ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ അച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.



## സി. പെറ്റിറ്റ് ട്രീസാ എഫ്.സി.സി

കോതമംഗലം രൂപതയിൽ കരിമണ്ണൂർ ഇടവകയിൽ ദൈവവിളികളാൽ സമ്പന്നമായ ചക്കാംകുന്നേൽ കുടുംബത്തിൽ ആഗസ്തിയുടെയും ത്രേസ്യായുടെയും 8 മക്കളിൽ 7-മത്തെ പുത്രിയായി 1941 നവംബർ 4-ന് ത്രേസ്യാകുട്ടി ഭൂജാതയായി. ചേച്ചിമാരായ സിസ്റ്റേഴ്സിന്റെയും മറ്റ് ബന്ധുക്കളായ എഫ്.സി.സി സിസ്റ്റേഴ്സിന്റെയും മാതൃക പിൻചെന്ന് സിസ്റ്ററാകണമെന്നുള്ള വലിയ ആഗ്രഹത്താൽ ക്ലാരസഭയിൽ ചേർന്ന് 21-5-1962-ൽ നിത്യവ്രതവാഗ്ദാനം നടത്തി.

പ്രേഷിതവേലയിലേക്ക് കടക്കുന്നതിനുമുമ്പായി പഠനം പൂർത്തിയാക്കിയ അമ്മ പൂഞ്ഞാർ തെക്കേക്കര മഠത്തിൽ അംഗമായി വരികയും പൂഞ്ഞാർ സെന്റ് ആന്റണീസ് ഹൈസ്കൂളിൽ സ്ഥിരനിയമനം ലഭിക്കുകയും ചെയ്തു. പെറ്റിറ്റമ്മയുടെ സേവനരംഗത്തെ അർപ്പണബോധവും കൃത്യനിഷ്ഠയും അനന്തരതലമുറകൾക്ക് വലിയ പ്രചോദനവും മാതൃകയുമാണ്. All for the love of God to become a saint. ഇതായിരുന്നു അമ്മയുടെ മോട്ടോ.

31 വർഷക്കാലം സെന്റ് ആന്റണീസിൽ സേവനമനുഷ്ഠിച്ച് 1999-ൽ അദ്ധ്യാപനരംഗത്തുനിന്ന് വിരമിക്കുമ്പോഴും 2012-ൽ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോഴും ബ. പെറ്റിയമ്മ സന്തോഷവതിയും സംതൃപ്ത യുമായിരുന്നു. 36-മത്തെ വയസിൽ ആരംഭിച്ച ഡയബറ്റിസ് രോഗംമൂലം അമ്മ ഏറെ ക്ലേശം അനുവിച്ചരുന്നു.

2018 ഒക്ടോബർ 15ന് ശ്വാസതടസ്സം അനുഭവപ്പെടുകയും സമൂഹാംഗ ങ്ങളും ബഹു. CMI പ്രിയോർ ജയിംസ് നീണ്ടുശ്ശേരിയച്ചനും പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ രാവിലെ 8.20 ന് അമ്മയുടെ ആത്മാവ് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

പിറ്റേദിവസം 1.30 pm ന് അമ്മയുടെ ബന്ധുവായ ബ. ഷിജോ കുഴി ക്കാട്ടുമ്യാലിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലിയോടെ സംസ്ക്കാ രശുശ്രൂഷകൾ ആരംഭിച്ചു. റവ. ഡോ. ജോസ് വലിയമറ്റം CMI അനുസ്മരണ സന്ദേശം നൽകി. തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ റവ. ഫാ. ജോസഫ് കൊല്ലംപറമ്പിലച്ചൻ അമ്മയുടെ സേവനങ്ങളെ അനുസ്മരിക്കുകയും മൃതദേഹം പയ്യാനിത്തോട്ടം പള്ളിസെമിത്തേരിയിൽ സംസ്ക്കരിക്കുകയും ചെയ്തു. തന്റെ വിശ്വസ്ഥ ദാസിയെ ദിവ്യനാഥൻ നിത്യകിരീടമണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## റവ. സി. ലൈമാ റ്റോം FCC

പാലാ രൂപത അറക്കുളം ഇടവകയിൽ വേലംകു ന്നേൽ തോമസ്-ത്രേസ്യ ദമ്പതികളുടെ നാലു മക്കളിൽ രണ്ടാ മത്തെ പുത്രിയായി 3-12-1949-ൽ ബ.സി. ലൈമാറ്റോം ഭൂജാ തയായി. 6-4-1968-ൽ ആദ്യ വ്രതം അനുഷ്ഠിച്ചു. 12-5-1973 ൽ നിത്യവ്രതത്തിലൂടെ നാഥനു പൂർണമായി തന്നെത്തന്നെ സമർപ്പിച്ചു. 1975-ൽ സെന്റ് തോമസ് ട്രെയിനിംഗ്കോളേ ജിൽ നിന്ന് BEd പാസ്സായ സിസ്റ്റർ 1975 മുതൽ 2007 വരെ 32 വർഷം ഹൈസ്കൂൾ അദ്ധ്യാപികയായി ശുശ്രൂഷ ചെയ്തു. 1975-ൽ ഭരണങ്ങാനം GHSG ൽ ആണ് സിസ്റ്റർ തന്റെ അദ്ധ്യാപനദൗത്യം ആരംഭിച്ചത്. തുടർന്ന് പൂഞ്ഞാർ, കണ്ണാടിയുറുമ്പ്, തീക്കോയി, കൂട്ടിയ്ക്കൽ, ചെമ്മലമറ്റം എന്നീ സ്കൂളു കളിൽ സ്തുത്യർഹമായ ആദ്ധ്യാപന ശുശ്രൂഷ ചെയ്തു. അദ്ധ്യാപനശുശ്രൂ ഷയിൽ നിന്നും വിരമിച്ചതിനുശേഷം സ്കൂളുകളിൽ കൗൺസലിംഗ്, ഭവനസ ന്ദർശനം ഇവ തീക്ഷ്ണതയോടെ നിർവ്വഹിച്ചിരുന്നു.

സന്യാസക്രമങ്ങളിലുള്ള നിഷ്ഠ, അധികാരികളോടുള്ള വിധേയത്വം, സഹസഹോദരങ്ങളോടുള്ള സ്നേഹം, പാവങ്ങളോടുള്ള കരുണ എന്നിവ അമ്മ യുടെ വ്യക്തിത്വത്തിന്റെ പ്രത്യേകതകളായിരുന്നു. കൂട്ടായ്മയിലൂടെയും, സാഹോദര്യത്തിലൂടെയും വചനത്തിനുസാക്ഷ്യം വഹിക്കുക എന്നതായിരുന്നു അമ്മയുടെ ജീവിതദർശനം, സാന്നിദ്ധ്യം, ബലി, കൂട്ടായ്മ ഇവയിലൂടെ ശിഷ്യ ത്വത്തിന്റെ പൂർണത കൈവരിക്കുക ഇതായിരുന്നു ജീവിത ദൗത്യം.

2018 അമ്മ തീർത്തും ശയ്യാവലംബയായി തീർന്നു. നവംബർ 30-ാം തീയതി രാവിലെ ആരോഗ്യനില തീർത്തും മോശമായതിനാൽ തിടനാട് പള്ളി വികാരി റവ. ഫാ. മൈക്കിൾ നരിക്കാട്ട് വന്നു പ്രാർത്ഥിച്ചു. തുടർന്ന് 1-12-2018 വൈകുന്നേരം 5.45ന് സിസ്റ്ററിന്റെ പാവനാത്മാവ് ദിവ്യനാഥസന്നിധിയിലേയ്ക്ക് പറന്നുയർന്നു.

2018 ഡിസംബർ 2, 1.30 pm ന് ദിവ്യബലിയോടെ സംസ്കാരശുശ്രൂഷ കൾ ആരംഭിച്ചു. തുടർന്ന് തിടനാട് പള്ളിയിൽ പാലാ രൂപതാ വികാരി ജനറാൾ പെരിയ ബ. ജോസഫ് കൊല്ലംപറമ്പിലച്ചന്റെ പ്രധാനകാർമ്മികത്തിൽ മൃതദേഹം സംസ്കരിച്ചു.

ദിവ്യനാഥൻ തന്റെ വിശ്വസ്ത മണവാട്ടിയെ നിത്യകിരീടമണിയിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.



## സി. സെസിൽ മരിയ പനച്ചിക്കൽ എസ്.എച്ച്.

പാലാ രൂപത മൂലമറ്റം ഇടവകയിൽ പ്രശസ്തവും ദൈവവിളികളാൽ

സമ്പന്നവുമായ പനച്ചിക്കൽ കുടുംബത്തിൽ ദേവസ്യ -റോസമ്മ ദമ്പതികളുടെ 8 മക്കളിൽ ആദ്യസന്താനമായി 1942 ഏപ്രിൽ 22-ാം തീയതി ജനിച്ചു. മാമ്മോദീസായിൽ അന്ന എന്ന നാമം സ്വീകരിച്ചു. പനച്ചിക്കൽ കുടുംബത്തിലെ പ്രത്യേക പരിശീലനത്തിൽ ദൈവവിശ്വാസത്തിലും സ്നേഹകൂട്ടായ്മയിലും വളർന്നുവന്ന ഈ ദൈവപൈതൽ 1960-ൽ തിരുഹൃദയസന്യാസിനി സമൂഹ ത്തിൽ ചേർന്നു. സന്യാസപരിശീലനം പൂർത്തിയാക്കി 1962 ഏപ്രിൽ 22-ാം തീയതി ആദ്യവ്രതം അനുഷ്ഠിച്ച് സി. സെസിൽ മരിയ എന്ന സന്യാസനാമം സ്വീകരിച്ചു. 20-05-1965 ൽ നിത്യവ്രതം അനുഷ്ഠിച്ചു.

തിരുഹൃദയസന്യാസിനി സമൂഹത്തിന്റെ വിവിധ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ ഹൗസ്, ഏഴാച്ചേരി, വിളക്കുമരുത്, കുമ്മണ്ണൂർ മേരിലാന്റ് എന്നീ മഠങ്ങളിൽ സുപ്പീരിയറായും മൂലമറ്റം - മേലുകാവ്, കുടക്കച്ചിറ, ചക്കാമ്പുഴ, മൂന്നിലവ് എന്നീ മഠങ്ങളിൽ ഫാം സൂപ്പർവൈസേഴ്സ്, മെസ് മാനേജർ എന്നീ ശുശ്രൂഷകൾ നിർവ്വഹിച്ചും സന്യാസസമർപ്പണത്തിന്റെ 56 വർഷങ്ങൾ സന്തോ ഷത്തോടെ ജീവിച്ചു.

പ്രതിസന്ധികളിൽ പതറാത്ത ആത്മവിശ്വാസവും ആഴമായ പ്രാർത്ഥ നാജീവിതവും, എപ്പോഴും അധരത്തിൽ വിടരുന്ന പുഞ്ചിരിയും, സ്നേഹവാ ത്സല്യങ്ങളും ബന്ധങ്ങളിലെ ആത്മാർത്ഥതയും, അധികാര വിധേയത്വവും ആരോടും പരാതിപ്പെടാത്ത, വിദ്വേഷം പുലർത്താത്ത മനോഭാവങ്ങളും സഹ നശീലവും, കഠിനാദ്ധ്വാനതല്പരതയും അമ്മയുടെ വ്യക്തിത്വസവിശേഷതക ളായിരുന്നു. ഈശോയുടെ പ്രതിപുരുഷന്മാരായ വൈദികരോട് തികഞ്ഞ ആദ രവും സ്നേഹവും പുലർത്തിയിരുന്നു. വിവിധ ഇടവകകളിൽ വിശ്വാസപരിശീ ലനത്തിലും കുടുംബപ്രേഷിതതത്വത്തിലും ഏർപ്പെട്ട ഈശോയുടെ രക്ഷാകര വേലയിൽ പങ്കാളിയായി.

2015 ൽ മേലുകാവ് മഠത്തിലേക്കു സ്ഥലം മാറിവന്ന സെസിൽ മരിയാമ്മ അവിടെയും തനിക്കാവുന്ന ശുശ്രൂഷകൾ സന്തോഷത്തോടെ നിർവ്വഹിച്ചുവരവെ

2018 ഒക്ടോബർ 30-ാം തീയതി സ്ട്രോക്ക് ഉണ്ടായതിനെത്തുടർന്ന് ഒരു വശം തളർന്ന അവസ്ഥയിലായി. തന്റെ രോഗത്തിന്റെ അസ്വസ്ഥതകളെല്ലാം സന്തോഷപൂർവ്വം സ്വീകരിച്ച് മരണത്തിനായൊരുങ്ങിയ അമ്മ സ്വയം ആവശ്യപ്പെട്ട് രോഗീലേപന കൂദാശ സ്വീകരിച്ചു. 2018 ഡിസംബർ 9-ാം തീയതി 11.30 ന് മൂലമറ്റം ബി. വി.എം.സി. ഹോസ്പിറ്റലിൽ വച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്കാരശുശ്രൂഷകൾ ഡിസംബർ 11-ാം തീയതി രാവിലെ 8.30 p.m. ന് മൂലമറ്റം മഠം ചാപ്പലിൽ സമൂഹബലിയോടെ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം മൃതദേഹം മൂലമറ്റം സെന്റ് ജോർജ് ഫൊറോനാപ്പള്ളി സെമിത്തേരിയിൽ പാലാ രൂപത വികാരി ജനറാൾ പെരിയ. ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ കാർമ്മികത്വത്തിൽ സംസ്കരിക്കപ്പെട്ടു. പ്രിയപ്പെട്ട സെസിൽ മരിയാമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർത്ഥിക്കുന്നു.



## റവ.സി. നിക്ലാവോസ് എഫ്.സി.സി. പാലാ

പാലാ രൂപത കപ്പാട് ഇടവകയിൽ പാറക്കുളങ്ങര ജോസഫിന്റെയും ത്രേസ്യാമ്മയുടെയും 5 മക്കളിൽ മൂത്തമകളായി 1930 ജനുവരി 23-ാം തീയതി ബഹു. നിക്ലാവോസമ്മ ജനിച്ചു. മാമ്മോദീസായിൽ മറിയം എന്ന നാമം നൽകപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1950 ഒക്ടോബർ 17-ാം തീയതി കണ്ണാടിയുറുമ്പ് മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1952 മെയ് 21ന് സഭാവസ്ത്ര സ്വീകരണവും 1954 ജൂൺ 13 ന് പ്രഥമവ്രതവും 1957 ജൂൺ 13 ന് നിത്യ വ്രതവും അനുഷ്ഠിച്ചു. 2004 ൽ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു.

കണ്ണാടിയുറുമ്പ്, ളാലം, പുലിയന്നൂർ, പാളയം, ചെമ്മലമറ്റം, മലയിഞ്ചിപ്പാറ, സാൻജോ ഹോസ്റ്റൽ, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കൊഴുവനാൽ, കൂട്ടിക്കൽ, അൽഫോൻസാ ഹോസ്റ്റൽ എന്നീ മഠങ്ങളിൽ താമസിച്ച് പാർലർ സിസ്റ്റർ, അസി. സുപ്പീരിയർ, മെസ് മാനേജർ, സങ്കീർത്തിക്കാരി എന്നീ നിലകളിൽ സന്തോഷത്തോടെ ശുശ്രൂഷ ചെയ്തു.

മറ്റുള്ളവരുടെ ദൃഷ്ടിയിൽപ്പെടാത്ത എളിയ ജോലികളും ത്യാഗങ്ങളും തീക്ഷ്ണതയോടെ ചെയ്തുകൊണ്ട് അനുദിന ബലിയർപ്പണത്തിനുള്ള ബലിവസ്തുക്കൾ ശേഖരിക്കുന്നതിൽ അമ്മ ഏറെ ശ്രദ്ധിച്ചിരുന്നു. വാർദ്ധക്യസഹജമായ ക്ഷീണത്താൽ അമ്മയെ 2018 സിസംബർ 15 ന് മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കുകയും, ഡിസംബർ 17-ാംതീയതി അമ്മയുടെ പാവനാത്മാവ് സ്വർഗ്ഗത്തിലേയ്ക്ക് സംവഹിക്കപ്പെടുകയും ചെയ്തു. 2018 ഡിസംബർ 19-ാംതീയതി ഉച്ചകഴിഞ്ഞ് 1.30 ന് കണ്ണാടിയുറുമ്പ് മഠം ചാപ്പലിൽ സമൂഹബലിയോടെ ആരംഭിച്ച കർമ്മങ്ങൾക്കുശേഷം പാലാ കത്തീഡ്രൽപള്ളി സെമിത്തേരിയിൽ അമ്മയുടെ മൃതദേഹം സംസ്ക്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്ത ദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2018

| | | |
|---|---|---|
| 1 | 03.00 pm | ബിഷപ്സ് ഹൗസിൽ ദീപനാളം ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. |
| | 06.00 pm | കട്ടച്ചിറ ക്നാനായ പള്ളിയിൽ 125-ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| 2 | 11.00 am | മൂഴൂർ ഇടവകയിൽ കാർഷികമേളയിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 02.30 pm | ഏന്തയാർ പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും മോണ്ടളം വെഞ്ചരിക്കുകയും ചെയ്തു. |
| | 05.00 pm | കപ്പാട് ആശ്രമത്തിൽ പ്രീസ്റ്റ്സ് ഓൺഗോയിങ് ഫോർമേഷനിൽ ആമുഖപ്രഭാഷണം നടത്തി. |
| 3 | 10.00 am | ഷാലോമിൽ മാതൃവേദി ജോയിന്റ് ഡയറക്ടേഴ്സിന്റെ സംഗമത്തിൽ പങ്കെടുത്തു. |
| | 02.00 pm | ചെങ്ങളം ഇടവകയിൽ ഒരു മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| | 05.00 pm | ബിഷപ്സ് ഹൗസിൽ ജീസസ് യൂത്തിന്റെ ജറീക്കോ പ്രാർത്ഥനായജ്ഞം ഉദ്ഘാടനം ചെയ്തു. |
| 4-6 | | കെ.സി.ബി.സി. യിൽ സംബന്ധിച്ചു. |
| 6 | 02.30 pm | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ തിയോളജി ഫോറത്തിൽ പങ്കെടുത്തു. |
| 7 | 9-11.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.45 am | കോതനല്ലൂർ പള്ളിയിൽ പുണ്യശ്ലോകനായ മൈലപ്പറമ്പിൽ കുര്യാക്കോസച്ചന്റെ ശ്രാദ്ധത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.30 pm | ബിഷപ്സ് ഹൗസിൽ 'പാലാ ദൂത്' പ്രസിദ്ധീകരണ |

| | | |
|---|---|---|
| | | ത്തിന്റെ എഡിറ്റോറിയൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. |
| | 06.00 pm | പാലാ സാന്തോം എസ്.എച്ച്. കോൺവെന്റിൽ മീഡിയ സെന്റർ വെഞ്ചരിച്ചു. |
| 08 | 06.30 am | പാലാ ടൗൺ കപ്പേളയിൽ ജൂബിലി തിരുനാളിൽ സുറിയാനി കുർബാന അർപ്പിച്ചു. |
| | 10.30 am | സി.എം.സി. പ്രൊവിൻഷ്യൽ സിനാക്സിസിൽ സന്ദേശം നൽകി. |
| | 02.30 pm | ചേർപ്പുങ്കൽ മെഡിസിറ്റിയുടെ നിർമ്മാണം വിലയിരുത്തി. |
| | 09.00 pm | പാലാ ടൗൺ കപ്പേളയിൽ വാഴ്‌വും തിരുനാൾ സന്ദേശവും സമ്മാനവിതരണവും നടത്തി. |
| 10-12 | | മാങ്ങാനം - വടവാതൂർ സ്പിരിച്ചാലിറ്റി സെന്ററിൽ കത്തോലിക്കാസഭയും യാക്കോബായ-ഓർത്തഡോക്സ് സഭകളും തമ്മിലുള്ള എക്യുമെനിക്കൽ ഡയലോഗ് മീറ്റിംഗുകളിൽ സംബന്ധിച്ചു. |
| 13 | 10.30 am | പാലാ സെന്റ് തോമസ് കോളേജ് സ്പോർട്ട്സ് കോംപ്ലക്സിലെ ഓഡിറ്റോറിയത്തിൽ പ്രസ്ബിത്തേരിയത്തിലും എ.ഡി.സി.പി. ജനറൽ ബോഡിയിലും സംബന്ധിച്ചു. |
| | 02.30 pm | നിര്യാതനായ റവ.ഫാ. ജോർജ് വടക്കേലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കടുത്തുരുത്തി താഴത്തുപള്ളിയിൽ കാർമ്മികത്വം വഹിച്ചു. |
| 14 | 9.30-12 noon | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.30 pm | കൊഴുവനാൽ ടൗൺ കപ്പേളയിൽ ജൂബിലിത്തിരുനാളിന് കൊടിയേറ്റുകയും ഇടവക പള്ളിയിൽ സുറിയാനി കുർബാന അർപ്പിക്കുകയും ചെയ്തു. |
| 15 | 09.00 am | വാഴമഠത്തിൽ എസ്.എച്ച്. പാലാ പ്രൊവിൻസിന്റെ ചാപ്റ്ററിൽ സന്ദേശം നൽകി. |
| | 11.30 am | പാലാ ബിഷപ്പ്സ് ഹൗസിൽ ദീപനാളം ജനറൽ ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 03.00 pm | പാലാ ബിഷപ്പ്സ് ഹൗസിൽ കുടുംബകൂട്ടായ്മാ ഭാരവാഹികളുടെ യോഗത്തിൽ പാലാ രൂപതയിലെ കുടുംബങ്ങൾക്കായുള്ള പാലാ രൂപതയുടെ മുഖപത്രമായ 'പാലാ ദൂത്' -ന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചു. |
| | 06.30 pm | എസ്.എം.വൈ.എം. പാലാ രൂപത സംഘടിപ്പിച്ച ഹോളിനൈറ്റ് 2018 പാലാ ബിഷപ്സ് ഹൗസിൽ ഉദ്ഘാടനം ചെയ്ത് ക്രിസ്മസ് സന്ദേശം നൽകി. |
| 16 | 07.30 am | വാക്കാട് പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും പുതിയ കൊടിമരം വെഞ്ചരിക്കുകയും ചെയ്തു. |
| 17 | 11.30 am | പാലാ ബിഷപ്പ്സ് ഹൗസിൽ ബൈബിൾ കൺവെൻഷനോടനുബന്ധിച്ചുള്ള പ്രസ് കോൺഫറൻസിൽ പങ്കെടുത്തു. |
| | 02.45 pm | ഹോം മിഷൻ സിസ്റ്റേഴ്സിനെ ബിഷപ്സ് ഹൗസിൽ സ്വീകരിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ വച്ച് 'യൂ-ട്യൂബ് ഓൺലൈൻ ചാനൽ' സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യാനുള്ള മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 09-11 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | മണിയംകുന്ന് പള്ളിയിൽ പുണ്യശ്ലോകയായ കൊളേത്താമ്മയുടെ ശ്രാദ്ധത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 04.00 pm | രാമപുരം പള്ളിയിൽ മിനി പാരിഷ് ഹാൾ വെഞ്ചരിക്കുകയും ഫൊറോന വികാരി വെരി റവ. ഫാ. ജോർജ് ഞാറക്കുന്നേലിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു. |
| 19 | 10.00 am | 36-ാമത് പാലാ രൂപത ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. |
| | 03.00 pm | പൂവരണി പള്ളിയിൽ റവ. ഫാ. ജോൺ മറ്റമുണ്ടയിലിന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.30 pm | പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |

| | | |
|---|---|---|
| 20 | 10.00 am | ബൈബിൾ കൺവൻഷൻ |
| | 03.00 pm | ചേർപ്പുങ്കൽ ആശുപത്രിയുടെ നിർമ്മാണം വിലയിരുത്തി. |
| | 04.30 pm | കടനാട് ഡോൺബോസ്കോ വൃദ്ധമന്ദിരത്തിൽ ക്രിസ്മസ് മധുരം പങ്കുവച്ചു. |
| 21 | 10.00 am | ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു. |
| | 03.00 pm | മുട്ടുചിറ പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |
| 22 | 11.00 am | ബൈബിൾ കൺവെൻഷനിൽ വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 03.00 pm | ദേവദാസൻ സെന്റർ, ജോതിർഭവൻ എന്നിവിടങ്ങളിൽ ക്രിസ്തുമസ് സന്ദേശം നൽകി. |
| 23 | | ബൈബിൾ കൺവെൻഷൻ സമാപനം |
| 24 | | സന്ദർശകരെ സ്വീകരിച്ചു. |
| | 04.30 pm | മരിയസദനത്തിൽ ക്രിസ്തുമസ് മധുരം പങ്കുവച്ചു. |
| 25 | 12.00 am | ഭദ്രാസന ദൈവാലയത്തിൽ ക്രിസ്തുമസ് തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11.00 am | പാലാ സബ് ജയിലിൽ ക്രിസ്മസ് ആഘോഷത്തിൽ പങ്കുചേർന്നു. |
| | 12.00 noon | മറ്റത്തിപ്പാറ ബ്ലസഡ് കുഞ്ഞച്ചൻ നിരാശ്രയരോഗീപരിപാലനകേന്ദ്രത്തിൽ ക്രിസ്മസ് മധുരം നൽകി. |
| | 05.00 pm | രാമപുരം ബ്ലസഡ് കുഞ്ഞച്ചൻ ഭവനിൽ ക്രിസ്മസ് മധുരം നൽകി. |
| 26 | 09.15 am | വാക്കാട് പള്ളിയിൽ ഡീക്കൻ ജോൺസൺ പാക്കറമ്പേലിന് പുരോഹിതപട്ടം നൽകി. |
| | 03.30 pm | മഞ്ഞാമറ്റം പള്ളിയിൽ റവ.ഫാ. അബ്രാഹം കുപ്പപ്പുഴയ്ക്കലിന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 27 | 02.15 pm | പാലാ കത്തീഡ്രൽ ദൈവാലയത്തിൽ ഡീക്കൻ ജോസഫ് കുറുപ്പശ്ശേരിക്ക് പുരോഹിതപട്ടം നൽകി. |
| | 07.00 pm | പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ ജീസസ് യൂത്ത് കേരളാ കോൺഫറൻസ് ഉദ്ഘാടനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. |

| | | |
|---|---|---|
| 28 | 9-10.30 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | പ്രവിത്താനത്ത് ചന്ദ്രൻകുന്നേൽ കുടുംബയോഗത്തിൽ പങ്കെടുത്തു. |
| | 03.00 pm | ചേർപ്പുങ്കലിൽ നിർമ്മിക്കുന്ന ആശുപത്രിയുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| 29 | 02.15 pm | പാലാ ളാലം പുത്തൻപള്ളിയിൽ ഡീക്കൻ മൈക്കിൾ തോട്ടുങ്കലിന് പുരോഹിതപട്ടം നൽകി. |
| 30 | 04.00 pm | ഇലഞ്ഞിയിൽ റവ.ഫാ. ജെയിംസ് മംഗലത്തിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു. |
| | 06.00 pm | കെ.വി. ജോൺ കക്കാട്ടിലിന്റെ വിവാഹജൂബിലിക്ക് പ്രാർത്ഥന നടത്തി. |
| 31 | 09.15 am | കൂടല്ലൂർ ഇടവകയിൽ ഡീക്കൻ ജയിംസ് പനച്ചിക്കൽ കരോട്ടിന് പുരോഹിതപട്ടം നൽകി. |

# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2018

| | | |
|---|---|---|
| 1 | 10.00 am | സെന്റ് തോമസ് കോളേജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 2 | | ളാലം പഴയപള്ളിയിൽ ഇടയസന്ദർശനം നടത്തി. |
| 3 | 10.00 am | കാക്കനാട്ട് നടന്ന വൊക്കേഷൻ കമ്മീഷന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 4 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 5-6 | | കെ.സി.ബി.സി.യിൽ സംബന്ധിച്ചു. |
| 7 | 10.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | കോട്ടയത്ത് ഡി.സി.എം.എസ്. സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്തു. |
| 08 | 09.30 am | അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് പാലാ ജൂബിലി കപ്പേളയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 09 | 02.30 pm | സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ ക്ലാസെടുത്തു. |
| 10 | 07.00 am | വാഗമൺ ധ്യാനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു. |
| 11 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | ഭരണങ്ങാനത്ത് നടന്ന അധ്യാപക സമ്മേളനത്തിൽ പങ്കെടുത്തു. |
| 12 | 06.15 am | വിവാഹ ഒരുക്ക കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| 13 | 06.00 am | പാലാ ക്രൈസ്റ്റ് ഹാളിൽ വി. കുർബാനയർപ്പിച്ചു. |
| | 10.00 am | ബിഷപ്പ് വയലിൽ ഹാളിൽ നടന്ന വൈദിക സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 01.30 pm | കടുത്തുരുത്തി ഇടവകയിൽ ബഹു. ജി.ടി.വടക്കേല |

| | | |
|---|---|---|
| | | ച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിക്കുകയും തുടർന്നുള്ള ശുശ്രൂഷ കളിൽ പങ്കെടുക്കുകയും ചെയ്തു. |
| 14 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 16 | | ഐങ്കൊമ്പ് ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 18 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | രത്നഗിരി ഇടവകയിൽ അംബികാപൂർ രൂപതാംഗമായ ബഹു. സെബാസ്റ്റ്യൻ കൈതമറ്റം അച്ചന്റെ മൃതസം സ്കാരശുശ്രൂഷകളുടെ അവസാനഭാഗത്ത് കാർമ്മി കത്വം വഹിച്ചു. |
| | 04.00 pm | രാമപുരം പള്ളിയിൽ പുതിയ പാരിഷ് ഹാളിന്റെ വെഞ്ച രിപ്പുകർമ്മത്തിലും ബഹു. ജോർജ് ഞാറക്കുന്നേല ച്ചന്റെ സുവർണ്ണജൂബിലി ആഘോഷത്തിലും പങ്കെടു ത്തു. |
| 19 | 10.00 am | പാലാ ബൈബിൾ കൺവൻഷൻ ഉദ്ഘാടനസമ്മേള നത്തിൽ പങ്കെടുത്തു. |
| | 01.30 pm | പൂവരണി ഇടവകയിൽ ബഹു. ജോൺ മറ്റമുണ്ടയില ച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവ നത്തിൽ കാർമ്മികത്വം വഹിച്ചു. |
| 21 | 11.00 am | ബൈബിൾ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 22 | 06.00 pm | ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി. |
| 23 | 11.00 am | ബൈബിൾ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 26 | 10.00 am | മഞ്ഞാമറ്റം ഇടവകയിൽ ബഹു. അബ്രാഹം കുപ്പപ്പുഴ യ്ക്കലച്ചന്റെ മാതാവിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.15 pm | മുട്ടുചിറ ഇടവകയിൽ ഡീക്കൻ ജോർജ് മുരിക്കൻ എം.എസ്.ടി. യ്ക്ക് തിരുപ്പട്ടം നൽകി. |
| | 06.00 pm | കുറവിലങ്ങാട് ഇടവകയിൽ ബഹു. മാത്യു പുതിയി ടത്ത് അച്ചന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. |
| | | |

| | | |
|---|---|---|
| 27 | 09.15 am | മേലുകാവുമറ്റം ഇടവകയിൽ ഡീ. ജോർജ് ഈറ്റയ്ക്കക്കുന്നേലിന് തിരുപ്പട്ടം നൽകി. |
| 28 | 03.00 pm | ഡി.സി.എം.എസ്. ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.30 pm | ജീസസ് യൂത്ത് സമ്മേളനത്തിൽ സന്ദേശം നൽകി. |
| 29 | 09.15 am | നീലൂർ ഇടവകയിൽ പേണ്ടാനത്ത് ഭവനത്തിലെ ജോസഫ്, സെബാസ്റ്റ്യൻ എന്നീ ഡീക്കന്മാർക്ക് തിരുപ്പട്ടം നൽകി. |
| 30 | 09.15 am | മൈലക്കൊമ്പ് ഇടവകയിൽ ഡീ. ഷാൻ കുന്നുംപുറം സി.എം.ഐ.യ്ക്ക് തിരുപ്പട്ടം നൽകി. |
| | 03.00 pm | ഇലഞ്ഞി ഇടവകയിൽ ബഹു. ജെയിംസ് മംഗലത്തിലച്ചന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ വചന സന്ദേശം നൽകി. |
| | 04.00 pm | മലപ്പുറം ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 31 | 09.15 am | തുരുത്തിപ്പള്ളി ഇടവകയിൽ ഡീ. ജോൺ കുഴിത്തൊട്ടിയിൽ എസ്.ഡി.ബി.യ്ക്ക് തിരുപ്പട്ടം നൽകി. |
| | 11.00 am | മാനത്തൂർ ഇടവകയിൽ ആശീർവാദകർമ്മം നൽകി. |



# Bishop's Engagements

## Mar Joseph Kallarangatt

### JANUARY 2019

| | | | |
|---|---|---|---|
| 01 | Tue | 09.15 am | Maniamkulam : Ordination of Dn. Francis Mattel |
| 02 | Wed | 09.15 am | Ramapuram : Ordination of Dn. Stephen Thyramcheril (Norbertine) |
| 03 | Thu | 09.15 am | Kuravilangadu : Ordination of Dns. Sebastian Chamakalayil & John Koottarappallil |
| **04** | **Fri** | **10-12 noon** | **Visiting Time** |
| | | 05.00 pm | Blessing Ceremony at Chempilavu Church |
| 05 | Sat | 09.15 am | Kulamavu : Ordination of Dn. Joseph Kaitholil |
| 06 | Sun | 05.00 pm | Pala Cathedral : Holy Qurbana |
| 7-12 | | | Kakkanadu : Syro-Malabar Synod |
| 13 | Sun | 02.00 pm | Ramapuram: Qudasha of Forane Church |
| 14-19 | | | Kakkanadu : Syro-Malabar Synod |
| 20-24 | | | Banglore : Theology Meeting with representatives from Rome |
| 25 | Fri | 10.00 am | Charalkunnu : Interchurch council |
| | | 04.30 pm | Karoor : Sacerdotal Golden Jubilee of Fr. Joseph Kochuparampil |
| 26 | Sat | 09.15 am | Ramapuram : Ordination of Dn. George Pympillil |

| | | | |
|---|---|---|---|
| | | 11.45 am | Inaguration of Mangalavartha Koottayma |
| | | 02.30 pm | Anniversary- Viswasaparisheelanakendram |
| 27 | Sun | | Kuravilangadu : Visit of the Major Archbishop |
| | | 05.00 pm | Teekoy : Sacerdotal Golden Jubilee of Very Rev. Fr. Jospeh Kizhakkekara |
| 28 | Mon | 10.00 am | Lalam : Anniversary of St. Mary's HSS |
| | | 03.00 pm | Pala Caritas Education Help Distribution |
| | | 05.00 pm | Cherpunkal : Blessing |
| 29 | Tue | | Vadavathoor : Seminary Commission |
| 30 | Wed | 03.30 pm | Bharananganam : A Blessing |
| 31 | Thu | 07.00 am | Moozhoor : Holy Qurbana & Inaguration of Jubilee |
| | | 02.30 pm | Ramapuram : Jubilee St. Augustine HSS |



## Auxiliary Bishop's Engagements

# Mar Jacob Muricken

## JANUARY 2019

| | | | |
|---|---|---|---|
| 01 | Tue | 09.15 am | Muttuchira : Ordination, Dn. Mathew Vazhaparambil (Norbertine) |
| 02 | Wed | 09.15 am | Kuruvinal : Ordination, Dn. Mathew Valayampallil |
| 03 | Thu | 09.15 am | Chemmalamattom : Ordination, Dn. George Paradiyil CST |
| | | 04.30 pm | Josegiri : Holy Qurbana |
| **04** | **Fri** | **10-12.30 pm** | **Visiting Time** |
| 05 | Sat | 06.15 am | Pastoral Institute : Holy Qurbana |
| | | 10.00 am | Cherpunkal : Blessing |
| | | 12.00 noon | Kozhuvanal : Blessing |
| | | 02.00 pm | Mar Sleeva Nursing College : Convocation |
| 06 | Sun | 10.00 am | Cathedral : Raza Qurbana |
| 07-18 | | | Syro Malabar Synod |
| 13 | Sun | 02.00 pm | Ramapuram : Qudasha |
| 19 | Sat | 04.00 pm | Kurinji : Holy Qurbana |
| 20 | Sun | 03.00 pm | SB College : Meeting |
| 21 | Mon | 09.15 am | Mannar : Ordination, Dn. John Panackal SJ |

| | | | |
|---|---|---|---|
| | | 04.30 pm | Cathedral: Blessing |
| | | 05.30 pm | Bharananganam |
| 22 | Tue | 10-12.30 pm | Visiting Time |
| 23-24 | | | Engaged |
| 25 | Fri | 10-12.30 pm | Visiting Time |
| | | 05.00 pm | Karror : Jubilee Fr. Kochuparambil |
| 26 | Sat | 11.00 am | Kuravilangadu : Blessing |
| | | 03.00 pm | B.Ed. College : Meeting |
| 27 | Sun | 06.30 am | FCC Aruvithura : Holy Qurbana |
| | | 12.15 pm | Vazhakulam : Blessing |
| | | 02.30 pm | Ratnagiri : SMYM Meeting |
| 29 | Tue | 10-12.30 pm | Visiting Time |
| 30 | Wed | 10.00 am | Kakkanadu : Meeting |
| 31 | Thu | 04.30 pm | Mundankal : Holy Qurbana |
| | | **FEBRUARY 2019** | |
| 01 | Fri | 06.00 am | Athirampuzha : Holy Qurbana |
| 02 | Mon | 10.15 am | St. Thomas College : Meeting |
| 03 | Sun | 10.30 am | Murickassery : Meeting |
| 04 | Mon | | Engaged |
| 05-06 | | | Mavelikara : Regional Bishop's Retreat |



ഓർത്തഡോക്സ് സഭയും
കത്തോലിക്കാസഭയും
തമ്മിൽ നടന്ന എക്യുമെനിക്കൽ
ഡയലോഗ് സമ്മേളനം
മാങ്ങാനം – വടവാതൂർ
സ്പിരിച്ച്വാലിറ്റി സെന്ററിൽ



യാക്കോബായസഭയും
കത്തോലിക്കാസഭയും
തമ്മിൽ നടന്ന എക്യുമെനിക്കൽ
ഡയലോഗ് സമ്മേളനം
മാങ്ങാനം – വടവാതൂർ
സ്പിരിച്ച്വാലിറ്റി സെന്ററിൽ



മാതൃവേദി
ജോയിന്റ്
ഡയറക്ടേഴ്സ്
മീറ്റ്



ദീപിക
ഫ്രണ്ട്സ് ക്ലബ്
പാലാ രൂപത
നേതൃസമ്മേളനവും
സാഹിത്യവേദി
ഉദ്ഘാടനവും

2019
JANUARY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN





36 –ാമത്
ബൈബിൾ കൺവൻഷൻ
ദൃശ്യങ്ങൾ









എസ്. എം. വൈ. എം. സംഘടിപ്പിച്ച ഹോളിനൈറ്റ് ബിഷപ്സ് ഹൗസിൽനിന്ന് ആരംഭിക്കുന്നു.



സബി ജെയിൽ, പാലാ



ബിഷപ്സ് ഹൗസ്

ക്രിസ്തുമസ് ആഘോഷങ്ങൾ 2018

Printed at St. Thomas Press, Palai and Published by Fr. Thomas Thayyil